# ലോകവാണി

LOKAVANI ★ ★ ★ MADRAS



# അടുത്ത ലക്കത്തിൽ

1. നോവൽ. — ശ്രീ. പി. കേശവമേനോൻ. എം. എ. എം.എസ്. സി

2. വിരഹത്തിൽ (കവിത) — ശ്രീ. ആർ. രാമചന്ദ്രൻ.

3. ഷട്ദർശനങ്ങളെപ്പററി ജവഹർലാൽ — ശ്രീ. പി. എൻ. മൂസത്. ബി. എ. എൽ. ററി.

4. ജീവചരിത്രസരണി. മേരിപിക്ക്ഫോർഡ് — ശ്രീ. കെ. എം. ജോർജ്ജ്.

5. ചെറുകഥ. — ശ്രീ. കാത്രർ നീലകണ്ഠപ്പിള്ള.

പതിവുപോലെയുള്ള പംക്തികളും മററു ഗദ്യ പദ്യലേഖനങ്ങളും ഉണ്ടായിരിക്കും.

# ലോകവാണി

## ഉള്ളടക്കം

മുഖചിത്രം : ശ്രീമതി എം. വി. രാജമ്മ.


| | | | |
|---|---|---|---|
| 1. | പുതിയ തിരുവിതാംകൂർ | : | ഡാക്ടർ പി. സി. അലക്സാണ്ടർ. |
| 2. | അച്ഛനും മകനും (കവിത) | : | തൈക്കാട്ട ചന്ദ്രശേഖരൻ നായർ. |
| 3. | നടപ്പുവൈദ്യൻ | : | വിദ്വാൻ പി. ആർ. വാരിയർ. |
| 4. | ശാസ്ത്രഗതി | : | എസ്സ്. പരമേശ്വരൻ. |
| 5. | ചില തെററിദ്ധാരണകൾ | : | ജെ. മാത്യൂസ്. |
| 6. | ശീട്ടുകളി (കവിത) | : | ഓ. എം. അനുജൻ. |
| 7. | നാട്ടിൽച്ചെന്നപ്പോൾ (ചെറുകഥ) | : | പി. എം. വാരിയർ. |
| 8. | താടിക്കരം | : | ശങ്കുവോ കുഞ്ചുവോ. |
| 9. | എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം | : | കെ. ആർ. ചന്ദ്രശേഖരൻ എം. എ., എം. ലിററ്. |
| 10. | മായാത്ത ചിത്രം (കവിത) | : | കെ. ആർ. രാമകൃഷ്ണൻ. |
| 11. | കഷായം | : | വാഗ്ഭടൻ. |
| 12. | കർഷകൻെറ കൈകൾ (കവിത) | : | കെ. പി. ബി. പാട്ട്യം. |
| 13. | വായനക്കാർ ലോകവാണിയിൽ. | | |



National Book Stall,
KALARIKAL BAZAAR,
KOTTAYAM.

**THE TRAVANCORE FORWARD BANK LTD.**

Incorporated In Travancore, 1929.

*(Liability of Members Limited)*

A SCHEDULED BANK

HEAD OFFICE : KOTTAYAM.

Branches and Agencies at all Important Centres in India.

| | | |
|---|---|---|
| Authorised Capital | ... | Rs. 50,00,000 |
| Issued and Subscribed Capital | ... | Rs. 25,00,000 |
| Paid-up Capital and Reserves | ... | Rs. 17,26,000 |

FIXED DEPOSITS RECEIVED AND
3 YEAR CASH CERTIFICATES
ISSUED ON VERY FAVOURABLE TERMS

All Kinds of Banking Business Transacted

*Madras Branch :*

14-A, STRINGER ST., "Loane Square", BROADWAY.

Telephone No. "2725".

C. M. CHERIAN, M.A.,

*Secretary.*

---

# ലോകവാണി

( ഒരു പ്രതിപക്ഷപത്രിക )

മാസന്തോറും 1, 15 എന്നീ തീയതികളിൽ
പ്രസിദ്ധപ്പെടുത്തുന്നതാണു്.

കേരളത്തിലെ പേരുകേട്ട എല്ലാസാഹിത്യകാരന്മാരും ലോകവാണി
യിൽ എഴുതുന്നുണ്ടു്.

ഒററ പ്രതി 4 ണ. വരിസംഖ്യ ഒരു വർഷത്തേക്കു 6 ക.

കേരളത്തിനുള്ളിലും വെളിയിലും ഏജൻറന്മാരെ ആവശ്യമുണ്ടു്.

വ്യവസ്ഥകൾക്കു് ഉടനേ എഴുതുക :

*The Manager,*
**Lokavani Office,**
**TAMBARAM.**

# ലോകവാണി

വാല്യം 1 15-6-1948 ലക്കം 7

# കേരളൈക്യം

## II

കഴിഞ്ഞ ലക്കത്തിൽ, മലബാർ തന്നേ ഒരു പ്രത്യേക സംസ്ഥാനമായിത്തീരുന്നതു ആശാസ്യമോ അല്ലയോ എന്ന ചോദ്യത്തെക്കുറിച്ചാണല്ലോ പ്രധാനമായി പ്രതിപാദിച്ചതു്. ഏതായാലും ഐക്യകേരളം സാധിതപ്രായമാകണമെങ്കിൽ, മലബാർ ഇപ്പോഴുള്ള കെട്ടുപാടുകളിൽനിന്നും വേർപെടാതെ നിവൃത്തിയില്ല. അതു ഐക്യകേരള സംസ്ഥാപനത്തിനു അല്പം മുമ്പു സാധിക്കുന്നുവോ, അതോ രണ്ടും ഒരേ സമയത്തു നടക്കുന്നുവോ എന്ന ചോദ്യത്തിനു് അതിൽ കവിഞ്ഞ പ്രാധാന്യം കൊടുക്കേണ്ടതില്ല. പ്രധാനമായ പ്രശ്നം കേരളം ഒരു സംസ്ഥാനമായി രൂപവൽക്കരിക്കുകയെന്നതാണു്. അതിനു വേണ്ടിയുള്ള കാര്യപരിപാടികൾ ഊർജ്ജിതമായി ഉടൻ തുടങ്ങുന്ന പക്ഷം, മലബാർ സംസ്ഥാന പ്രശ്നമേ ആവിർഭവിക്കുന്നതല്ല. ഐക്യകേരള രൂപവൽക്കരണത്തിനു പ്രതിബന്ധമായി നില്ക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്നു പരിശോധിക്കാം.

ഇന്ത്യൻ യൂനിയന്റെ ഭരണഘടനാ നിർമ്മാണ സമിതി പ്രവിശ്യകൾക്കുള്ള അധികാരങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും നിയമാവലി ഉണ്ടാക്കിവരുന്നതേയുള്ളു. ഈദൃശ സംരംഭങ്ങൾ കൊച്ചിയിലും, തിരുവിതാംകൂറിലും നടക്കുന്നുണ്ടു്. എങ്കിലും ഇവ തമ്മിൽ ഗണ്യമായ ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കാൻ ഇടയുണ്ടു്. അതിൽ ഒന്നു രാജവാഴ്ചയേ സംബന്ധിക്കുന്നതാണു്. തിരുവിതാംകൂറും കൊച്ചിയും രാജാവിന്റെ പരമാധികാരത്തിനു വിധേയമായ ഉത്തരവാദഭരണത്തിലാണു ഇപ്പോൾ ദൃഷ്ടി ഉറപ്പിച്ചിട്ടുള്ളതു്. ജനകീയ റിപ്പബ്ളിക്കും രാജവാഴ്ചയും തമ്മിലുള്ള പൊരുത്തമില്ലായ്മ, കേരളൈക്യത്തിനു മുമ്പിൽ തുറിച്ചുനോക്കുന്ന ഒരു പ്രശ്നം തന്നെയാണു്. ഇതിനു ഒരു പരിഹാരമായിട്ടാണു ഒരു സബ്ബ് ഫെഡറേഷൻ മാത്രമേ ഇപ്പോൾ പ്രായോഗികമാകയുള്ളു എന്ന ആശയം ചിലർ ഉന്നയിക്കുന്നതു്. സബ്ബ് ഫെഡറേഷൻ രൂപവൽക്കരിച്ചാൽ, ഇപ്പോഴുള്ളതിൽ കൂട

തൽ ഐക്യവും സഹകരണവും ഈ മൂന്നു ഭാഗങ്ങളും തമ്മിൽ ഉണ്ടാകുമെങ്കിലും, അതു ഐക്യകേരളാദർശത്തിനു വളരെ പിന്നിൽ മാത്രമേ നില്ക്കയുള്ളു. രാജവാഴ്ചയേ നിലനിത്തിക്കൊണ്ടുപോകുന്നതിന്നായി മാത്രം ഇപ്രകാരമൊരു കൃത്രിമ ബന്ധം സൃഷ്ടിക്കുന്നതു ആ'ശാസ്യമായിരിക്കുമോ എന്നാണു ആലോചിക്കേണ്ടതു്. പൊതുജനങ്ങളുടെ നന്മയ്ക്കു വേണ്ടി രാജാധികാരം ഉപേക്ഷിക്കുന്നതിനു ഇന്ത്യയിലേ പല രാജാക്കന്മാരും തയ്യാറായിരുന്നു എന്നു നാം അനുഭവം കൊണ്ടു് അറിയുന്നു. ആ സ്ഥിതിക്കു രാജവാഴ്ച പ്രശ്നം കേരളം ഒന്നാകുന്നതിനു ബാധകമായി നില്ക്കുന്ന ഒരു വലിയ ശക്തി ആയിരിക്കയില്ല.

മറെറാരു പ്രശ്നം ഉണ്ടായിരിക്കുന്നതു് ഭാഷയും, ഭൂമിശാസ്ത്രവുമായുള്ള പൊരുത്തക്കേടിൽ നിന്നാണു്. തെക്കൻ തിരുവിതാംകൂറിലേ തമിഴരേ, മലയും കടലും മലയാളികളോടു ചേത്തു നിത്തിയിരിക്കയാണു്. പക്ഷേ അവരുടെ മാതൃഭാഷ തമിഴാണു്. അതുകൊണ്ടു അവർ തമിഴ് സംസ്ഥാനത്തിലേക്കു വേർപെട്ടു പോകണമെന്നു വാദിക്കുന്നു. അങ്ങനെ വരുമ്പോൾ തിരുവിതാംകൂറിലെ നാലു താലൂക്കുകൾ മദ്രാസ് പ്രവിശ്യയിൽ ലയിപ്പിക്കേണ്ടതായി വരും. ന്യൂനപക്ഷത്തിനു വേണ്ടത്ര സ്ഥാനമുണ്ടാകയില്ലെന്നുള്ള ഭയമാണു തെക്കൻ തിരുവിതാംകൂറിലെ തമിഴരെ വിഷമിപ്പിക്കുന്നതു്. ഇതുപോലെ തമിഴരുടെ ഇടയ്ക്കു തെലുങ്കരും, തെലുങ്കരുടെ മദ്ധ്യത്തിൽ കന്നടക്കാരും ന്യൂനപക്ഷമായി ചില സ്ഥലങ്ങളിൽ കാണാനുണ്ടു്. ഇതിനേക്കുറിച്ചുള്ള ഇന്ത്യാ ഗവണ്മെൻറു ഒരു പൊതു തീരുമാനം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഒന്നുകിൽ ഖണ്ഡിച്ചു കാര്യം ശരിയാക്കുക അല്ലെങ്കിൽ ന്യൂനപക്ഷത്തിൻെറ അവകാശങ്ങളേ സംരക്ഷിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്ക — ഇതിനേക്കുറിച്ചു യോഗ്യമായ തീരുമാനം ചെയ്യുന്നതിനു മദ്രാസു പ്രോവിൻസുകാർ മാത്രം വിചാരിച്ചാൽ സാധിക്കയില്ല.

"ഈ കൂട്ടുകച്ചവടത്തിൽ എല്ലാവരും തുല്യാവകാശികളാണെങ്കിൽ കൂടുതൽ മുതലു മുടക്കുന്നവനു ക്ഷീണമല്ലേ?" എന്ന ചോദ്യമാണു ചില തിരുവിതാംകൂറുകാർ ചോദിക്കുന്നതു്. മുതലെടുപ്പു്, വ്യവസായം ആദിയായ കാര്യങ്ങളിൽ തിരുവിതാംകൂർ മററു രണ്ടു വിഭാഗങ്ങളേയും അതിശയിക്കുന്നുണ്ടു്. വിദ്യാഭ്യാസം, മുതലെടുപ്പു എന്നിവയിൽ കൊച്ചി മലബാറിനേക്കാൾ വളരെ ഉയന്നു നിലയിലാണു ഇരിക്കുന്നതു്. ഇങ്ങനെയുള്ള ചിന്താഗതികൾ, സഹോദരിമാർ തമ്മിലുള്ള സൗന്ദര്യപ്പിണക്കം പോലെ സങ്കുചിതമാണെന്നു പറയാതെ തരമില്ല. കൊച്ചിക്കു വിദ്യാഭ്യാസ ശ്രേഷ്ഠതയുണ്ടെങ്കിൽ, കിടന്നുറങ്ങാൻ ഇടമില്ല. അതിനു മലബാറിനെ ആശ്രയിക്കേണ്ടിവരും. യോജിപ്പുണ്ടെങ്കിൽ ഒരിടത്തെ കുറവു മററൊരിടത്തു നികത്താൻ പ്രയാസമില്ല. അല്ലെങ്കിൽ വേറെ വേറെ അകന്നു നിന്നു്, യോജിപ്പുള്ള മററു രാഷ്ട്രങ്ങളുമായുള്ള മത്സരത്തിൽ ക്രമേണ നശിക്കുകയല്ലാതെ ഗത്യന്തരമില്ല.

കേരളം ഒന്നായിത്തീന്നാൽ അഭികാമ്യമായ പുരോഗതി ഉണ്ടാകുമെന്നു പറയുന്നതു ശരിയാണു്. എന്നാൽ കേരളം തുണ്ടു തുണ്ടായി കിടന്നാൽ നശിക്കുകയല്ലാതെ മാർഗ്ഗമില്ല എന്നു പറയുന്നതു കുറെക്കൂടെ ശരിയാണു്.

കാരണം ചുററുപാടുമുള്ള സ്ഥിതിഗതികഠം അതിശീഘ്രം മാറിക്കൊണ്ടിരിക്കയാണ്. പണ്ടത്തേതുപോലെയല്ല ഇനി കാര്യങ്ങഠം പുരോഗമിക്കാൻ പോകുന്നതു്. വിദ്യാഭ്യാസ സൌകര്യങ്ങഠം തന്നെ ഒരു ഉദാഹരണമായെടുക്കാം. സാങ്കേതികവിദ്യാലയങ്ങളിലും, മററു കോളേജുകളിലും അഭ്യസനം നടത്തുന്നതിനായി ആയിരക്കണക്കിനു മലയാളികളാണു വഷംതോറും കേരളത്തിനു വെളിയിൽ പോകുന്നതു്. കേരളത്തിൽ അതിനുള്ള സൗകര്യം ഇല്ലാഞ്ഞിട്ടാണു ഇങ്ങനെ സംഭവിക്കുന്നതു്. അഞ്ചുവഷത്തിനുള്ളിൽ, അഭ്യസനഭാഷ അതാതു ദേശത്തെ ഭാഷ ആയിത്തീരുന്നതാണ്. അപ്പോഠം മലയാളിക്കു കേരളം തന്നെയാകും ശരണം. തിരുവിതാംക്കൂറിന് അഭിമാനിക്കാൻ ഒരു സവ്വകലാശാല ഉണ്ടെങ്കിലും അവിടെയും ഒരു മെഡിക്കൽ കോളേജ് ഇല്ല. കേരളത്തിനു മൊത്തത്തിൽ നല്ലതോതിൽ നടത്തപ്പെടുന്ന ജരു മെഡിക്കൽ കോളേജും, ഒരു എൻജിനീയറിംഗ്ഗ കോളേജും മാത്രമേ ആവശ്യമുള്ളു. അതു ഒരു വിഭാഗക്കാർ തന്നെ നടത്താൻ ശ്രമിക്കുന്നതു വേണ്ടത്ര വിജയപൂണ്ണമാകുന്നതല്ല. കേരളം ഒന്നാകുമ്പോഠം, അതിനു ഒന്നാംതരം ഒരു സവ്വകലാശാലയുണ്ടാകും. ഇപ്പോഠംതന്നെ വേണ്ട ക്രമീകരണങ്ങഠം നടത്തുന്ന പക്ഷം, വിദ്യാഭ്യാസവിഷയത്തിൽ നമുക്കുള്ള അസൂയാഹ്മായനില പരിപാലിച്ചുകൊണ്ടു പോകാൻ സാധിക്കുന്നതാണ്. സ്വാതന്ത്ര്യത്തിൻ്റെ കെട്ടുകഠം മുറുക്കിപ്പിടിച്ചു ശ്വാസം മുട്ടി ജീവിച്ചതുകൊണ്ടോ, കഷ്ടം കടിച്ചു കഴിഞ്ഞുകൂടിയതു കൊണ്ടോ എന്താണു പ്രയോജനമെന്നു മനസ്സിലാകുന്നില്ല. മലയാളികഠംക്കു ഒന്നായിട്ടു മാത്രമേ ഉയരുന്നതിനു സാധിക്കയുള്ളു. അതിന്നുള്ള ആദ്യത്തെ പടി — അത്യന്താപേക്ഷിതമായ അടിസ്ഥാനം, കേരളസംസ്ഥാന രൂപവൽകരണമാണ്.

നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മയും, ദാരിദ്ര്യവും ഇല്ലാതാകണമെങ്കിൽ, ഒന്നാംതരം വ്യവസായങ്ങഠം ആരംഭിക്കുകയും, ഇന്നു ചന്നിച്ചിതറിക്കിടക്കുന്ന പല തരം വ്യവസായങ്ങഠം സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. കേരളത്തിലെ ഗതാഗതമാഗ്ഗങ്ങഠം തീരെ അപരിഷ്കൃതങ്ങളും അപയ്യാപ്തങ്ങളുമാണ്. കോഴിക്കോട്ടുള്ള ഒരു പത്രം തിരുവനന്തപുരത്തു ചെന്നെത്തണമെങ്കിൽ കൃത്യം മൂന്നു ദിവസം വേണം. അതിനാൽ നാം തമ്മിൽ അടുത്താണെങ്കിലും വളരെ അകലെയാണ്. ഇക്കാരണങ്ങളാലാണ് ഭാഷയിൽ തന്നേ ദേശീയ വൈകൃതങ്ങളും പ്രത്യേകതകളും അധികമായി കാണുന്നതു്. ഇതുപോലുള്ള ന്യൂനതകഠം പരിഹരിക്കണമെങ്കിൽ ഐക്യകേരളസൃഷ്ടിയല്ലാതെ മററു മാഗ്ഗമില്ല. പ്രകൃതിദത്തമായ സൗന്ദര്യം തുളുമ്പുന്ന ഈ രാജ്യം, ബുദ്ധിയും സംസ്കാരവുമുള്ള ജനങ്ങഠം അധിവസിക്കുന്ന ഈ രാജ്യം, മുറിഞ്ഞു മൂന്നു ഖണ്ഡമായി കിടക്കുകയോ! വഗ്ഗീയ വിദ്വേഷത്തിൻെറയും, സ്ഥാപിത താല്പര്യങ്ങളുടെയും വേരറുത്തു, സ്വാത്ഥപരവും സങ്കുചിതവുമായുള്ള ലക്ഷ്യങ്ങളെ പുറത്തെറിഞ്ഞു — സമത്വ സുന്ദരവും ഐക്യബോധസമൃൽഭൂതവും ആയ ഒരു പുതിയ കേരളത്തെ നാം സ്വാഗതം ചെയ്യുക — അതിന്നായി നാം ഉററു ശ്രമിക്കുക. വിജയം നമ്മെ കൈവരിക്കും. നിശ്ചയം

# ജ്ഞാനസൗന്ദരി

(ശങ്ക)

## പഴയ കരുവിൽ വാർത്ത ഒരു പുതിയ കലാസൃഷ്ടി

'കഥ എന്തെങ്കിലുമാകട്ടെ, പത്തിരുപതു പാട്ടുകളും അഞ്ചാറുനൃത്ത പ്രകടനങ്ങളും ചേർത്തെങ്കിൽ മാത്രമേ മുടക്കിയ മുതൽ കിട്ടുകയുള്ളൂ' എന്ന ദൃഢവിശ്വാസത്തിൽ, കഥയുടെ പുരോഗമനവുമായി വേണ്ടത്ര ബന്ധമില്ലാത്ത പലതും വെച്ചു പിടിപ്പിച്ചു കലാസൃഷ്ടി എന്ന പേരിൽ പുറത്തിറക്കുന്ന സമ്പ്രദായമാണ് തമിഴ് സിനിമയിൽ ഇതുവരെ കണ്ടിരുന്നത്. കലാനിരൂപകന്മാരുടെ അഭിപ്രായം എന്തെങ്കിലുമായിക്കൊള്ളട്ടെ, കാശു കിട്ടണമെങ്കിൽ തമിഴിൽ ഒരു പടം ഇറക്കിയാൽ മതി എന്നു വ്യവസായ വിദഗ്ധന്മാർക്ക നല്ലവണ്ണം അറിയാം. ഈ ദുഷിച്ച പാരമ്പര്യത്തിൽ നിന്നു തമിഴ് സിനിമാലോകം ഇന്നും അധികം പുരോഗമിച്ചിട്ടില്ല. തമിഴിൽ ഇയ്യിടെ പ്രസാധനം ചെയ്യപ്പെട്ട രണ്ടു പ്രസിദ്ധ ചിത്രങ്ങളാണ് ചന്ദ്രലേഖയും, ജ്ഞാനസൗന്ദരിയും. പരസ്യപ്പണിയുടെ പകിട്ടുകൊണ്ടും, മുമ്പില്ലാത്ത ചില രംഗസംവിധാനം കൊണ്ടും ചന്ദ്രലേഖ സാധാരണ ജനങ്ങളുടെ ഇടയിൽ ഒരു പേരെടുത്തു കഴിഞ്ഞുവെങ്കിലും, യഥാർത്ഥ കലാപ്രേമികൾ അതിനേക്കുറിച്ചു വളരെയൊന്നും പുകഴ്ത്തിപ്പറയാനില്ല. അതിലെ കഥയുടെ ഒരു പ്രധാന ഭാഗം സർക്കസ്സ് കമ്പനിക്കാക്കു് തീറെഴുതിക്കൊടുത്തിരിക്കുന്നതു കാണികളിൽ അത്ഭുത വികാരം ജനിപ്പിക്കുന്നതിനു മാത്രമാണ്. ചന്ദ്രലേഖ കണ്ടശേഷം ജ്ഞാനസൗന്ദരി കണ്ടപ്പോൾ, സർക്കസുകൊട്ടകയിൽ നിന്നും ക്രിസ്തീയ ദേവാലയത്തിൻെറ പരിശുദ്ധമായ പരിസരങ്ങളിൽ ചെന്നുചേന്ന ഒരു പ്രതീതിയാണു എനിക്കുണ്ടായതു്.

ക്രിസ്തുമത ചൈതന്യം ആദ്യന്തം സ്ഫുരിക്കുന്ന ഒരു പഴയ കഥയാണു 'ജ്ഞാനസൗന്ദരി'. നായികയായ ജ്ഞാനസൗന്ദരി, ചിററമ്മയുടെ അക്രമപ്രവർത്തനങ്ങൾക്കു വിധേയയായ ഒരു അനാഥ രാജകുമാരിയാണു്. രാജാവായ പിതാവിൻെറ അസാന്നിദ്ധ്യത്തിൽ അവൾ അനുഭവിക്കുന്ന കഷ്ടതകൾ മർമ്മഭേദകങ്ങളാണ്. ഒടുവിൽ രണ്ടു കൈകളും ഛേദിക്കപ്പെട്ടവളായി അവൾ കാട്ടിൽ ഉപേക്ഷിക്കപ്പെടുന്നു. അപ്പോഴാണു ഒരു സുഭഗനായ രാജകുമാരൻ (നായകൻ) അവിടെ എത്തുന്നതും അവളേ ശുശ്രൂഷിക്കുന്നതിൽ ഔത്സുക്യം പ്രദർശിപ്പിക്കുന്നതും. കാട്ടിലെ താല്ക്കാലിക വസതിയിൽ ജ്ഞാനസൗന്ദരി

യെ കൊണ്ടുപോയി രാജകുമാരൻ സ്നേഹമസൃണമായ പരിചരണങ്ങൾ മൂലം സന്തോഷിപ്പിക്കുന്നു. ചുരുക്കത്തിൽ ആ രോഗിണി ഒരു രാഗിണിയായി പരിവത്തനം ചെയ്യുന്നു. അകമഴിഞ്ഞ നന്ദിയം, അനുരാഗവും നായികയുടെ നോക്കിലും വാക്കിലും കൂടെ ഓളം വെട്ടിയൊഴുകുന്ന ആ രംഗം അത്യന്തം ഹൃദയാവജ്ജകമത്രെ.

അധികം താമസിയാതെ ഇവർ രണ്ടുപേരും രാജകുമാരൻെറ കൊട്ടാരത്തിൽ പോകുന്നു. രാജാവും, രാജ്ഞിയും ആദ്യം കുറച്ച് വിപ്രതിപത്തി കാണിക്കുന്നുവെങ്കിലും, ഒടുവിൽ അവരുടെ സമ്മതത്തോടുകൂടി ഇവർ വിവാഹിതരാകുന്നു. ജ്ഞാനസൗന്ദരി ഗർഭിണിയായപ്പോൾ, നായകന് യുദ്ധസംബന്ധമായി സ്ഥലം വിടേണ്ടതായിവരുന്നു. അദ്ദേഹം ചെന്നുചേന്നത് ജ്ഞാനസൗന്ദരിയുടെ കൊട്ടാരത്തിലാണെങ്കിലും യഥാത്ഥബന്ധങ്ങളൊന്നും ആരും അറിയുന്നില്ല. അതു മൂലം ആ ചിററമ്മയ്ക്കു വഞ്ചന ചെയ്യുന്നതിനു ഒരു സന്ദർഭം കൂടെ ലഭിക്കുന്നു. അങ്ങനെ രാജകുമാരൻേറതായി അയക്കപ്പെട്ട വ്യാജകത്തിൻപ്രകാരം ജ്ഞാനസൗന്ദരിയും ഇരട്ടക്കുട്ടികളും വനമദ്ധ്യത്തിൽ ബഹിഷ്കൃതരാകുന്നു. ഈ ഘട്ടമാണു കഥയുടെ മൂർദ്ധന്യം. ക്രിസ്തുവിലും ദേവമാതാവിലും അചഞ്ചലവിശ്വാസമുള്ള നായിക സകലവും അവരിൽ സമപ്പിച്ചു. ദേവമാതാവിൻെറ ദിവ്യദശ്നം ഉണ്ടാകുന്ന ആ ഘട്ടം —ശബ്ദവും പ്രകാശവും അത്യത്ഭുതകരമായി സമ്മേളിച്ചിരിക്കുന്ന ആ ഘട്ടം — സ്തോഭത്തിൻെറ പരമകാഷ്ഠയിൽ എത്തിച്ചേരുന്ന ആ സന്ദർഭത്തിൽ സീററിൽ നിന്നും ഇളകാത്ത ഒരു വ്യക്തി ഉണ്ടെങ്കിൽ അയാൾ കല്ലോ മരമോ ആയിരിക്കും. ക്രമേണ കായ്യങ്ങളെല്ലാം കലങ്ങിത്തെളിയുകയും രണ്ടു കൈകളും അത്ഭുതകരമായി ലഭിച്ച നായികയോടു നായകൻ ചേരുകയും ചെയ്യുന്നു.

കഥാഘടനയിൽ നേരിട്ടു വരാത്ത ചില രംഗങ്ങൾ കാണിച്ചു കാണികളെ സന്തോഷിപ്പിക്കുന്നതിനു സാധാരണ ചെയ്തു വരുന്ന ഒരു വിദ്യയാണു ഒരു കഥാപാത്രത്തെ ഉറക്കിയിട്ടു സ്വപ്നം കാണിക്കുകയെന്നുള്ളത്. സ്വപ്നം ഇന്നതേ കാണാവൂ എന്നു നിർബ്ബന്ധമില്ലാത്തതിനാൽ, ഡയറക്ടർക്കു അതു സൗകയ്യവുമാകും. പലപ്പോഴും ഈ വിദ്യ അധ:പതിച്ചുപോകുന്നതായിക്കാണാം. എന്നാൽ ജ്ഞാനസൗന്ദരിയുടെ വിജയത്തിനു ഒരു പ്രധാനഹേതു അതിലേ മൂന്നു സ്വപ്നങ്ങളാണെന്നാണ് എൻെറ അഭിപ്രായം. വനത്തിൽവച്ചു നായികയുടെ സമീപത്തു കിടന്നുറങ്ങുന്ന രാജകുമാരൻ കാണുന്ന സ്വപ്നം, അയാളുടെ അഭിനിവേശത്തെ തുറന്നു കാട്ടുന്നു എന്നു മാത്രമല്ല, നായികാനായകന്മാരും കാണികളും ആഗ്രഹിക്കുന്ന ചില ശൃംഗാരരംഗങ്ങൾ ഹൃദ്യമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ സ്വപ്നം ഈ ലോകത്തിലുള്ള സ്വഗ്ഗസുഖം കാണിക്കുമ്പോൾ, ആ ചിററമ്മയുടെ സ്വപ്നം നരകയാതനയാണു പ്രത്യക്ഷമാക്കുന്നത്. ഈ രണ്ടു സ്വപ്നങ്ങളേയും വിമലീകരിക്കുന്ന ഒന്നാണ് ജ്ഞാനസൗന്ദരിയുടെ സ്വപ്നം—ദേവമാതാവും ക്രിസ്തുനാഥനും പ്രത്യക്ഷപ്പെടുന്ന ആ രംഗം. അതു കൊണ്ട് ഈ സ്വപ്നങ്ങൾക്ക്, ആകെപ്പാടെ ഒരു ബാലൻസ് ഉണ്ടെന്നുമാത്രമല്ല, ശൃംഗാരം, ഭയാനകം, ഭക്തി

എന്നിങ്ങനെ വിഭിന്നരസങ്ങഠം കഥാഗാത്രത്തിൽ സന്നിവേശിപ്പിച്ച വൈവിധ്യവും വൈചിത്ര്യവും വരുത്തുന്നതിനും അവയെല്ലാം കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണു ജ്ഞാനസൌന്ദരിയിലെ സ്വപ്നങ്ങഠം കലാസൌഭഗത്തെ വളരെ വർദ്ധിപ്പിച്ചിട്ടുണ്ട് എന്നു ഞാൻ പറയുന്നതു്.

ശ്രീമതിമാർ ലളിത, പത്മിനി എന്നിവരുടെ നൃത്തപ്രകടനങ്ങഠം കഥയുടെ പുരോഗമനത്തിനു അനുപേക്ഷണീയമല്ലെങ്കിലും, വളരെ ആകർഷകമായിട്ടുണ്ട്. പഴയ രീതിയിൽ ഒരു പിച്ചളക്കുടവുംകൊണ്ടു തുള്ളിക്കളിക്കാൻ അവർ തയ്യാറാകാതിരുന്നതു നമ്മുടെ ഭാഗ്യമെന്നേ പറയേണ്ടു. ശ്രീ. മഹാലിംഗത്തിൻെറ അഭിനയം നന്നായിട്ടുണ്ടെങ്കിലും അദ്ദേഹം ആവശ്യത്തിലധികം പാടുന്നു എന്നൊരു തോന്നൽ ഇല്ലാതില്ല. ദുഃഖമോ സന്തോഷമോ ഉണ്ടാകുമ്പോഠം, പെട്ടെന്നു പ്രകൃതിരമണീയമായ ഒവസ്ഥലത്തേക്കു ഓടിപ്പോയി ഒരു പാട്ടു നല്ലശാരീരഭംഗിയോടുകൂടെപ്പാടിയില്ലെങ്കിൽ അദ്ദേഹത്തിനു സുഖമില്ല. നായികയോടെ ചേൻ ഡ്യൂയററ പാടുന്നതിനു യോജിച്ച ശബ്ദം അദ്ദേഹത്തിന്നില്ല. എന്നും പറയേണ്ടിയിരിക്കുന്നു. കാരണം പാരുഷ്യമില്ലെങ്കിലും പൌരുഷം കുറഞ്ഞ ഒരു ശബ്ദമാണ് അദ്ദേഹത്തിനുള്ളതു്. അതുപോലെ തന്നേ ജ്ഞാനസൌന്ദരി ഒരു കൊച്ചു കുട്ടി ആയിരുന്നപ്പോഠം തന്നേ അവഠംക്കു പ്രായം തികഞ്ഞ നായികയുടെ ശബ്ദം വന്നു കഴിഞ്ഞതും വല്ലാതെ സ്പഷ്ടമായിപ്പോയി. ഇങ്ങനെ ചില ചില്ലറ വൈകല്യങ്ങഠം ചൂണ്ടിക്കാണിക്കാനുണ്ടെങ്കിലും അവ കഥയുടെ ഒഴുക്കിനേയും കൊഴുപ്പിനേയും സാരമായി ബാധിക്കുന്നില്ല.

ശ്രീമതി എം. വി. രാജമ്മയുടെ അഭിനയമാണ് ഏററം പ്രശംസാർഹമായിരിക്കുന്നതു്. മൃദുലവികാരങ്ങഠം ഇത്ര സമത്ഥമായി പ്രകാശിപ്പിച്ചിട്ടുള്ള മറെറാരു തമിഴ്ചിത്രമുണ്ടെന്നു തോന്നുന്നില്ല. പൌരസ്ത്യവനിതകഠംക്കു ആഭരണമായ വിനയം, അച്ചടക്കം, ഒതുക്കം ഇവയുടെ ഉറച്ച ആവരണത്തിൽക്കൂടെ അനുരാഗവും അമഷവും ഊൻ വാൻ വരുന്ന ആ ചിത്രം ഏതു സഹൃദയനേയും സ്പർശിക്കാതിരിക്കയില്ല. ഇതു് ശ്രീമതി രാജമ്മയുടെ പ്രസിദ്ധിയേ വളരെ വർദ്ധിപ്പിക്കുമെന്നുള്ളതിനു തക്കമില്ല.

ആകെപ്പാടെ നോക്കുമ്പോഠം, പഴയ കരുവിൽ വാത്തെടുത്ത ഒരു പുതിയ കലാസൃഷ്ടിയാണു ജ്ഞാനസൌന്ദരി. ഇതിൻെറ പ്രസാധകന്മാരായ ശ്രീമാന്മാർ ജോസഫ് തളിയത്തു്, നാഗ്ഗൂർ എന്നിവരെ അഭിനന്ദിച്ചുകൊള്ളുന്നു.

—o—

## അഭിപ്രായത്തിനു കിട്ടിയ പുസ്തകങ്ങഠം.

1. സുഖത്തിൻെറ പിന്നാലെ : വിവത്തകൻ വിദ്വാൻ പി. ആർ. വാരിയർ.
   മാതൃഭൂമി, കോഴിക്കോട്ട്. വില 1 ക. 8 ണ.
2. മുരളി : ആർ. രാമചന്ദ്രൻ.
   അരുണോദയം പ്രസ്സ്, വടക്കാഞ്ചേരി. വില 8 ണ.
3. ഭടൻെറ സ്വപ്നം : വെട്ടൂർ രാമൻ നായർ.
   അരുണോദയം പ്രസ്സ്, വടക്കാഞ്ചേരി. 1 ക. 4 ണ.

# പുതിയ തിരുവിതാംക്രൂർ

ഡോക്ടർ പി. സി. അലക്സാണ്ടർ.

തിരുവിതാംക്രൂറിലെ രാഷ്ട്രീയപ്രശ്നങ്ങളെപ്പററി ഒരു ലേഖനമെഴുതിയാൽ നന്നായിരിക്കുമെന്നു ലോകവാണി പത്രാധിപരുടെ നിർദ്ദേശം ലഭിച്ചിട്ട് ഒരു മാസത്തിൽ കൂടുതലായെങ്കിലും ലേഖനമെഴുതുവാൻ ഇത്രയും താമസിച്ചതു് പുതിയ മന്ത്രിസഭയുടെ പ്രവർത്തനങ്ങളും അവയെപ്പററിയുള്ള പൊതുജനാഭിപ്രായവും നേരിട്ടു മനസ്സിലാക്കിയിട്ടാവാമെന്നു വിചാരിച്ചുകൊണ്ടാണ്. ജനകീയഭരണത്തിൻെറ ആദ്യത്തെ അദ്ധ്യായങ്ങൾ തിരുവിതാംക്രൂർ ചരിത്രത്തിൽ എഴുതിത്തുടങ്ങിയിരിക്കുന്ന ചരിത്രപ്രധാനമായ ഒരു കാലഘട്ടമാണിതു്. അനവധി ശതാബ്ദങ്ങളായി നിലനിന്നു വന്ന ഏകാധിപത്യപാരമ്പര്യത്തിനു വിരാമമിട്ട്, ഒരു നൂതന ഭരണസിദ്ധാന്തവും ക്രമവും അംഗീകരിച്ചിരിക്കുന്ന തിരുവിതാംക്രൂറിലെ ഉന്മേഷഭരിതമായ പുതിയ വായു ശ്വസിക്കാമെന്നുള്ള പ്രത്യാശയോടുകൂടെയാണു നാട്ടിൽ വന്നതു്. സുശക്തമായ ഒരു സ്വേച്ഛാഭരണത്തെ അടിച്ചമർത്തിയെന്നുള്ള കൃതാർത്ഥതയും അഭിമാനവും തുളുമ്പുന്ന ഒരു ജനസഞ്ചയത്തെ— ജനകീയഭരണത്തിൻെറ ഉത്സാഹലഹരിയിൽ മദിച്ചു സന്തുഷ്ടരായിരിക്കുന്ന ഒരു ജനതയെ—കാണാമെന്നുള്ള പ്രതീക്ഷയോടുകൂടെയാണു തിരുവിതാംക്രൂർ സന്ദർശിച്ചതു്. എന്നാൽ പ്രതീക്ഷകൾക്കും പ്രത്യാശകൾക്കും വിപരീതമായ ചില പരിതഃസ്ഥിതികളാണു പുതിയ തിരുവിതാംക്രൂറിൽ കണ്ടതു്. ഉത്തരവാദിത്വഭരണം സ്ഥാപിതമായിട്ട് രണ്ടു മാസങ്ങൾ മാത്രമേ ആയിട്ടുള്ളു. പക്ഷേ ജനങ്ങളുടെ ഉത്സാഹം തണുത്തു തുടങ്ങിയതുപോലെ തോന്നിപ്പോയി. ഇന്നലെവരെ തിരുവിതാംക്രൂറകാരുടെ കണ്ണിലുണ്ണികളായിരുന്ന നേതാക്കന്മാർ ഇന്നു മന്ത്രിപദത്തിലെത്തിയതോടുകൂടെ ജനങ്ങൾക്ക് അവരിലുള്ള വിശ്വാസത്തിനു വാട്ടം തട്ടിയതുപോലെ തോന്നുന്നു! മന്ത്രിമാരുടെ പ്രസംഗങ്ങളെപ്പററിയും പ്രവൃത്തികളെപ്പററിയുമുള്ള നിരൂപണങ്ങൾ പത്രങ്ങളിൽ പ്രധാനസ്ഥാനം എടുത്തിരിക്കുന്നു. പ്രധാനമന്ത്രി പട്ടം താണുപിള്ള ഒരു "വലിയ ദിവാൻജി"യുടെ ഭാഗം അഭിനയിക്കുകയാണെന്നും മന്ത്രിമാർ മൂന്നുപേരും ദിവാൻഭരണത്തെ അനുകരിക്കുക മാത്രമാണു ചെയ്യുന്നതെന്നും മററുമുള്ള നിരൂപണങ്ങൾ



പ്രസംഗവേദികളിലും പത്രപംക്തികളിലും സാധാരണമായിരിക്കുന്നു. ഏ. ടി. സി. സി. യുടെയും കോൺഗ്രസ്സ് പാർലിയമെൻററി പാർട്ടിയുടെയും യോഗനടപടികളിൽ മുഴച്ചു കാണുന്നതു് മന്ത്രിസഭയും പൊതുജനാഭിപ്രായവും തമ്മിലുള്ള ഒരു പൊരുത്തമില്ലായ്മയാണു്. അതിപ്രധാനങ്ങളായ പ്രശ്നങ്ങളെപ്പററിത്തന്നെ മന്ത്രിമാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുള്ളതായി പത്രങ്ങൾ പരസ്യമായി പ്രസ്താവിക്കുന്നു. പൊതുജനങ്ങളുടെ ഇടയിൽ നിരാശതയുടെയും അതൃപ്തിയുടെയും കരിനിഴൽ വീശിക്കഴിഞ്ഞിരിക്കുന്നതായി ആക്കും മനസ്സിലാക്കാം.

ഇതിൻെറ കാരണങ്ങൾ എന്താണു്, ഉത്തരവാദിത്വം ആക്കാണു്? തിരുവിതാംകൂർ ജനത ദീർഘകാലമായി സഹിച്ച യാതനകളുടെയും ത്യാഗങ്ങളുടെയും ഫലമായി സഞ്ജാതമായ ജനകീയഭരണശിശുവിനെ ശ്വാസം മുട്ടിപ്പിക്കുന്ന പരിതഃസ്ഥിതികളാണു യഥാത്ഥത്തിൽ ഇന്നു തിരുവിതാംകൂറിൽ കാണുന്നതു്. അസഹിഷ്ണുതയുടെയും അക്ഷമയുടെയും ഫലമാണു് അതൃപ്തി. അതൃപ്തിയിൽനിന്നാണു വെറുപ്പും വിദ്വേഷവും മുളയെടുക്കുന്നതു്. അനാവശ്യങ്ങളും ആപല്ക്കരങ്ങളുമായ വിഷമസന്ധികളിൽ എത്തുന്നതിനു മുമ്പുതന്നെ ഇന്നത്തെ സ്ഥിതിഗതികൾക്കു് ഒരു മാററമുണ്ടാകേണ്ടതു് അത്യാവശ്യമാണു്.

ജനകീയഭരണം സ്ഥാപിതമാകുന്ന അവസരത്തിൽ പൊതുജനങ്ങൾ വലിയ വ്യത്യാസങ്ങൾ പ്രതീക്ഷിക്കുകയും, അവയെല്ലാം അത്ര വേഗം സാദ്ധ്യമാകാതെയിരിക്കുമ്പോൾ മന്ത്രിമാരുടെ പ്രവത്തനങ്ങളെ സംശയദൃഷ്ടിയോടുകൂടെ വീക്ഷിക്കുകയും ചെയ്യുകയെന്നുള്ളതു് സാധാരണമാണു്. ജവഹർലാൽ നെഹ്റുവിനെ തന്നെ നിശിതമായി നിരൂപണം ചെയ്യുന്ന എത്ര കോൺഗ്രസ്സുകാരാണു് ഇന്നു് ഇൻഡ്യയിലുള്ളതു്. ഇംഗ്ലണ്ടിൽ തൊഴിലാളി കക്ഷി ഭരണം സ്വീകരിച്ച ശേഷം കാര്യമായി യാതൊന്നുംചെയ്തിട്ടില്ലെന്നും, തൊഴിലാളികക്ഷിയിലെ മന്ത്രിമാരുടെ പ്രവത്തനങ്ങളും നയവും യാഥാസ്ഥിതികകക്ഷിയിലെ നേതാക്കന്മാരുടെ നയത്തിൽനിന്നും ഒട്ടും പുരോഗമനപരമല്ലെന്നും മററും കുററം പറയുന്ന അനവധി ആളുകൾ തൊഴിലാളി കക്ഷിയിലുണ്ടു്. എന്നാൽ ഇംഗ്ലണ്ടിലും ഇന്ത്യൻപ്രോവിൻസുകളിലും കാണുന്ന അസഹിഷ്ണുതയേക്കാൾ വളരെ കൂടുതലായ അക്ഷമയാണു് തിരുവിതാംകൂർ ജനത പ്രദശിപ്പിക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല. ദിവാൻ ഭരണം അവസാനിപ്പിച്ചാൽ ഉടൻ തന്നെ കണ്ണുല്ലാത്തതെല്ലാം പൊന്നാക്കിക്കൊള്ളാമെന്നു സ്റ്റേററ കോൺഗ്രസ്സ് നേതാക്കന്മാർ തെരഞ്ഞെടുപ്പുകാലത്തു വാഗ്ദാനം ചെയ്തിട്ടുള്ളതായി അവരുടെ പ്രകടനപത്രികയിൽ കാണുന്നില്ല. അനേകവഷങ്ങളായി അച്ഛബന്ധമിട്ടു് ഉറപ്പിച്ചിരുന്ന ഒരു സ്വേച്ഛാധിപത്യഭരണകൂടത്തെ ഒരു പുതിയ വ്യവസ്ഥയിലേക്കു കൊണ്ടുവരണമെങ്കിൽ രണ്ടോ മൂന്നോ മാസങ്ങൾ തികച്ചും അപര്യാപ്തമാണെന്നു് അഭ്യസ്തവിദ്യരായ തിരുവിതാംകൂർകാർ ചിലപ്പോൾ മറന്നുപോകുന്നതായി തോന്നുന്നു. എന്തുകൊണ്ടു് സി. പി. ഭരണത്തെ സഹായിച്ചിരുന്ന ഉദ്യോ

ഗസ്ഥന്മാരെയെല്ലാം ശിക്ഷിക്കുന്നില്ല? കൈക്കൂലിക്കാരെ എന്തുകൊണ്ട് ഒന്നടക്കം തുറുങ്കിലാക്കുന്നില്ല? സി. പി. ഭരണവും കോൺഗ്രസ്സ് ഭരണവും തമ്മിൽ എന്താണ് വ്യത്യാസം?— എന്നും മററും അക്ഷമയോടുകൂടെ ചോദ്യം ചോദിക്കുന്ന നിരൂപകന്മാരോട് പറയാനുള്ളത് അവരുടെ അക്ഷമ അക്ഷന്തവ്യമാണെന്നു മാത്രമേയുള്ളു. ഭരണപരമായ വ്യത്യാസങ്ങളും പരിഷ്കാരങ്ങളും നടപ്പിൽ വരുത്തുന്നതിനു സ്വാഭാവികമായുള്ള താമസം മനസ്സിലാക്കാൻ തക്ക സഹിഷ്ണുത പൊതുജനങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്. മന്ത്രിമാരുടെ കൈയിൽ മന്ത്രവാദമൊന്നുമില്ലല്ലോ. കേവലം രണ്ടു മാസക്കാലത്തെ പ്രവൎത്തനങ്ങളെ —അല്ലെങ്കിൽ പ്രവൎത്തനരാഹിത്യത്തെ—അടിസ്ഥാനമാക്കി ആരെയും ന്യായം വിധിക്കാൻ പാടുള്ളതല്ല.

കോൺഗ്രസ്സു കക്ഷിയും മന്ത്രിസഭയും തമ്മിൽ സാരമായ അഭിപ്രായഭിന്നതകളുണ്ടെന്നുള്ളതു പരസ്യമായ ഒരു രഹസ്യമാണ്. പാർലിയമെൻററി ഭരണസമ്പ്രദായമനുസരിച്ചു മന്ത്രിമാരും രാഷ്ട്രീയകക്ഷിയുമായുള്ള ബന്ധം ഏതു രീതിയിലായിരിക്കണമെന്നുള്ളതിനെപ്പററി പല തെററിദ്ധാരണകളും തിരുവിതാംകൂറിലുള്ളതായി തോന്നുന്നു. ക്യാബിനററ് ഭരണരീതിയുടെ ഏററവും പ്രധാന തത്വം നിയമസഭയിൽ ഭൂരിപക്ഷമുള്ള രാഷ്ട്രീയകക്ഷിയും ഗവണ്മെൻറുമായുള്ള ഐക്യമാണ്. മന്ത്രിസഭ രാജ്യത്തിനു പൊതുവെയുള്ളതാണെങ്കിലും അതിൻെറ പ്രാഥമികമായ കടപ്പാട് അതുൾപ്പെട്ടു നില്ക്കുന്ന രാഷ്ട്രീയകക്ഷിയോടാണ്. പാൎട്ടിയിൽ കൂടെ നിയമസഭയോടും, നിയമസഭയിൽ കൂടെ ജനസാമാന്യത്തോടുമാണു മന്ത്രിസഭയ്ക്കുള്ള ഉത്തരവാദിത്വം. തെരഞ്ഞെടുപ്പുകാലത്തു ജനങ്ങളുടെ മുമ്പാകെ പാൎട്ടി സമൎപ്പിക്കുന്ന പ്രകടനപത്രിക പ്രയോഗത്തിൽ വരുത്തുകയെന്നുള്ളതാണു മന്ത്രിമാരുടെ പ്രധാന ചുമതല. പാൎട്ടിയുടെ ആദർശങ്ങളിൽനിന്നോ, നയത്തിൽനിന്നോ വ്യത്യസ്തമായി പ്രവൎത്തിക്കുന്നതിന് ഒരു മന്ത്രിക്കും അവകാശമില്ല. ഏതെങ്കിലും കാൎയ്യത്തിൽ പാർട്ടിയും മന്ത്രിയും തമ്മിൽ അഭിപ്രായഭിന്നതയുണ്ടായാൽ, ഒന്നുകിൽ പാൎട്ടിയുടെ അഭിപ്രായം മന്ത്രി സ്വീകരിക്കണം അല്ലെങ്കിൽ മന്ത്രി രാജി വച്ച് ഒഴിയണം എന്നുള്ള രണ്ടു പോംവഴികൾ മാത്രമെയുള്ളു. പാർലിയമെൻററി ഭരണരീതിയുടെ വിജയരഹസ്യം, മന്ത്രിസഭയും പാൎട്ടിയും തമ്മിൽ ഭിന്നതകളുണ്ടാകാതെ വൎത്തിക്കുകയെന്നുള്ളതാണ്. ഇവിടെയാണു പാൎട്ടി നേതാവു കൂടെയായ പ്രധാനമന്ത്രിയുടെ നയവും ശേഷിയും കാണേണ്ടതു്. സമൎത്ഥനും നയജ്ഞനുമായ ഒരു നേതാവിനു പാൎട്ടിയെ അദ്ദേഹത്തിൻെറ അഭിപ്രായത്തിലേക്കു തിരിക്കുന്നതിന് ഒരു പ്രയാസവും കാണുകയില്ല. അഥവാ പാർട്ടിയിലെ ഭൂരിപക്ഷാഭിപ്രായം സ്വന്തം അഭിപ്രായത്തിന് എതിരാണെന്നു പാൎട്ടി നേതാവിനു തോന്നിയാൽ, അതു മുൻകൂട്ടി മണത്തറിഞ്ഞു അതനുസരിച്ചു പ്രവൎത്തിക്കുകയായിരിക്കും ബുദ്ധിപൂൎവ്വം. സ്വന്തം അഭിപ്രായം പരസ്യമായി പ്രകടിപ്പിച്ച്, പാൎട്ടി അതിനെ പാടേ നിഷേധിച്ച ശേഷം പാൎട്ടിയുടെ അഭിപ്രായം നടപ്പിൽ വരുത്തേണ്ട പരിതഃസ്ഥിതികൾ ഉണ്ടാകുന്നതു് ഒരു പ്രധാന

മന്ത്രിയുടെ അന്തസ്സിനും അഭിമാനത്തിനും പററിയതല്ല. എന്നാൽ തിരുവിതാംകൂറിൽ പാർട്ടിനേതാവും പാർട്ടിയും തമ്മിൽ ഗണ്യമായ അഭിപ്രായഭിന്നതകൾ പല വിഷയങ്ങളിലുമുണ്ടായതായും, പാർട്ടിനേതാവിൻെറ ചില അഭിപ്രായങ്ങളെ പിന്താങ്ങുന്നതിന് എട്ടോ പത്തോ പേർ മാത്രമെ ഉണ്ടായിരുന്നുള്ളവെന്നും പത്രങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഭൂരിപക്ഷാഭിപ്രായത്തെ വോട്ടെടുത്ത് പരാജയമടഞ്ഞ ശേഷം നടപ്പിൽ വരുത്തുന്നതിനേക്കാൾ മുൻകൂട്ടി ആദരിക്കുകയായിരിക്കും കൂടുതൽ അഭിമാനകരം. സാധാരണയായി പാർട്ടിനേതാവിൻെറ അഭിപ്രായങ്ങൾക്കു പാർട്ടിയിൽ ബഹുഭൂരിപക്ഷം ലഭിക്കുകയെന്നുള്ളത് പാർലിയമെൻററി ഭരണരീതിയിലെ എഴുതപ്പെട്ടിട്ടില്ലാത്ത ഒരു ചട്ടമാണ്. എന്നാൽ തിരുവിതാംകൂറിലെ സ്ഥിതി ഈ വിഷയത്തിൽ ഒരു പ്രത്യേകതയായിരിക്കുന്നു.

മന്ത്രിമാർ തമ്മിലുള്ള അഭിപ്രായഭിന്നതയാണ് വേറൊരു പ്രശ്നം. ഒരു ക്യാബിനററ് ഭരണസമ്പ്രദായത്തിൽ ഈ രീതിയിലുള്ള അഭിപ്രായവ്യത്യാസങ്ങൾക്കു യാതൊരു സ്ഥാനവുമില്ല. ഏതു വിഷയത്തിലും എല്ലാ സാഹചര്യങ്ങളിലും ഒരു ഐക്യനില സ്വീകരിച്ച് പ്രവർത്തിക്കുന്നതിനു സന്നദ്ധതയുള്ളവർക്കു മാത്രമെ ഒരു ക്യാബിനററിൽ സ്ഥാനമുള്ളു. വിവിധ രാഷ്ട്രീയകക്ഷികൾ ചേർന്ന് രൂപീകരിക്കുന്ന ഒരു ക്യാബിനററ് ആണെങ്കിൽ തന്നെയും അഭിപ്രായത്തിലും, നയത്തിലും, പ്രവൃത്തിയിലും മന്ത്രിമാർ തമ്മിൽ ഐക്യമുണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതാണു ക്യാബിനററ് ഭരണരീതിയുടെ ആണിക്കല്ലായ തത്വം. എന്നാൽ തിരുവിതാംകൂറിൽ വിദ്യാഭ്യാസപ്രശ്നം മുതലായ അതിഗൌരവങ്ങളായ വിഷയങ്ങളിൽ മന്ത്രിമാർ തമ്മിൽ അഭിപ്രായഭിന്നതയുള്ളതായി അറിയുന്നു. സാധാരണയായി മന്ത്രിമാർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ അവർ തന്നെ അതിന് ഒരു പരിഹാരം കണ്ടുപിടിച്ചതിനു ശേഷമേ പാർട്ടിയെ അഭിമുഖീകരിക്കാറുള്ളു. പാർട്ടിയുടെ മുമ്പിൽ മന്ത്രിസഭ ഐക്യത്തോടും, നിയമസഭയിൽ മന്ത്രിമാരുൾപ്പെടുന്ന പാർട്ടി ഐക്യത്തോടും കൂടെ പ്രവർത്തിക്കുകയെന്നതു പാർലിയമെൻററി ഭരണരീതിയിലെ പ്രധാന കീഴ്നടപ്പുകളാണ്. മന്ത്രിസഭയിലെ കീറത്തുണികൾ പാർട്ടിയുടെ വേലികളിൽ തൂക്കുകയെന്നതു മന്ത്രിമാക്ക് അഭിമാനകരമല്ല. വിദ്യാഭ്യാസമന്ത്രി വിദ്യാലയങ്ങൾ ദേശീയമാക്കേണ്ട ആവശ്യമില്ലെന്നു പറയുമ്പോൾ പ്രധാനമന്ത്രി വിദ്യാഭ്യാസം ദേശീയമാക്കണമെന്നു പരസ്യമായി പറയുന്നതു് അത്യന്തം അപലപനീയമായ ഒരു നടപടി തിരുവിതാംകൂറിൽ സ്ഥാപിക്കുകയാണ്.

ഇതുപോലെ തന്നെ ഗൌരവമായ ഒരു പ്രശ്നമാണ് പാർട്ടി അംഗങ്ങളും പാർട്ടി നേതൃത്വവും തമ്മിലുള്ള ബന്ധം. പാർട്ടി നേതൃത്വത്തിൽ എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ പാർട്ടിയിൽ നിന്നുകൊണ്ടു് അതിനെ പരിഹരിക്കാൻ ശ്രമിക്കുകയെന്നതു് ഒരു അംഗത്തിൻെറ ചുമതലയും അവകാശവുമാണ്. എന്നാൽ പാർട്ടിയിൽ അംഗമായിരിക്കെ, പാർട്ടി യോഗങ്ങളല്ലാത്ത സന്ദർഭങ്ങളിൽ

# അച്ഛനും മകനും

തൈക്കാട്ടു ചന്ദ്രശേഖരൻ നായർ

[മനുഷ്യന് എത്രമാത്രം അധഃപതിക്കാൻ കഴിയും : ധനദാഹത്താൽ പ്രേരിതമായി സ്വന്തം മകളുടെ, എളിയതെങ്കിലും മനോജ്ഞമായ ദാമ്പത്യ ജീവിതത്തിൽ കരിതേച്ച്, അങ്ങിനെ അവൾക്കു തോണ്ടിയ പടുകുഴിയിൽ നിന്നു്, ദൗഹിത്രൻ വെമ്പിയെഴുന്നേററു് കണ്ണു തുറന്നു വീണ്ടും മനുഷ്യത്വത്തിൻെറ മഹനീയതയിലെത്തിത്തുളുമ്പി നിൽക്കുന്നു !]

## I

വെളിയിൽ കാലൂന്നിയ
നാൾതൊട്ടു നാട്ടാരെല്ലാം
കളിയാക്കിടുമെന്നെ
'യച്ഛനെ നീ കണ്ടില്ലേ!'
അപ്പൂപ്പനെന്നല്ലാതെ-
യച്ഛനെന്നൊരു മൊഴി
യപ്പോഴാണെനിക്കോർമ്മ-
യ്യെത്തിയതെൻ ജന്മത്തിൽ!
കൊണ്ടുവന്നെത്തിയ്ക്കാറു-
ണ്ടമ്മതൻ കൈയ്യൊപ്പിനായ്
വേണ്ട നാണയം മാസം
തോറുമേ യഞ്ചൽക്കാരൻ;
തേങ്ങലൊന്നിനാലമ്മ
വാങ്ങവേ, ജയശ്രീ തൻ
വിങ്ങലാ ലമ്മൂമ്മയും
വിടരും വിലോചനം!....

ദൂരത്തു തള്ളിത്തള്ളി
മാററിയ ചണ്ടിയ്യൊപ്പം
ചാരത്തു വന്നെത്തി മേ
നിനവിൻ കല്ലോലങ്ങൾ:-

ഒരു നാൾ പെരുവഴി-
യിങ്കൽ നിന്നൊരാളെന്നെ
വിരുതിലെടുത്തോടി-
പ്പോയതും, കരഞ്ഞതും;

പാർട്ടിയുടെ നയത്തെയും നേതൃത്വത്തെയും കുററം പറഞ്ഞുകൊണ്ടു നടക്കുന്നതു പാർട്ടിയെപ്പററി പൊതുജനങ്ങളുടെ ഇടയിലുള്ള മതിപ്പിനു കുറവു വരുത്തുകയാണു ചെയ്യുന്നതു്. സ്റ്റേററ് കോൺഗ്രസ്സ് പാർട്ടിയിലെ പല പ്രമുഖാംഗങ്ങളും ഈ സംഗതി മനസ്സിലാക്കിയിരുന്നെങ്കിൽ നന്നായിരുന്നു.

പാർലിയമെൻററി ഭരണരീതി വിജയകരമാകണമെങ്കിൽ എഴുതപ്പെട്ടിട്ടുള്ള നിയമങ്ങൾ അനുസരിച്ചാൽ മതിയാകുകയില്ല, ഏതാനും ചില കീഴ്നടപ്പുകളും മുറകളും ആദരിക്കുകയുംകൂടെ വേണ്ടിയിരിക്കുന്നു. എഴുതപ്പെട്ടിട്ടില്ലാത്ത ഈ മുറകൾ മന്ത്രിമാരും, പാർട്ടിനേതാക്കന്മാരും പൊതുജനങ്ങളും ശരിക്കു മനസ്സിലാക്കി പ്രവർത്തിക്കുന്ന പക്ഷം ഇന്നു തിരുവിതാംകൂറിൻെറ രാഷ്ട്രീയ മണ്ഡലത്തിൽ കാണുന്ന പല മാലിന്യങ്ങളും നിർമ്മാർജ്ജിതങ്ങളാകുന്നതാണ്.

—o—

'പോകൊല്ല, പോകൊല്ല നീ
കശ്മലനയാം തല്ലം,
ഞാൻ കാണിച്ചിടാമവൻ
കാൽക്കൽ വന്നടിയില്ലേ?'

എന്നൊക്കെ മുത്തച്ഛൻെറ
വാശിയോതലും, പിന്നെ
വന്നൊരു വക്കീൽ പഠി-
പ്പിച്ചതും മാതാവിനെ !

അമ്മയെച്ചുമയിച്ചു
കൊണ്ടുപോയതുമെങ്ങോ,
'തെമ്മാടിയ്ക്കൊരു ജയിൽ'
അപ്പൂപ്പൻ പണിഞ്ഞതും,

അന്നു തൊട്ടമ്മയ്ക്കേറ-
മേകാന്ത നട്ടക്കവും,
ഒന്നിനൊന്നെന്നോടെന്തോ
മറയ്ക്കാൻ ശ്രമിച്ചതും !!....

## II

അച്ഛൻ—എൻ കൂട്ടാളികാം-
ക്കച്ഛനു, ഞവരുടെ
യച്ഛനെച്ചൊല്ലി ക്കൊതി
യാക്കിട്ടമവരെന്നെ !

അന്നേ ഞാനന്വേഷിക്കാൻ
തുടങ്ങീ പിതാവിനെ—
ചൊന്നുപോയെങ്കിൽ വീട്ടി-
ലാക്കമില്ലൊരു ശബ്ദം !

അങ്ങനെ രഹസ്യമാ-
യച്ഛനെ കാണാനെന്നിൽ
പൊങ്ങിടുമഭിവാഞ്ഛര-
യുച്ചകോടിയിലെത്തി !

കേട്ടിരിക്കുന്നു ബഹു-
മാന്യനായ് പിതാവിനെ—
ച്ചുട്ട കാവ്യകാരൻപോ,
ലാത്മാത്മസമ്പൂത്തിപോൽ!

ആരെയും കൂട്ടാക്കാത്ത
തീവ്രവാദിപോ,ലെന്നാ-
ലാരോമലിളം കുഞ്ഞി-
ന്നാർദ്രസൗമനസ്യംപോൽ!

അത്തൗച്ചിലൊരു ദിനം
കണ്ടു ഞാനൊരു ചെറ-
കത്തമ്മയ്ക്കെന്നോ താതൻ
വിട്ടതു നിഗൂഢമായ് ;

"കാന്താംഗി, വഞ്ചിച്ചെന്നെ
നിൻ പിതാമാതാക്കാം, നീ
യെന്താകിലാവട്ടെ യി-
ന്നവരോടൈതൃക്കായ്ക ;

സൗഭാഗ്യം—പണത്തിൻെറ
സൗഭാഗ്യമവക്കുണ്ട്,
നിൻ ഭാവി യവരുടെ
കോപത്തിൽതരംകെട്ടാൽ!"

കഷ്ട മച്ഛനെ പ്പായി-
പ്പിച്ചതും പോരാ, ദുര-
ദൃഷ്ടം, ഹാ! പ്രതിക്കൂട്ടിൽ
ക്കൊണ്ടേററി ക്കയത്തതും!

ഞങ്ങളാം കുഞ്ഞുങ്ങളെ
പ്പോലുമേ കാണിയ്ക്കാതെ
വിങ്ങലിൽ നീററി ശുദ്ധാ-
ത്മാവിനെ വലച്ചതും!...

രക്തലേഖന മതെൻ
കണ്ണിനെ ത്തുറപ്പിച്ചു;—
ശക്തനായെന്നോ താത-
നീ വക സഹിയ്ക്കുവാൻ !

ആരെ ഞാൻ പഴിയ്ക്കേണ്ട-
തെൻ ജന്മകാരനയ്യോ!
പാരിലിന്നെവിടെ ഞാൻ
കാല്ക്കൽ പോയ്പതിക്കവാൻ!!

## III

നാട്ടവിട്ടൊരു കൊച്ചു
കൈത്തോടിൻ പാശ്ചത്തിലായ്,
കൂട്ടു കെട്ടിയപോലെ
പുല്ലുമാടത്തിൽ, താനേ!

നീണ്ടേറെ വിള,ത്തർദ്ധ
കാഷായവേഷം പൂണ്ടു
കണ്ടതാ പിതാവിനെ—
പ്പുസ്തകങ്ങളാൽ തിങ്ങി ;

# നടപ്പുവൈദ്യൻ

വിദ്വാൻ പി. ആർ. വാരിയർ.

നടപ്പുദീനം എല്ലാവരും കേട്ടിട്ടുണ്ടാവും; കണ്ടിട്ടുണ്ടാവും; ചിലരെല്ലാം അനുഭവിച്ചിട്ടുമുണ്ടാവും. എന്നാൽ നടപ്പുവൈദ്യനെപ്പററി അത്രയാരും കേട്ടിട്ടുണ്ടാവില്ല. അല്ലെ? ശരി. നിങ്ങൾക്കു കാണണോ, നടപ്പുവൈദ്യനേ?

"മാലോകക്കിഷ്ടമാണെങ്കിൽക്കയറവി—
നീലേഖ സൈക്കിളിൻ കാരിയറിൽ.
ഇത്തിരി ചുററാം നാം ഇത്തമിഴ്നാട്ടിന്റെ
വൃത്തികെട്ട തെരുവീഥികളിൽ!"

[മഹാകവിയോടു മാപ്പ്. അദ്ദേഹത്തിനു വിമാനംതന്നെയുണ്ട്. ഈയുള്ളവനു പഞ്ചറായ ഒരു സൈക്കിളേയുള്ളു. എന്തുചെയ്യാം? പിന്നിൽകേറിയിരുന്നിട്ടു തെററിവീണാൽ കുററംപറയരുതെ!]

നടപ്പുദീനത്തെപ്പോലെ, പെട്ടെന്നൊരു പട്ടണത്തിലോ ഗ്രാമത്തിലോ

---

കണ്ണുകൾ കുഴിയിലായ്,
താടിമീശയാ മിത്തിരം
കണ്ണികളിടതൂർന്ന
വൃദ്ധ മാമരംപോലെ !

ബാലാർക്കനെത്തുംമുമ്പേ
യെത്തിനേ നിവ,നച്ഛൻ
'ബാലനെ'യറിയുമോ,
ഞാനിന്നു വളർന്നുപോയ്!

ചൂലിനാൽ തറ വെടി-
പ്പാക്കുകയാണദ്ദേഹം,
മാലിന്യം നിഴലിച്ച
കൂടാത്തതാ സിദ്ധാന്തം !

ക്ഷേത്രസന്നിധിയിൽ പോൽ
നിന്നു നോക്കിനേനുള്ളിൽ ;
നേത്രവും നിറഞ്ഞതന്നോ!—
കണ്ടു ഞാൻ പൊന്നച്ഛനെ!

*   *   *

"സകലം ക്ഷമിച്ചച്ഛൻ
കൈക്കൊൾക, മൂന്നാൾക്കെന്റെ
പുകയുമന്തർഗതം
മിന്നിച്ച പശ്ചാത്താപം!"

തടിപോൽ മറിഞ്ഞു ഞാൻ....
കൺതുറന്നതു താത-
മടിയിലിരുന്നത്രേ,
കണ്ണീർപേമഴയുള്ളിൽ !

അകത്തേയ്ക്കൂടിഞ്ഞൊരാ
വക്ഷസ്സിൽ തല ചായ്ച്ചു
മുകർന്നു മുകർന്നു ഞാൻ
വീട്ടിനേൻ ബാല്യോത്സവം

താതന്റെ യാത്മാ,വെന്റെ
ജന്മ മന്ത്രിക,യെന്നോ-
ടോതി, നീ യുടമസ്ഥൻ
കണ്ടെടുത്തല്ലോ മൂല്യം!....

വററിയും വരണ്ടു മൊ-
ട്ടൊട്ടു ജീവനം ചേരും
ചിററാറു തിട്ടുക്കനെ
പ്പുതുവർഷത്താൽ വീർത്തോ!!

—o—

കേറിച്ചെന്നു് ഒന്നോ രണ്ടോ ആഴ്ച അവിടെത്താമസിച്ച് കുറെ സാധു ജീവികൾക്കു് ശീട്ടുംകൊടുത്തു് പെട്ടെന്നുമറഞ്ഞുപോകുന്ന മറെറാരീതി ബാധയാണു് നടപ്പുവൈദ്യൻ. കുത്തിവെപ്പും, ഒഴിച്ചുപാക്കലും ശുശ്രൂഷയുംകൊണ്ടു് പട്ടണത്തിൽ നടപ്പുദീനം തടഞ്ഞുനിൎത്തുന്നതുപോലെ, പഠിപ്പും, പരിഷ്കാരവും, ആസ്പത്രിയും ഡോക്ടർമാരും എല്ലാംകൂടി നടപ്പുവൈദ്യ ൃനയും അടക്കാൻവിട്ടന്നില്ല. അതുകൊണ്ടു ഗ്രാമങ്ങളിലായിരിക്കും ഇവൻെറ വാഴ്ച.

നടപ്പുവൈദ്യൻെറ ഉൽപത്തി കേരളത്തിലാണെങ്കിലും പ്രവൃത്തി തമിഴ്നാട്ടിലാണ്. തമിഴൻെറ വിവരക്കേടും വിശ്വാസക്കുടുതലുമായ രണ്ടു ചിറകും വെച്ചു്,

പണവുംവാഞ്ചിപ്പറന്നുപോമൊരു
പരുന്തുതന്നെയീ—
പ്പമ്പരവിരുതൻ നടപ്പുവൈദ്യൻ
തമിഴന്റയമധൎമ്മൻ.

അമേരിക്കയിൽ ആദ്യം കപ്പലിറങ്ങിയ ഒരിന്ത്യക്കാരനും അവിടത്തെ ഒരു കുട്ടിയും തമ്മിൽ ഇങ്ങിനെ ഒരു സംഭാഷണമുണ്ടായത്രെ:—

കുട്ടി:— ഇന്ത്യയിൽനിന്നോ? പാമ്പാട്ടിയായിരിക്കും അല്ലേ?
ഇന്ത്യക്കാരൻ: — അല്ല.
കുട്ടി:— എന്നാൽ മന്ത്രവാദിയാവും.
ഇന്ത്യക്കാരൻ:— അതുമല്ല.
കുട്ടി:— അപ്പോൾ തീൎച്ചപ്പെട്ടു. ജാലവിദ്യക്കാരൻ.

ഇന്ത്യക്കാരൻ അതുംനിഷേധിച്ചു. ഈ മൂന്നുമല്ലാത്തൊരിന്ത്യക്കാരനുണ്ടെന്നുകേട്ടു് ആ കുട്ടി ആശ്ചര്യപ്പെട്ടുപോയത്രെ! കണ്ടില്ലേ വിശ്വാസം? പക്ഷെ, ഇതിലും വമ്പിച്ചതാണു് തമിഴൻെറ വിശ്വാസം. മറെറാരുസംഭവം ഓൎമ്മവരുന്നു. തമിഴ്നാട്ടിൽ പ്രാക്ടീസ്ചെയ്യുന്ന ഒരാര്യവൈദ്യൻെറ വൈദ്യശാലയിൽ അയാളുടെ അച്ഛൻ ഒരിക്കൽ ചെന്നിരിക്കയായിരുന്നു. സുപരിചിതനായ ഒരു രോഗിക്കു ഇതു തൻെറ അച്ഛനാണെന്നു് വൈദ്യൻ പരിചയപ്പെടുത്തിക്കൊടുത്തു. ഉടനെ, "നിങ്ങളുടെ അച്ഛൻ എൻെറ ദേഹം പരിശോധിക്കണെ"മെന്നായി രോഗി. താൻ വൈദ്യം പഠിച്ചിട്ടില്ലെന്നു് അച്ഛൻ മറുത്തുപറഞ്ഞതൊന്നും രോഗി കൂട്ടാക്കിയില്ല. വൈദ്യൻെറ അച്ഛൻ പെരിയ വൈദ്യനാവില്ലേ എന്നാണയാളുടെ വാദം.

കുറച്ചെങ്കിലും വൈദ്യവും ജ്യോത്സ്യവും മന്ത്രവാദവും വശമില്ലാത്ത മലയാളിയില്ലെന്നാണ് തമിഴൻെറ വെപ്പ്. അവർ വൈദ്യനോടു് തന്നെ ആവശ്യപ്പെടും, ജ്യോത്സ്യം നോക്കാനും, വേണ്ടിവന്നാൽ മന്ത്രവാദം ചെയ്യാനും! ഇവരുടെ ഇടയിലാണു് നമ്മുടെ നടപ്പുവൈദ്യൻ നടക്കുന്നതു്.

തഞ്ചംപോലെ വേഷം മാറാൻ ഇവൻ ബഹുസമൎത്ഥനാണ്. തൻെറ "പൊടിഗുളികകഷായാരിഷ്ടലേഹാദി" കൊണ്ടൊന്നും രോഗം മാറാനുള്ള വട്ടമില്ലെങ്കിൽ, സ്വയം ജ്യോത്സ്യനായി മാറും. പ്രേതം ബാധിച്ചിട്ടുണ്ടു്. ആരോ ആഭിചാരം ചെയ്തിട്ടുണ്ടു്. എന്നെല്ലാം കണ്ടുപിടിക്കും. എന്നിട്ട് കവിടിസഞ്ചിവിട്ടു മന്ത്രവടിഎടുക്കും. ബാധക്കും ആഭിചാരത്തിനും, കള്ളുകൊണ്ടും കോഴിമാംസംകൊണ്ടും 'മതിയാവോളം' പരിഹാരംചെയ്യും. ഈ മൂന്നുവേഷത്തിലും, പിടിപ്പതു്പണവും, അത്രയും ദിവസത്തെ ആഭാടച്ചിലവും,

പൊന്നായും, ചെമ്പായും, ഗ്രുവായൂരപ്പന്നുള്ളവഴിവാടായും വേറേയും, തട്ടിക്കഴിഞ്ഞിട്ടുണ്ടാവും. മൂന്നാമത്തെ അടവുകൊണ്ടും വ്യാധിയോ രോഗിയോ ഒഴിക്കാൻ ഭാവമില്ലെങ്കിൽ, നേരെ പത്തൊമ്പതാമത്തെ അടവെടുക്കും. ഓട്ടം! "തൻെറ ഗ്രുവുണ്ട്, മഹാ കേമനായിട്ട്! യമൻെറ വായിൽനിന്നുംകൂടി ആളെപ്പിടിച്ചുകൊണ്ടുവരും. അദ്ദേഹത്തെത്തന്നെ കൂട്ടിക്കൊണ്ടുവന്നുകളയാം. വഴിച്ചിലവിന്നൊരു മൂപ്പത്തഞ്ചുറുപ്പിക തൽക്കാലം തന്നാൽ മതി. പിന്നെയെല്ലാം അദ്ദേഹം വന്നു രോഗംമാറിയശേഷം ഇഷ്ടംപോലെ കൊടുക്കാം ...... ഓ ശ രി! ....... സംശയമുണ്ടോ? ....... നാളെ ഉച്ചക്കുതന്നെ എത്തും ....... എയ്. പേടിക്കാനൊന്നുമില്ല." എന്നുംപറഞ്ഞു ഒന്നുപരുങ്ങും. രോഗിയുടെ ആൾ ചോദിക്കും:— "ഉം. എന്താ.?":— "ഒന്നുമില്ല. ഉടുക്കാൻ നല്ലമുണ്ടൊന്നുമില്ല. ഈ മുഷിഞ്ഞവേഷത്തിൽ പുറപ്പെട്ടാൽ ........"ഉടനെ മുണ്ടൊന്നുകിട്ടി. അതുമായി മൂപ്പർ പുറത്തിറങ്ങും.

രോഗിയുടെ ആൾക്കാർ, പെരിയ വൈദ്യർവരും, വരും എന്നുകാത്തിരിക്കും. രോഗം മൂച്ഛിക്കും. ഒടുവിൽ ഭേദപ്പെട്ട ഡാക്ടരോ വൈദ്യനോ വന്നുനോക്കുമ്പോഴേക്കു എല്ലാം കടന്നിരിക്കും. അങ്ങിനെ ആ സാധു അന്ത്യശ്വാസം വലിച്ചുകിടക്കുമ്പോൾ, നമ്മുടെ 'യമരാജസഹോദരൻ' മറെറാരുരോഗിയുടെ പ്രേതബാധയൊഴിക്കാൻ എന്ന നാട്യത്തിൽ, പ്രാണബാധയൊഴിക്കാൻ, വേറൊരിടത്തു കണ്ണടച്ചു, മൂക്കും പിടിച്ചു, പണം പഴിയാനുള്ള വഴിയും ചിന്തിച്ചുകൊണ്ട്, ഇരിക്കുകയാവും!

ഇവൻ ഉപയോഗിക്കുന്ന മരുന്നാണ് ബഹുരസം. യകൃദരി'വടി', അതിസാര"സംഹാരവടി", "ശൂല" "കഠാരം", ആന്ത്ര'കഠാരം', രാമ "ബാണം", ഇങ്ങിനെ വടി, കഠാരം ബാണം തുടങ്ങിയ ആയുധങ്ങൾ പ്രയോഗിച്ചോ, പഞ്ചസാര"കുളം", ശതാവരി"കുളം", "ഗോദാവരികുളം" മുതലായ കുളങ്ങളിൽ പിടിച്ചു മുക്കിയോ അജ്ഞരായ രോഗികൾക്ക് ഇവൻ മോക്ഷം നേടിക്കൊടുക്കുന്നു. ഇടക്കെല്ലാം ഭേദപ്പെട്ട വല്ല വൈദ്യശാലയിൽനിന്നും, അരക്കുപ്പി ദശമൂലാരിഷ്ടം വാങ്ങി ഒന്നരക്കുപ്പി തിളപ്പിച്ചവെള്ളം ചേത്ത "അമരകോശാരിഷ്ട"മോ, രണ്ടൌൺസ് 'അസനവില്വാദി'യും അരഔൺസ് 'രീതാ'വും രണ്ടിടങ്ങഴി കൊട്ടെണ്ണയും കൂട്ടിച്ചേത്ത "വസന്തരതിമോഹനകുന്തളതൈല"മോ പ്രയോഗിക്കും. ഭാഗ്യവശാൽ ഇതുമാത്രം ഉപയോഗിക്കാനിടവരുന്ന രോഗികൾ മുക്കാലും ചാവാതെ രക്ഷപ്പെട്ടുകളയും. ഇവക്കുപുറമെ, "യമണബിസ്ക്ക്ണേത്രി", "സളപാനിലമേട്", "എബ്ബിടെയിൻ പെർടിക്കല റോട്", [പീളമേട്, ചൂരക്കോട്ടു മേട്, പട്ടാമ്പി ഓട്, പറളി ഓട് ഇവകൂടി കൂട്ടത്തിൽചേക്കാം.] മുതലായഇംഗ്ലീഷ്മരുന്നുകളും [ഇംഗ്ലീഷ്മരുന്നാണെന്ന് അവൻ പറഞ്ഞതാണേ!] ഉപയോഗിക്കും. അവയുടെ ഫലം, മരുന്നുണ്ടാക്കിയവക്ക് മുൻകൂട്ടിയും, സേവിക്കുന്നവക്ക് അനുഭവിച്ചശേഷവും നല്ലവണ്ണം അറിയാവുന്നതാകയാൽ നടപ്പുവൈദ്യൻ ഫലത്തെപ്പററി ചിന്തിച്ചു ക്ലേശിക്കാറില്ല. ഒരുഫലം തീച്ച്യയാണ് — പ്രതിഫലം!. കൊടുക്കുന്ന വിലയേക്കാൾ പത്തും അമ്പതും ഇരട്ടി പണം

രോഗിയുടെ കൈയിൽനിന്നു് അവൻ വാങ്ങും.

രണ്ടു നടപ്പുവൈദ്യന്മാർ ഒരിടത്തു പെട്ടാലത്തെക്കഥ പറയണ്ട. വമ്പിച്ച പണക്കാരനും, നിരക്ഷരകുക്ഷിയുമായ ഏതെങ്കിലും ജമിന്ദാരുടെ മാളികമുകളിൽ, അയാളുടെ നെയ്യും ചോറും തിന്നു വീർത്തവയറ്, അയാറം സമ്മാനിച്ച ഡബിറം ദോത്തിയിൽ പൊതിഞ്ഞു, അയാളുടെ കുടവസ്സിയുടെയും വെററിലത്താമ്പാളത്തിൻെറയും ഇരുവശങ്ങളിലുമായി ഇരിപ്പുറപ്പിച്ചു് അവർ വാദിക്കും. ഒരാറം, "ഉച്ചസ്ഥഗ്രഹപഞ്ചകെസ്സുഗ്ഗരൌ ......." എന്നുച്ചത്തിൽ "അഷ്ടാംഗഹൃദയ"ത്തിൽനിന്നുദ്ധരിച്ചു്, കഫോപദ്രവത്തിനു് കഞ്ഞികൊടുക്കാമെന്നു ദ്ധ്ധാന്തിക്കും! ജമിന്ദാർ മററവൻെറ മുഖത്തേക്കു നോക്കും — ആലോചന നടിച്ചു് അവനും ഒരു ശ്ലോകം നീട്ടിച്ചൊല്ലും:— "സരസിജമനുവിദ്ധം ശൈവലേനാപി ........" എന്ന പ്രമാണവശാൽ വരാഹമിഹിരാചാര്യർ സിദ്ധാന്തിച്ചിട്ടുണ്ടു്, കഞ്ഞി കഫവിരോധിയല്ലെങ്കിലും, അടിവയററിൽനിന്നു കഫോൽപത്തിയുണ്ടാകും എന്നു്." ജമിന്ദാർ രണ്ടും കേട്ടു്, തുപ്പൽ തെറിപ്പിച്ചുകൊണ്ടു് പൊട്ടിച്ചിരിച്ചശേഷം, "നമ്പ പാട്ടനാരിരുന്താര്, പാരുങ്കോ! അവര് അസാദ്ധ്യ വൈദ്യം! നാൻ ശിറുകുളന്തെയായിരിക്കറപ്പോ ........" എന്നുതുടങ്ങി തൻെറ മുത്തച്ഛൻെറ വൈദ്യനൈപുണ്യവും, കുട്ടിക്കാലത്തു് അരിശസ്സു പിടിച്ചു ചാകാറായ തനിക്കു് വെറും ചുക്കു് —— അതെ വെറും ചുക്കു്! മോരിലരച്ചുതന്നു് പെട്ടെന്നു് പോക്കനിർത്തിയ കഥയും മനോധർമ്മംപോലെ വർണ്ണിച്ചു കേറംപ്പിക്കും. "ആമാങ്കൊ. ആമാങ്കൊ." എന്നു മൂളിക്കേറംക്കുന്ന അവർതന്നെ തഞ്ചംകിട്ടുമ്പോറം മററവനെപ്പററി ജമിന്ദാരുടെ അടുക്കൽ കുസൃതി കൂട്ടും. "അവനു ശാസ്ത്രമേ അറിഞ്ഞുകൂടാ. അവനു കൈപ്പുണ്യം തൊട്ടുകുളിക്കാനില്ല" എന്നും മററും.

ഇതാണു് നടപ്പു വൈദ്യൻ.

തമിഴനാട്ടിൽ പരിചയമുള്ള മലയാളികളേ, നിങ്ങറം കണ്ടിട്ടുണ്ടോ ഇവനെ?

(പകപ്പവകാശം.)

—o—

പൊല്ലീസുകാരൻ : "എടോ! സൈക്കിറം നിർത്തു. ബെല്ലില്ലാത്ത സൈക്കിളല്ലേ— നിർത്തു."

സൈക്കിറംക്കാരൻ : "ഓ! സാറേ! ബ്രേക്കില്ലല്ലോ. എങ്ങനെ നിർത്തും."

*   *   *

"മാമ്പഴം എന്തു വില ?"
"രണ്ടണ സാർ"
"ഡസൻ ആയിട്ടു് എടുക്കുമ്പോറം"
"അപ്പോഴും രണ്ടണ"
"ഇതാ രണ്ടണ. ഒരു ഡസൻ താ."

(തട്ടിപ്പു്)

# ശാസ്ത്രഗതി

## (ഒരു സങ്കല്പസംഭാഷണം)

എസ്സ്. പരമേശ്വരൻ.

[എ. ഡി. 1600-ാമാണ്ടു ഫെബ്രുവരി 16-ാംനു-* രാത്രി. മങ്ങിയ നിലാവെളിച്ചം. റോമാസാമ്രാജ്യത്തിലുള്ള ശാശ്വതഗിരികളിൽ ഒന്നിന്റെ അധിത്യകയിൽ രണ്ടു പേർ —പൈതഗോറസ്സും പ്ലേറേറാവും— അഭിമുഖമായി നിന്നു് സംഭാഷണം ചെയ്യുന്നു. വെളിച്ചത്തിന്റെ കുറവുകൊണ്ടു് അവരുടെ രൂപം വളരെ അസ്പഷ്ടമായേ കാണുവാൻ കഴിയൂ. അവരുടെ ശബ്ദം വളരെ പതിഞ്ഞിരിക്കുന്നു.]

പൈ : നാം ഇങ്ങോട്ടു വരുന്ന വഴിക്കു്, അല്പം താഴെയായി കുറെ ആളുകളെ കണ്ടുവല്ലോ? കാഴ്ചയിൽ, യോഗ്യത തികഞ്ഞവരെപ്പോലെ തോന്നുന്നു. ഇല്ലേ? നിങ്ങളെന്തു വിചാരിക്കുന്നു?

പ്ലേ : അതെയതെ. അവരിൽ ചിലർ നല്ല ബുദ്ധിശാലികൾ കൂടിയാണെന്നു തോന്നുന്നു. 'മാലെബോൾജി'ൽ വച്ചു കണ്ട ഒരു വ്യക്തിയെ അവിടുന്നു് ഓർക്കുന്നുണ്ടോ? ചുവന്ന വലിയ ഒരു തൊപ്പി ധരിച്ചിരുന്ന ആൾ— അയാളുടെ പേരെന്തായിരുന്നു?

പൈ : ആരു്. ധാരാളമായി സംസാരിച്ചുകൊണ്ടു നിന്ന വിദ്വാനോ? "ഞാൻ ചെന്നു ചാടുന്നതു് എപ്പോഴും അബദ്ധത്തിലാണു്" എന്നു പറഞ്ഞു സങ്കടപ്പെട്ടുകൊണ്ടു നിന്ന ആളല്ലേ?

പ്ലേ : അയാൾ തന്നെ. അയാൾ തന്നെ. അയാൾ ഒരു മെത്രാനോ, കത്തനാരോ മറേറാ ആണെന്നു പറഞ്ഞുവല്ലോ? അതൊന്നും എനിക്കു മനസ്സിലായില്ല.

പൈ : അയാൾ കത്തനാരുമാണു് മെത്രാനും തന്നെ എന്നല്ലേ പറഞ്ഞതു്

പ്ലേ : അതെ. അങ്ങനെ തന്നെ. ഒരാളങ്ങനെ ഉഭയസേവനം വഹിക്കും. അതാണു് എനിക്കു് ഒട്ടും മനസ്സിലാകാത്തതു്. ഇനി അയാളെ കാണുകയാണെങ്കിൽ എനിക്കു് അക്കാര്യം അയാളോടൊന്നു ചോദിക്കണം; അതൊന്നു വിശദമാക്കിത്തരുവാൻ തന്നെ. അയാളുടെ പേരു്?...... അതെനിക്കു് ഓർമ്മ വരുന്നില്ല.

---

* ബ്രൂണോ എന്ന ശാസ്ത്രജ്ഞനെ ജീവനോടെ ദഹിപ്പിച്ചതു് 1600-ാമാണ്ടു ഫെബ്രുവരി 16-ാം തീയതി ആണു്.

പൈ : (അല്പം ആലോചിച്ചിട്ട്) ആ....ആ....നിക്കലെസ്സ്. ഒരു വൃദ്ധവൻ മകൻ. അയാളുടെ അച്ഛന്റെ പേരു് ക്രെബ്സ് (Krebs) — ഞണ്ടു് എന്നർത്ഥം. അയാളുടെ നാട്ട് ക്രൂസായോ മറേറാ ആണ്. ആരിസ്റ്റോട്ടിലിന്റെ വിരോധി, ബദ്ധവിരോധിയാണയാൾ.

പ്ലേ : (മുഖമൊന്നു വികസിക്കുന്നു) ഓഹോ! അതുകൊണ്ടായിരിക്കാം അയാളെ കണ്ടപ്പോൾത്തന്നെ അല്പം ദുരഭിപ്രായം എന്നിൽ അങ്കുരിച്ചതു്. അയാളൊരു ബുദ്ധിമാനാണെന്നു തോന്നിയെങ്കിലും എന്തോ എനിക്കു് അയാളെക്കുറിച്ചു നല്ല അഭിപ്രായം തോന്നിയില്ല. നാം അയാളുടെ വിഹാരരംഗമെല്ലാം കടന്നു വന്നുകഴിഞ്ഞല്ലോ. ഇനി അയാൾ അവിടെ ഒരു വലിയ ആളായിത്തീരുമോ? പ്രശസ്തനും പ്രമാണിയുമായി പരിണമിക്കുമോ?

പൈ : എന്തു്! അയാളോ? പ്രശസ്തനാവുകയോ? ഹെയ് അതിനൊന്നും അയാൾ ശ്രമിക്കുകയില്ല; അയാൾക്കതിനു സമയവുമില്ല. തന്റെ അഭിപ്രായങ്ങളോടു യോജിക്കാത്തവരെ അവഹേളിക്കുന്നതിലും ഹിംസിക്കുന്നതിലുമാണ് അയാൾ സദാ വ്യാപൃതനായിരിക്കുന്നതു്. പിന്നെ എങ്ങനെയാണ് അയാൾ ഉന്നതി പ്രാപിക്കുക. അയാൾ ഇപ്പോൾ നില്ക്കുന്ന നിലയ്ക്കു തന്നെ നിൽക്കുന്നതാണ് ഉത്തമം.

പ്ലേ : (ചിന്താമഗ്നനായി) അതെ. നിശ്ചയമായും അയാൾക്കതാണു നല്ലതു്. ആരിസ്റ്റോട്ടിൽ അവിടം വിട്ടുപോരുന്നതുവരെ അയാൾക്ക് ആ നിലയിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവരുമെന്നു് അയാൾതന്നെ പറഞ്ഞില്ലേ? അവിടുന്നു് അതു് ഓർക്കുന്നുണ്ടോ? അയാൾക്കു മുൻപ് നാം ആ സ്ഥലം വിട്ടതു് എത്ര നന്നായിപ്പോയി. അതിൽ നാം ചാരിതാർത്ഥ്യമടയേണ്ടതല്ലേ? എന്തായാലും നമ്മുടെ യാത്ര മോശമായിപ്പോയില്ലല്ലോ. അതു തന്നെ ഭാഗ്യം.

പൈ : നിങ്ങളുടെ യാത്രപുറപ്പാടു മോശമായില്ല എന്നുവച്ചു്....വൈയാകരണന്മാർ നിങ്ങളുടെ അഭിപ്രായങ്ങളെ സ്വീകരിച്ചതോടുകൂടി നിങ്ങളുടെ കാര്യം മെച്ചമായി. (അല്പം ക്ഷോഭിച്ചിട്ട്) പക്ഷേ കാലം ചെല്ലുമ്പോൾ പണ്ഡിതന്മാർ എന്നെ അറിയും. അന്നു്, കീർത്തിയുടെ ഏറിയ ക്രമം —നിങ്ങൾക്കല്ല— എനിക്കായിരിക്കും അവർ നൽകുന്നതു്. അങ്ങനെയാണ് എനിക്കു തോന്നുന്നതു്.

പ്ലേ : അവിടുന്നു ക്ഷോഭിക്കല്ലേ. ഞാൻ എന്റെ സകല കഴിവുകളും പ്രവൃത്തിരൂപത്തിൽ പ്രയോഗിക്കുകയും പ്രസംഗരൂപത്തിൽ പരസ്യമാക്കുകയും ചെയ്തിട്ടില്ലേ. അവിടുന്നാണ്............

പൈ : (ഇടയ്ക്കു കേറി പറയുന്നു) നിങ്ങൾ സാക്രട്ടീസ്സിനെക്കുറിച്ചു പറഞ്ഞതുപോലെ അല്ലേ? സകല വസ്തുക്കളും സംഖ്യയുടെ ഉപാധികളാണെന്ന മൗലികസത്യം എന്നിൽ—അങ്കഗണിതപരമായ എന്റെ തത്വജ്ഞാനത്തിൽ—ആരോപിച്ചു. അങ്ങനെയല്ലെ നിങ്ങൾ നിർവ്വഹിച്ചതു്. പക്ഷേ ഞാൻ അങ്ങനെ—അത്ര ഉറപ്പിച്ചു—പറഞ്ഞുവോ? ഞാൻ മാത്രമാണോ ആ പ്രസ്താവനയ്ക്കു മുഴുവൻ ഉത്തരവാദി. ജീവ

ശാസ്ത്രം, ഊജ്ജതന്ത്രം, ജ്യോതിശ്ശാസ്ത്രം തുടങ്ങിയ വിജ്ഞാനശകലങ്ങാം എൻെറ തലയിൽ കയററി വച്ചു ; അവയ്ക്കെല്ലാം കാരണക്കാരൻ ഞാനാണെന്നു് നിങ്ങളെല്ലാവരുംകൂടി ഉദ്ഘോഷിച്ചു. ഭൂലോകത്തിലുള്ള പൊണ്ണന്മാരെല്ലാം —തത്വജ്ഞാനികളെപ്പോലെ— അതെല്ലാം വിശ്വസിക്കുകയും ചെയ്തു.

പ്ലേ : (സാന്ത്വനപ്പെടുത്തിക്കൊണ്ടു്) അല്ലയോ ഗുരുദേവാ! അവിടുന്നു കലഹിക്കരുതേ. ഈ നല്ല ചന്ദ്രികയിൽ നിന്നു സങ്കടപ്പെടുന്നതു ശരിയല്ല. അവിടുന്നു ഞങ്ങളുടെ മാൎഗ്ഗദശിയല്ലേ ? ആത്മീയമായി ഞാൻ അവിടുത്തെ പ്രതിച്ഛായ അല്ലേ ? നമുക്കു ശരീരമല്ലെ രണ്ടുള്ളു.

പൈ : (നിഷേധസ്വരത്തിൽ) ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല. നിങ്ങളുടെ കാലത്തു്, കാൎയ്യങ്ങളെല്ലാം തല കീഴായി മറിഞ്ഞു തുടങ്ങി.

പ്ലേ : (പൈതഗോറസ്സ് പറഞ്ഞതു കോംക്കാത്ത ഭാവത്തിൽ) അവിടുത്തെ പ്രതിപുരുഷൻ എന്ന നിലയ്ക്കു ഞാനെന്തെല്ലാം പ്രവൎത്തിച്ചു. അങ്ങയുടെ കണ്ടുപിടിത്തങ്ങളെ യഥായോഗ്യം എല്ലാവരെക്കൊണ്ടും സ്വീകരിപ്പിക്കുവാൻ ശ്രമിച്ചില്ലേ. ആ ശ്രമത്തിൽ ഞാൻ വിജയശ്രീലാളിതനായില്ലെ. നമ്മുടെ ജീവിതകാലത്തു തന്നെ എൻെറ—അല്ല, അവിടുത്തെ— വിജയത്തെക്കുറിച്ചുള്ള കിംവദന്തി അങ്ങാടിപ്പാട്ടായിത്തീൎന്നിരുന്നു ; നാം തന്നെ അതറിഞ്ഞിരുന്നില്ലേ ? വകതിരിവുള്ളവരെല്ലാംതന്നെ, പ്രപഞ്ചമാസകലം സംഖ്യകളാകുന്ന കരുക്കളെക്കൊണ്ടു കെട്ടിപ്പടുത്ത ക്ഷേത്രഗണിതരൂപവിശേഷങ്ങളെക്കൊണ്ടു നിറഞ്ഞതാണെന്നു സമ്മതിച്ചിരുന്നില്ലേ ? ; പരസ്യമായി പ്രഖ്യാപനം ചെയ്തില്ലേ ? അവിടുന്നു് അപൂൎണ്ണനിലയിൽ വിട്ടിട്ടുപോയ വിജ്ഞാനശകലങ്ങളെ അംഗീകരിച്ചുകൊണ്ടു് മനുഷ്യർ പുരോഗമിക്കുന്നതിൽ അത്ഭുതപ്പെടുവാൻ എന്താണുള്ളതു്. അവക്കറിയാം അവയുടെ മാഹാത്മ്യം. പ്രപഞ്ചത്തെക്കുറിച്ചുള്ള ശരിയായ ബോധമുണ്ടാകണമെങ്കിൽ ഗണിതസരണി അവലംബിച്ചു പര്യടനം ചെയ്താൽ മാത്രമേ സാധിക്കുകയുള്ളു എന്ന എൻെറ—അല്ല, അവിടുത്തെ—പ്രസ്താവന ശരിയാണെന്നു്, സമഗ്രസത്യമാണെന്നു്, അവക്കു് ഇപ്പോാം നല്ല ബോധമുണ്ടു്.

പൈ : (വീണ്ടും ശാന്തനായിട്ടു്) അങ്ങനെയെല്ലാം ഞാനും കോംക്കുകയുണ്ടായി. (ആ അവസരത്തിൽ അവരുടെ തലയ്ക്കു മുകളിൽ കൂടി ഒരു പക്ഷി പറന്നു പോയി. അതിൻെറ നിഴൽ ക്ഷണനേരത്തേക്കു ഗുരുദേവൻെറ പൂരികത്തിൽ പതിക്കുകയുണ്ടായി ; തൽഫലമായി പുരികത്തിനു് ഒരു കറുപ്പു തട്ടി.) എൻെറ സുഹൃത്തേ, എനിക്കു നിങ്ങളോളം ആശയില്ല ; ശുഭാപ്തിവിശ്വാസവുമില്ല. എന്തെന്നാൽ നാം ഇങ്ങോട്ടു പോരുന്നതിനു മുൻപു തന്നെ ആരെയോ സ്വീകരിക്കുന്നതിനു വേണ്ടി ആളുകാം ലഹള കൂട്ടുന്നതു കണ്ടില്ലേ. ആരെ സ്വാഗതം ചെയ്യുവാനെന്നു മനസ്സിലായോ?.......ഗലീലിയോവിനെ ! ഇന്നലെ കരുത്ത

തകര! ഇതെല്ലാം ആലോചിക്കുമ്പോൾ നമ്മുടെ ഭാവി ശോഭനമായിരിക്കുമെന്നു തോന്നുന്നില്ല.

ബ്ലേ : (അല്പം പ്രതിഷേധസ്വരത്തിൽ) അല്ല. അല്ല. നമ്മുടെ ഭാവി ശോഭനമാണ്. കാരണം, ഗലീലിയോ ഒരു ഗണിതജ്ഞനാകുന്നു. ഞാൻ കേട്ട വർത്തമാനം ശരിയാണെങ്കിൽ, എൻെറ — അല്ല, അവിടുത്തെ — പ്രസ്താവനകളിൽ നാം കണ്ണിതപ്പെടേണ്ട ആവശ്യം ഒട്ടുംതന്നെയില്ല.

പൈ : എന്ത്? ഒന്നു തെളിച്ചു പറയൂ.

ബ്ലേ : മൂന്നു തൊപ്പി ധരിച്ച ആ സ്ഥൂലകായൻ പറഞ്ഞതു് അവിടുന്നു ശ്രദ്ധിച്ചുവോ? "വിജ്ഞാനം വിരചിതമായിരിക്കുന്നതു് പ്രകൃതിഗ്രന്ഥത്തിലാണ്. ആ ഗ്രന്ഥം നമുക്കു വായിക്കുന്നതിനു വേണ്ടി സദാ തുറന്നുവച്ചിരിക്കുന്നു. പക്ഷേ, അതിലെ ഭാഷ അറിയുന്നവനേ അതു വായിക്കുവാൻ കഴിവുണ്ടാകൂ. ആ ഭാഷാക്ഷേത്രം തുറക്കുന്നതിനുള്ള താക്കോലാണു ഗണിതം— അതു മാത്രമേയുള്ളൂ. ക്ഷേത്രഗണിതാഭിജ്ഞനൊഴിച്ചു മററാർക്കും ആ ഗ്രന്ഥത്തിലെ ചിത്രങ്ങളെ കണ്ടു മനസ്സിലാക്കുവാൻ കഴിയുന്നതല്ല; അനശ്വരമായ സത്യത്തിലെത്തിച്ചേരുവാൻ സാധിക്കുന്നതുമല്ല. പക്ഷേ, ഗണിതജ്ഞൻ വായിക്കുന്നതു തുലോം ചുരുക്കമാണ്. ഒന്നോ രണ്ടോ വാക്കുകൾ മാത്രം. കൂടിപ്പോയാൽ ഒരു വാക്യം. അതും വളരെ വിഷമിച്ച്, ആലോചിച്ചാലോചിച്ച്, ഓരോ അക്ഷരമായി. പക്ഷേ അയാൾ വായിക്കുന്നതു് അഭംഗുരമായ പരമാർത്ഥമാണ്. അതു് അസന്ദിഗ്ദ്ധമാണ്; അവികലമാണ്. അണുമാത്രമായാലെന്ത്? ശേഷമെല്ലാം അഭിപ്രായം—മാററിമറിക്കാവുന്ന അഭിപ്രായം." ഇങ്ങനെയൊക്കെ അല്ലേ ഗലീലിയോ ഉദ്ഘോഷിച്ചതു്. കഷ്ടനഷ്ടങ്ങളും, അരിഷ്ടതകളും, നരകയാതനകളും അനുഭവിച്ച വന്ദ്യഗുരോ! ഗലീലിയോ, സത്യത്തിൽ വിശ്വസിക്കുന്നവനാണെന്നു് അവിടുന്നു ധരിച്ചാലും.

പൈ : (സംശയദൃഷ്ടിയോടെ) പിന്നെ എന്തിനാണ് അയാൾ കൈകൊണ്ടു് എന്തൊക്കെയോ കൃത്രിമം ചെയ്തുകൊണ്ടിരിക്കുന്നതു്.

ബ്ലേ : അതോ, അതു വെറും ബാലചാപല്യം. അയാൾക്കിപ്പോൾ ബാല്യമല്ലേ. വളർന്നു വലിയവനാകുമ്പോൾ ഈ കൃത്രിമങ്ങൾ അയാളെ വിട്ടുമാറും. അതിന് അല്പകാലം മതി. അത്രയും ക്ഷമിക്കേണ്ടതു തന്നെ.

പൈ : എന്നാൽ ആകട്ടെ. അതിനു വേണ്ട കാലം നാം അനുവദിച്ചേയ്ക്കാം; പക്ഷേ കാലം അനന്തമാകരുതെന്നേയുള്ളൂ. ഈ ചാപല്യം എത്ര കാലത്തേയ്ക്കു നിലനിൽക്കുമെന്നാണു നിങ്ങളുടെ വിചാരം?

ബ്ലേ : (അല്പം ചിന്തിച്ചശേഷം) ഏകദേശം ഒരു മുന്നൂറു കൊല്ലം. അതു മതി. അതു മതിയെന്നാണെനിക്കു തോന്നുന്നതു്.

പൈ : അത്രയും വേണോ? ജീവിതചംക്രമണങ്ങളിൽ ഒരൊററ ചംക്രമണത്തിന് അത്രയും സമയദൈർഘ്യമില്ലല്ലോ. ഒരൊററ ശരീരത്തിൽ ഒരു വ്യക്തിക്കും അത്രയും കാലത്തെ ജീവിതം അനുഭവിച്ചിട്ടില്ലല്ലോ. ആയാളെ സംസാരചക്രത്തിൽ അഞ്ചെട്ടു ചംക്രമണസമയത്തേയ്ക്കു ബന്ധിച്ചിട്ടുണ്ടെന്നോ? അത്രയും കാലം കഴിഞ്ഞേ അയാൾക്കു മോചനം ലഭിക്കുകയുള്ളോ?

ബ്ലേ : ഏതാണ്ടങ്ങനെ തന്നെ. അയാൾക്ക് അഞ്ചാറു പുനർജ്ജന്മങ്ങളുണ്ടാകും. അജ്ഞന്മാർ പുനർജ്ജന്മരൂപങ്ങളെ അയാളുടെ അനുചരന്മാരെന്നോ ശിഷ്യന്മാരെന്നോ വിളിക്കും. ആകെക്കൂടി അയാളുടെ കാലം —പുനർജ്ജന്മങ്ങൾക്കും ചേർന്നുള്ള കാലം — മൂന്നു ശതാബ്ദത്തിൽ കൂടുകയില്ലെന്നാണ് എൻെറ വിചാരം.

പൈ : അല്ല. എന്താ മൂന്നു ശതാബ്ദമെന്നു പറയുന്നത്. അതിനു വല്ല കാരണവുമുണ്ടോ?

ബ്ലേ : കാരണമോ? ഇല്ലാതില്ല. ആദർശസംഖ്യകളുടെ ആവശ്യമാണത്. ഭൂലോകത്തിൽ ഓരോ വ്യക്തിയും അത്രയും കാലംകൊണ്ടാണ് അവൻ നിശ്ചയിച്ചിട്ടുള്ള പന്ഥാവു പര്യടനം ചെയ്തു തീർക്കുന്നത്. പ്രാപഞ്ചികമായ മൂന്ന്; അല്ല ദിവ്യമായ മൂന്ന്. അതാണത്— അത്രയും ദശദശാബ്ദങ്ങൾ അഥവാ ശതാബ്ദങ്ങൾ. അത്രയും കാലം നിങ്ങൾക്കും സുവർണ്ണദശയുണ്ടായിരുന്നു. എനിക്കുമങ്ങിനെ തന്നെ. അതിനുശേഷം ചക്രമൊന്നു തിരിഞ്ഞു കറങ്ങിത്തുടങ്ങി.

പൈ : അക്കാര്യം ഞാനറിയും. ദയചെയ്ത് അതൊന്നും വീണ്ടും എന്നെ ഓർമ്മിപ്പിക്കല്ലേ ആ വർത്തമാനം എന്നെ വിവശനാക്കുന്നു. അപ്പോൾ ആ ചംക്രമണചക്രത്തിൽ നിന്നും ഒരു മുന്നൂറു കൊല്ലത്തേയ്ക്കു നാമിരുവരും അകന്നു നിൽക്കണം. അങ്ങനെയല്ലേ നിങ്ങൾ പറയുന്നത്?

ബ്ലേ : അതെയതെ. അങ്ങിനെതന്നെയാണു ഞാൻ പറഞ്ഞത്. സംഖ്യകൾക്ക് എൻെറ കാലത്തുള്ള സ്ഥാനമാഹാത്മ്യം ഇന്നില്ല. എൻെറ കാലഗണനയിൽ അല്പം വല്ല തെററും പററിയിരിക്കാം. അതിനാൽ മുന്നൂറു കൊല്ലത്തോട് നമുക്ക് ഒരു ഇരുപതു കൊല്ലംകൂടി കൂട്ടിച്ചേർക്കാം. അതു മതി. അല്ല ധാരാളമായി.

പൈ : അതാണു നിങ്ങളുടെ ആഗ്രഹമെങ്കിൽ അങ്ങനെ തന്നെയിരിക്കട്ടെ. എന്തായാലും ശരി, എൻെറ സന്താനങ്ങൾക്ക്— സംഖ്യാസന്താനങ്ങൾക്ക്— നിഷേധം ഞാൻ അരുളുന്നതല്ല. അപ്പോൾ എ. ഡി. 1920 വരെ നാം തിരിച്ചു വരുന്നതല്ല— യഥാർത്ഥമായി തിരിച്ചു വരുന്നതല്ല. അല്ലേ?

ബ്ലേ : അങ്ങനെയാണു ഞാൻ ധരിച്ചിരിക്കുന്നത്.

പൈ : എന്നാലാകട്ടെ. അപ്പോൾ നമുക്ക് ഇവിടെ വച്ച്— പട്ടണപ്രാന്തത്തിലുള്ള ഈ മലമുകളിൽ വച്ച്, ഭ്രാന്തമതികൾ ശാശ്വതമെന്നു പറയുന്ന ഈ ഗിരിശീർഷത്തിൽ വച്ച്—യാത്ര പറഞ്ഞു പിരിയാം. നാ

മിരുവരും നന്നേ ക്ഷീണിച്ച വശായിട്ടുണ്ട്. നമുക്ക അല്പം വിശ്രമം ആവശ്യമാണ്. അതിനാൽ നമുക്ക് അല്പമൊന്നു വിശ്രമിക്കാം; കിടക്കാം; ഉറങ്ങാം. പക്ഷേ ഗാഢമായിട്ടല്ല. ഗാഢമായി ഉറങ്ങി പ്പോയാൽ നമ്മുടെ കാര്യം അവതാളത്തിലായേയ്ക്കാം. അവർ നമ്മെ വിസ്മരിച്ചു എന്നു വന്നേയ്ക്കും. അതിനു ശേഷമാണു നാം ഉണരുന്ന തെങ്കിൽ........" (അല്പം ഒന്നു നിറുത്തീട്ട് വീണ്ടും ഇങ്ങനെ ആരം ഭിച്ചു) "അതാ! അവിടെ ഒരു ആറംക്കൂട്ടം കാണുന്നില്ലേ! എന്താ വിശേഷം. അവരെല്ലാം എന്തു ചെയ്യുന്നു."

ബ്ലേ: (അല്പനേരം ആ ഭാഗത്തേയ്ക്കു സൂക്ഷിച്ചു നോക്കീട്ട്) അതു ഒരു ശവ ദാഹസംരംഭമാകുന്നു. അവർ ചുള്ളികളും വിറകും മററും ഒരു തൂണി ന്നു ചുററുമായി കൂട്ടിയിടുകയാണു. ഈ ശവദാഹം എൻെറ കാലത്തു ണ്ടായിരുന്നതിൽ നിന്നും എത്രയോ വ്യത്യസ്തമായ ഒരു ഏർപ്പാടായ ട്ടാണു കാണുന്നതു്. എൻെറ കാലത്തു ശവദാഹത്തിനു വിറകും മററും സമാന്തരഘനികാ (parallelopiped) രൂപത്തിൽ അടുക്കുകയായിരുന്നു പതിവു്; ഇതുപോലെ കൂട്ടിയിടുകയല്ല. (അല്പനേരം കണ്ണിമയ്ക്കാതെ സൂക്ഷിച്ചു നോക്കിയശേഷം) ചിത നോക്കീട്ട്, മരിച്ച ആറം ഒരു പ്രമാണിയായിരിക്കുമെന്നാണു തോന്നുന്നതു്. പക്ഷേ പ്രസിദ്ധനായ ആരും ഈയിടെ മരിച്ചതായി നാം കേട്ടില്ലല്ലോ. ആ രായരിക്കാമതു്

പൈ: (പരിഹാസസ്വരത്തിൽ) അതോ! ആരിസ്റ്റോട്ടിലായിരിക്കാം. അയാ ളുടെ അവശിഷ്ടമെല്ലാം ദഹിപ്പിക്കാനായിരിക്കാം അവരുടെ ഉദ്യമം

ബ്ലേ: (അല്പം ഗൌരവസ്വരത്തിൽ) ആനക്കാര്യത്തിൽ ചേനക്കാര്യം! ഈ നിമിഷം വരേയ്ക്കു് ആരിസ്റ്റോട്ടിൽ മരിച്ചിട്ടില്ല.

പൈ: (മാപ്പു ചോദിക്കുന്നു) ഞാൻ പറഞ്ഞതു തെററിപ്പോയി. എന്നിരുന്നാ ലും അയാറംക്കു്—ആരിസ്റ്റോട്ടിലിനു്—നമ്മെ ഉപജീവിക്കുവാൻ യാ തൊരവകാശവുമില്ല. അയാറം മൃതശയ്യയിൽ കിടന്നാലും ശരി, നാം ആ സ്ഥലം വിട്ട ശേഷം അയാറംക്കവിടെ സ്ഥാനമില്ല. ഒരൊററം നിമിഷത്തേക്കുപോലും സ്ഥാനമില്ല. ഇനി നിങ്ങറം ഈ കാഴ്ച മുഴുവൻ കാണാൻ ഇവിടെ നില്ക്കുന്നുണ്ടോ?

ബ്ലേ: ഹേയ് ഇല്ല. ഇല്ല. ഞാനിതാ പോകുന്നു.

പൈ: എങ്ങോട്ടാണു യാത്ര?

ബ്ലേ: എവിടേയ്ക്കോ; ആക്കറിയാം. അവിടുന്നെങ്ങോട്ടാ?

പൈ: ഞാനോ ഒരു നിശ്ചയവുമില്ല. എന്തായാലും നിങ്ങളെ ഒന്നു കാണു വാൻ സാധിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. നമുക്കു വീണ്ടും 1920-ൽ കാണാം. എങ്കിൽ ഞാൻ വരട്ടെ.

ബ്ലേ: നാം വീണ്ടും കൂട്ടിമുട്ടുന്നതു വരെ ന്യായവും സത്യവും അങ്ങയുടെ പക്ഷത്തു തന്നെയിരിക്കട്ടെ. നമസ്തെ!

(പകപ്പവകാശം ലേഖകനു്)

# ചില തെററിദ്ധാരണകൾ

## മലയാളഭാഷയെപ്പററി

ജെ. മാത്യൂസ്

തമിഴിൽ നിന്നും പൊട്ടിയ കവരക്കണ്ണിയിൽ സംസ്കൃതം കലത്തിയതാണ് മലയാളമെന്ന് ഈയിടെ ഹിന്ദുപത്രത്തിൽ ഒരാൾ എഴുതിക്കണ്ടു. തമിഴ്നാടും കേരളവും ഒരേ പ്രവിശ്യയായി കഴിഞ്ഞുകൂടാനുള്ള സാധ്യതകൾ പറഞ്ഞുവരുന്ന വഴിക്കാണ് ഈ വ്യാപനം. എഴുത്തുകാരൻ ഒരു മലയാളിയുമാണെന്ന് പേരുകൊണ്ടു തോന്നി. ഈ തെററിദ്ധാരണ മലയാളത്തും വെളിക്കും ഇന്നും നിലനില്ക്കുന്നതാണത്ഭുതം. എ. ആർ. ആററൻർ, പണിക്കർ തുടങ്ങിയ ഭാഷാപണ്ഡിതന്മാർ അടുത്തകാലത്തു നടത്തിയിട്ടുള്ള ഗവേഷണങ്ങൾക്കു മലയാളികളുടെ ഇടയ്ക്കുതന്നെ വേണ്ടത്ര പ്രസിദ്ധീകരണം കിട്ടിയിട്ടില്ല; പുറത്തുള്ള ഇവരുടെ കാര്യം പറയാനുമില്ല.

ഈയിടെ 'ലിങ്ഗ്വിസ്റ്റിക് സർവ്വേ ഓഫ് ഇൻഡ്യ' എന്ന ഗ്രന്ഥത്തിന്റെ താളുകൾ ഒന്നു മറിച്ചുനോക്കാനിടയായി. അതിലെ ചില കണ്ടുപിടിത്തങ്ങൾ രസംപിടിച്ചവതന്നെ:— "മലയാളത്തിനു് രണ്ടു ഭിന്നരൂപങ്ങൾ ഉണ്ടു്. ഒന്നു് പ്രാചീനസാഹിത്യത്തിൽ ഉപയോഗിച്ചിട്ടുള്ളതു്, മററതു് സംസാരഭാഷയുടെ രൂപം. സാഹിത്യഭാഷ സംസാരഭാഷയേക്കാൾ വളരെക്കൂടുതൽ തമിഴിനോടു ബന്ധപ്പെട്ടതാണ്. തമിഴിൽനിന്നുള്ള മുഖ്യമായ വ്യത്യാസം മലയാളത്തിൽ സംസ്കൃതത്തിൽനിന്നു കടമെടുത്ത ശബ്ദങ്ങളുടെ ആധിക്യമാണ്. ദ്രാവിഡഭാഷകളിൽ ഏററവും സംസ്കൃതീകരിച്ച (Sanscritized) ഭാഷ മലയാളമാണ്. സംസ്കൃത വിഭക്ത്യന്തരൂപങ്ങൾ പോലും അതിൽ അനുവദിച്ചിട്ടുണ്ടു്."

അഖിലഭാരത പ്രസിദ്ധിയുള്ള ഒരു പ്രമാണപ്പുസ്തകത്തിൽ ഇങ്ങിനെ എഴുതിക്കിടക്കവേ — അതും വായുപോലെ ലോകം പൊതിഞ്ഞുനില്ക്കുന്ന ഒരു വമ്പൻ ഭാഷയിൽ — സഹ്യാദ്രിക്കപ്പുറമുള്ള ഇടുങ്ങിയ വട്ടത്തിൽ നിന്നുകൊണ്ടു് നമ്മുടെ തലവന്മാർ എത്രമേൽ ഒച്ചവെച്ചാലും ആരു കേൾക്കാനാണ്; അറിയാനാണ്.

ഈ അഭിപ്രായത്തിന്റെ അകംപൊള്ളയാണെന്നു് തമിഴ് മലയാളം തെലുങ്ക് തുടങ്ങിയ മുഖ്യ ദ്രാവിഡഭാഷകളിൽ ഏകദേശജ്ഞാനമെങ്കിലും ഉള്ള ആരും സമ്മതിക്കേണ്ടതാണ്. ദ്രാവിഡഭാഷകളിൽവെച്ച് ഏററവും സംസ്കൃതമയം മലയാളമാണെന്നു പറയുമ്പോൾ തെലുങ്കിന്റെ കഥ പാടെ മറന്നുകളയുന്നതാണാശ്ചര്യം. സംസ്കൃത ശബ്ദങ്ങൾ കടം വാങ്ങിയിട്ടുള്ളതു മലയാളം മാത്രമോ? തമിഴ് വാങ്ങിയിട്ടില്ലേ? ഇൻഡ്യയിലെ നാട്ടുഭാഷക

ളിൽ സംസ്കൃതശബ്ദങ്ങൾ കലൎന്നിട്ടില്ലാത്ത ഒന്നെങ്കിലും ചൂണ്ടിക്കാണിക്കാനുണ്ടോ? തമിഴ്സാഹിത്യത്തിലെ മുത്തുമുരടിച്ച കൃതികൾ എടുത്തു പരിശോധിക്കുക; അവയിലും സംസ്കൃതക്കലൎപ്പു കാണാം. പിന്നെ മലയാളത്തിൽ കൂടുതലുണ്ടെന്നാണ് വാദമെങ്കിൽ അതിലും വലിയ കഴമ്പില്ല. ലിങ്ഗ്വിസ്റ്റിക് സൎവ്വേയിൽ തന്നെ തമിഴിന്റെയും മലയാളത്തിന്റെയും മാതൃകയായി ബൈബിളിൽ നിന്നു് എടുത്തു വച്ചിരിക്കുന്ന ഭാഗങ്ങൾ തമ്മിൽ തട്ടിച്ചുനോക്കിയാൽ മതിയുള്ള ബോധ്യമാവാൻ. തമിഴിലെ ഏതെങ്കിലും ഒരു നോവലോ, മാസികയോ, ദിനപത്രമോ എടുത്തുനോക്കുക; അവയിൽ സംസ്കൃത ശബ്ദങ്ങളുടെ ദിഗംബരനൃത്തം നിങ്ങളെ അത്ഭുതപ്പെടുത്താതിരിക്കയില്ല. ഒരു തമിഴ് മാസികയിൽനിന്നും കരുതിക്കൂട്ടാതെ പെറുക്കിയെടുത്ത ഏതാനും വാക്യങ്ങളാണ് അടിയിൽ ചേൎത്തിരിക്കുന്നതു്. "അതനൈ മികുന്ത ഉർച്ചാകത്തോടും ശ്രദ്ധയോടും അനുഷ്ഠാനത്തിർക്കു കൊണ്ടുവന്തിരുക്കിറാർ. നാഗരീക ഉലകത്തിൽ അങ്കാങ്കു വസിക്കും അറിഞർകൾ മത്തിയിൽ അവരുക്കേർപ്പെട്ടിരിക്കും മകത്താന ചെൽവാക്കാനതു മിരുകപലത്തുക്കു മുക്കിയത്തുവം കൊടുക്കിറ ഇന്ത യുഗത്തിൽ സ്ഥിരമില്ലാതതാക തോൻറിയപോതിലും എതിർകാലത്തിൽ ഊൎജ്ജിതം പെററുവിളങ്കും" ഇതേ ആശയം മലയാളത്തിൽ പറയാൻ ഇതിൽക്കൂടുതൽ സംസ്കൃതപദങ്ങൾ ഉപയോഗിക്കേണ്ടിവരുമോ? മേൽക്കണ്ട വാക്യങ്ങൾ മലയാളവേഷം അണിയിച്ചുനോക്കാം:— "അതിനെ വലിയ ഉത്സാഹത്തോടും ശ്രദ്ധയോടും അനുഷ്ഠാനത്തിനു കൊണ്ടുവന്നിരിക്കുന്നു. നാഗരികലോകത്തിൽ അങ്ങിങ്ങുവസിക്കുന്ന ജ്ഞാനികളുടെ മദ്ധ്യത്തിൽ അവൎക്കുള്ള മഹത്തായ കീൎത്തി മൃഗബലത്തിനു മുഖ്യത്വം കൊടുക്കുന്ന ഈ യുഗത്തിൽ സ്ഥിരമില്ലാത്തതായി തോന്നിയാലും ഭാവികാലത്തിൽ ഊൎജ്ജിതത്തോടുകൂടി വിളങ്ങും." ഈ അണിയിക്കലിൽ സംസ്കൃതപ്പദങ്ങൾ കൂടുതൽ ഏതെങ്കിലും വേണ്ടിവന്നോ? ജ്ഞാനി, കീൎത്തി എന്നിവ കൂടുതൽ വേണ്ടിവന്നു; അല്ലേ? എന്നാലവ തമിഴലും ആകാവുന്നവ തന്നെ. പിന്നെ ഭാവികാലമുണ്ടു്. അതു തമിഴിലും ആകാമോ? ആവോ? കിടക്കട്ടെ. ഒരു കാര്യമുണ്ടു്. തമിഴിൽ സാധാരണ സംസ്കൃതം കൊണ്ടു കാലയാപനം ചെയ്യേണ്ട ദിക്കിൽ നമുക്കു മലയാളംകൊണ്ടുതന്നെ നില്ക്കാമെന്നുള്ളതിനു നിരവധി ഉദാഹരണങ്ങൾ കാണിക്കാനുണ്ടു്. മുൻപെടുത്ത തമിഴ് മാസികയിൽനിന്നു തന്നെ ഉദ്ധരിക്കട്ടെ:— 1. ഞാപകം ഇല്ലൈയാ=ഓൎമ്മ ഇല്ലേ? 2. ഒരു വ്യാപാരിയൈ സന്തിത്താൻ=ഒരുവ്യാപാരിയെകണ്ടുമുട്ടി. 3. വെകു നേരം തൂങ്കിനാൻ=വളരെ നേരം ഉറങ്ങി. ജ്ഞാപകം, സന്ധിക്കു, ബഹു എന്നീ സംസ്കൃതപദങ്ങൾ മേല്ക്കാണിച്ച ഇടങ്ങളിൽ മലയാളി ഉപയോഗിക്കപതിവില്ല; തത്സ്ഥാനത്തു തനി മലയാളശബ്ദങ്ങൾ തന്നെയാണു നമുക്കു വേണ്ടതു്. മലയാളി സംസ്കൃതം കിനാവുകാണാത്ത ദിക്കിൽക്കൂടി തമിഴൻ പച്ച സംസ്കൃതം തട്ടിവിടുന്നതു നിങ്ങൾ സൂക്ഷിച്ചിട്ടില്ലേ? തമിഴരിൽ പഠിപ്പില്ലാത്ത തെരുവുതെണ്ടിപോലും ജലമാണു് ശാപ്പിടുന്നതു്. മലയാളികളിൽ അരമനയിൽ ആളുന്ന അരചൻ

പോലും വെള്ളമേ കുടിക്കൂ. തമിഴൻ സായന്തനം വീട്ടുക്കു കിളമ്പും. മലയാളി വൈകുന്നേരം അങ്ങനെ ചെയ്യും. അടുക്കളഭാഷയിൽപോലും കടിച്ചാൽ പൊട്ടാത്ത സംസ്കൃതം തമിഴർക്കു് ഒഴിച്ചുകൂടാൻ പാടില്ല. കഥിക്കുക എന്ന സംസ്കൃതപദം കേട്ടാൽ മലയാളി മിഴിക്കും; എന്നാൽ തമിഴന്റെ നിത്യപരിചയത്തിൽപെട്ടതുമാണു്. ഇങ്ങനെ അവിടില്ലാത്തതിവിടെയും ഇവിടില്ലാത്തതവിടെയും ഉണ്ടെന്നു വച്ചു ഒപ്പമൊപ്പം തള്ളിയാലും സമംസമം ശേഷിക്കാനേ തരമുള്ളു.

വിഭക്ത്യന്തങ്ങളുടെ കഥയോ? ഇതെപ്പററി വിചാരണ ചെയ്യുംമുമ്പു് ഒരുകാര്യം പറയേണ്ടതുണ്ടു്. ഒരു ഭാഷയുടെ സ്വരൂപം നിർണ്ണയിക്കുമ്പോൾ സാഹിത്യഭാഷയോ സംസാരഭാഷയോ മാനദണ്ഡം? സാഹിത്യഭാഷ പല കൃത്രിമരൂപങ്ങളും കൈക്കൊണ്ടെന്നുവരാം. മനുഷ്യശരീരഘടനാവിചാരണയിൽ ആറുവിരലന്മാർക്കും മുറിമൂക്കന്മാർക്കും ഒക്കെ ഉള്ള സ്ഥാനമേ ആവുക കൃത്രിമരൂപങ്ങൾക്കു് ഭാഷാസ്വരൂപവിചാരണയിൽ ഉള്ളൂ. മണിപ്രവാളം കൃത്രിമമായി ഉണ്ടാക്കിയ ഒരു ഭാഷയാണു് — ഇടക്കാലത്തു നമ്മുടെ സാഹിത്യകാരന്മാർ ഭാഷകൊണ്ടു ചെയ്ത ചെപ്പടിവിദ്യയാണു്. ഐന്ദ്രജാലികൻ തീ വിഴുങ്ങുന്നതു കണ്ടു തീ മനുഷ്യന്റെ തീററിയാണെന്നാരെങ്കിലും പറയുമോ? മണിപ്രവാളം മലയാളമാണെങ്കിൽ "തസ്സററാ ധുഷപ്പ്കാഷ്കശട്ടപ്കെമ്പിററം" എന്നും മററും പറയുന്നതും മലയാളമാണെന്നു വരണം.

മണിപ്രവാളഭാഷ അചിരേണ അകാലവാർദ്ധക്യം പിടിച്ചു സാഹിത്യവ്യവസായത്തിനും കൊള്ളാതായി തറവാട്ടു മ്യൂസിയത്തിന്റെ മൂലയിൽ ഇരിപ്പുറപ്പിച്ചു പോയി. കേരളവർമ്മയുടെ കായകല്പ ചികിത്സകൊണ്ടും മൂപ്പിൽപുറത്തിറങ്ങി നടപ്പുണ്ടായില്ല. ആധുനിക മലയാളസാഹിത്യത്തിന്റെ കോലിളക്കത്തിൽ കിഴവൻ മൺമറഞ്ഞ മേലോരുടെ കൂട്ടത്തിലുമായി; ഇനി ഒടുക്കത്തെ നാളിലും എഴുന്നേററുവരുന്ന മട്ടുമില്ല. ഇന്നത്തെ നമ്മുടെ സാഹിത്യം സംസാരഭാഷയിൽ അടിത്തറ കെട്ടിയാണു വളരുന്നതു് — വളരേണ്ടതും.

തമിഴിൽ സംസ്കൃതം കലർത്തിയെടുത്താണു് മലയാളമെന്നുള്ളതു അടിസ്ഥാനമററിട്ടു തൂങ്ങിനില്ക്കുന്ന ഒരു തെററിദ്ധാരണ മാത്രമാണു്.

മലയാളം തമിഴിന്റെ തായ്ത്തടിയിൽപൊട്ടിയ കവരം മാത്രമോ? നമ്മുടെ ഭാഷയ്ക്കു തമിഴിൽനിന്നും വ്യതിരിക്തമായ ഒരാസ്തിക്യമുണ്ടെന്നു കണ്ണുള്ളവർ കണ്ടുകഴിഞ്ഞതാണു്. മലയാളത്തിന്റെ തനിമയെ ലിങ്ഗ്വിസ്റ്റിക്സർവ്വേയിലും സമ്മതിച്ചിട്ടുണ്ടു്:—"പഴയകാലത്തു് മലയാളം തമിഴിന്റെ ഒരു രൂപഭേദമെന്നു വിചാരിച്ചിരുന്നു. ഇന്നാകട്ടെ അതു ഭിന്നമായ ഒരു ഭാഷയെന്നു സാർവ്വത്രികമായി സമ്മതിച്ചിട്ടുണ്ടു്." കൂടാതെ സംസാരഭാഷ സാഹിത്യഭാഷയേക്കാൾ തമിഴിലിൽനിന്നകന്നതാണെന്നും പറയുന്നു. 'ചെയ്യുന്നാൻ' എന്നുംമററും പുരുഷപ്രത്യയം ചേർന്ന ക്രിയാരൂപങ്ങൾ പദ്യസാഹിത്യത്തിൽ ചിതറിക്കിടക്കുന്നതു കണ്ടിട്ടാണെന്നുതോന്നുന്നു സാഹിത്യഭാഷയ്ക്കു തമിഴിനോടടുപ്പമുണ്ടെന്നു പറഞ്ഞതു്. ഈമാതിരി കാര്യങ്ങളിൽ സാഹിത്യഭാഷയെ — അതിലും പദ്യസാഹിത്യഭാഷയെ — അടിസ്ഥാന

പ്പെടുത്തി ചെയ്യുന്ന നിഗമനങ്ങൾ ഒരിക്കലും ശരിയാകയില്ല. സംസാര ഭാഷയും അതിൻെറ അടിസ്ഥാനത്തിൽ വളൎന്നു വരുന്ന ഗദ്യസാഹിത്യ ഭാഷയും മാത്രമേ നോക്കേണ്ടതുള്ളു. പുരുഷപ്രത്യയങ്ങളുടെ ചരിത്രം ലിങ്ഗ്വിസ്റ്റിക് സൎവ്വേയിൽ ഇങ്ങനെ കാണുന്നു:— "പഴയ മലയാളത്തിൽ തമിഴിലെപ്പോലെ പുരുഷപ്രത്യയങ്ങൾ ചേൎത്ത ക്രിയാരൂപങ്ങൾ ഉപയോഗിച്ചിരുന്നു ചെയ്യുന്നാൻ, ചെയ്യുന്നാൾ എന്ന മാതിരി. പതിമൂന്നാം നൂററാണ്ടിനു ശേഷമാണു പുരുഷപ്രത്യയങ്ങൾ വിട്ടുകളഞ്ഞു തുടങ്ങിയതു്. പതിനഞ്ചാം ശതകത്തിൻെറ അവസാനത്തോടുകൂടി അവ ഉപയോഗത്തിൽ നിന്നും പാടേ പോയ്പോയി." ഇതു പദ്യസാഹിത്യത്തെപ്പററിയാണെങ്കിൽ ഏറെക്കുറെ ശരിയാണെന്നു വയ്ക്കാം. പദ്യസാഹിത്യത്തിൽ പോലും പുരുഷപ്രത്യയം സാൎവ്വത്രികമായി ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. രാമചരിതത്തിലും തെക്കൻ തിരുവിതാംകൂറിലുണ്ടായിട്ടുള്ള ചില തമിഴ്പാട്ടുകളിലും പുരുഷപ്രത്യയം കൊഴിഞ്ഞ ക്രിയാരൂപങ്ങൾ കാണ്മാനുള്ളതു് കുറിക്കൊള്ളേണ്ട കാൎയ്യമല്ലേ? സംസാരഭാഷയിൽ പുരുഷപ്രത്യയങ്ങൾ അന്നുമില്ല ഇന്നുമില്ല എന്നുള്ളതല്ലേ വാസ്തവം?

"പുരുഷപ്രത്യയങ്ങൾ ലക്ഷദ്വീപങ്ങളിലും തെക്കെ കൎണ്ണാടകത്തിലെ മാപ്പിളമാരുടെ ഇടയിലും അവശേഷിക്കുന്നതായി പറയപ്പെടുന്നു" എന്നു് ലിങ്ഗ്വിസ്റ്റിക് സൎവ്വേയിൽ പറഞ്ഞിരിക്കുന്നതു എന്തടിസ്ഥാനപ്പെടുത്തിയാണാവോ? ഇതു അന്വേഷിച്ചറിയേണ്ടതു തന്നെ.

പഴയ സംസ്കൃതഗ്രന്ഥങ്ങളിലൊന്നും മലയാളത്തെപ്പററിയുള്ള പരമാൎശം ഇല്ലാത്തതിനാൽ അക്കാലത്തെങ്ങും മലയാളം ഉണ്ടായിരുന്നില്ലെന്നു വരുമോ? കുമാരിലഭട്ടൻ മലയാളത്തെ ദ്രാവിഡ ഭാഷയിൻ അതായതു തമിഴിൽ ഉൾപ്പെടുത്തിക്കളഞ്ഞുവത്രെ. അതിനാൽ മലയാളം അദ്ദേഹത്തിൻെറ കാലത്തിനും ശേഷമാണു് തമിഴിൽനിന്നും വേൎതിരിഞ്ഞതെന്നുള്ള തീരുമാനത്തിൽ ലിങ്ഗ്വിസ്റ്റിക് സൎവ്വേ ചെന്നെത്തുന്നു. കുമാരിലഭട്ടൻ ദ്രാവിഡഭാഷയ്ക്കെന്തൎത്ഥമാണു കല്പിച്ചിരുന്നതെന്നാരറിഞ്ഞു ഇന്നു നാം തമിഴെന്നു പറയുന്ന അൎത്ഥത്തിൽ തന്നെയോ? ആണെങ്കിൽ തന്നെയും അതുമൊരു തെററിദ്ധാരണയെന്നോ അല്ലെങ്കിൽ മലയാളം അദ്ദേഹത്തിൻെറ നോട്ടത്തിൽ അകപ്പെടാതെ പോയന്നോ വേണം വിചാരിക്കാൻ. പഴയ പറങ്കികൾ തമിഴ്ഭാഷക്കും മലബാർ ഭാഷ എന്നു പേരിട്ടിരുന്നതുകൊണ്ടു അക്കാലത്തു തമിഴിനു് തനിമയില്ലായിരുന്നെന്നും പില്ക്കാലത്താണു് തമിഴ് മലയാളത്തിൽനിന്നും വേൎപിരിഞ്ഞതെന്നും വാദിക്കരുതോ? അതു പോലെയാണു് കുമാരിലഭട്ടൻെറ ദ്രാവിഡഭാഷയിൽ തൂങ്ങി വാദിക്കുന്നതും.

എന്തൊക്കെ ആയാലും ആദ്യം മലയാളിയുടെ ഭാഷ തമിഴ്തന്നെ ആയിരുന്നിരിക്കണം; അവൻ തമിഴ് നാട്ടിൽ നിന്നും വന്നവനല്ലേ? ആയിരിക്കാം; എന്നാൽ അതേതു കാലത്തായിരുന്നു? അന്നത്തെ തമിഴിൻെറ സ്വരൂപം ഇന്നത്തേതിൽ നിന്നെത്രയോ ഭിന്നമായിരുന്നിരിക്കണം. അതിൽപിന്നീടു തമിഴ്നാട്ടിലെ ഭാഷ എത്രയൊക്കെ എങ്ങനെയെല്ലാം വളൎന്നു മാറിമറഞ്ഞു പോയിട്ടില്ല. മൂലദ്രാവിഡഭാഷയിൽ നിന്നും

# ശീട്ടുകളി

ഓ. എം. അനുജൻ.

ജീവിതമൊരു ശീട്ടുകളിയാ, ണതിൽ നമ്മ-
ളേവരും കളിക്കാരാ ; ണില്ലാരും കാഴ്ചക്കാരായ്.
ഇത്രയെന്നില്ലാ കയ്യിലുള്ളതു വിളിച്ചീടാ-
മിഷ്ടംപോൽത്തുരുപ്പോതാം; ചോദിക്കുവാനില്ലാരും.
റാണിയും രാജാവുമുണ്ടെങ്കിലോ, പുറമേയ്ക്കു
കാണിക്കാം ; കാണിക്കായ്കിലെണ്ണത്തിൽക്കൂട്ടാറില്ല.
ഇല്ലിതിൽപ്പാരമ്പര്യസ്വത്തെന്നോ ; നവനവൻ
വല്ലതും സമ്പാദിച്ചാൽ'പ്പിടിയി'ലതു മാത്രം.
കളി തീർന്നതിൻശേഷം തോൽവിയും വിജയവും
കണക്കാക്കീടും ; തോറേറാർ കുറപ്പു സമ്പാദിക്കും.
പഴകിപ്പോയാൽ ശ്ശീട്ടു മാററിടും, കളിപ്പവർ
പുതുതായ് വരും—കളിസ്ഥലമേ മാറാതുള്ളു.

(പകർപ്പവകാശം)

ഇന്നത്തെ തമിഴ് രൂപമെടുക്കുന്നതിനെത്രയോ മുമ്പുതന്നെ മലയാളി തമിഴ്നാടു വിട്ടു പോന്നിരിക്കണം. കാൽഡ്വെല്ലിന്റെ അനുമാനങ്ങൾ ഈ അഭിപ്രായത്തിന്റെ വഴിക്കാണു് ചെല്ലുന്നതു്. ഇതിനുപോദ്ബലകമായ തെളിവുകൾ ലിങ്ഗ്വിസ്റ്റിക് സർവ്വേയിലും കാണുമാറുണ്ടു്. മലയാളത്തിലെ ആഖ്യാത രൂപങ്ങൾ ദ്രാവിഡഭാഷാവികാസത്തിന്റെ അതിപ്രാചീനമായ ഒരു ഘട്ടത്തെ കുറിക്കുന്നവയാണെന്നു് അതിൽ സമർത്ഥിച്ചിരിക്കുന്നു. പുരുഷ വ്യത്യാസത്തിനു കീഴടങ്ങാതെ തമിഴിൽ ദുർലഭമായും ഗോണ്ഡിയിൽ ചിലപ്പോഴൊക്കെയും കാണാറുള്ള ക്രിയാരൂപങ്ങൾ അതിനു തെളിവായിട്ടെടുത്തിട്ടുമുണ്ടു്. ഇത്രത്തോളമെല്ലാം മുന്നിട്ടുചെന്ന ലിങ്ഗ്വിസ്റ്റിക് സർവ്വേ 'മലയാളം കുമാരിലഭട്ടന്റെ കാലശേഷം തമിഴിൽനിന്നു് പിരിഞ്ഞെന്നും പറഞ്ഞു് പൊടുന്നനെ പിന്നോക്കം പാഞ്ഞുകളഞ്ഞതു് കഷ്ടമായിപ്പോയി.

ദ്രാവിഡഭാഷകളിൽ മൂലദ്രാവിഡഭാഷയോടേററം അടുത്തു നില്ക്കുന്നതു് മലയാളമാണെന്നു തെളിഞ്ഞു തെളിഞ്ഞു വരികയാണു്. തറവാട്ടുസ്വത്തുക്കളുടെ കൈവശാവകാശം നോക്കിയാൽ മലയാളത്തിനു തന്നെയാണു മൂപ്പു കിട്ടേണ്ടതു്. മുന്നേ പോയോരുടെ പിന്നേ പോകാൻ മാത്രം ഇനിയുള്ളവർ ശ്രമിക്കാതെ പുതുവഴികൾ വെട്ടിത്തുറന്നുപോയാൽ ദ്രാവിഡഭാഷാഗമപരമായി വിസ്മയാവഹമായ പലതും കണ്ടെത്തുവാനിടവരും. ഗവേഷണം. ഗവേഷണം. കൂടുതൽ ഗവേഷണം. ഇതാണു ഇന്നത്തെ ആവശ്യം.




# നാട്ടിൽച്ചെന്നപ്പോൾ

പി. എം. വാരിയർ.

“അയാൾ പറഞ്ഞതെല്ലാം അതിശയോക്തിയാണ്. എല്ലാം അതിശയോക്തിയാണ്.” എൻെറ ഹൃദയം മന്ത്രിച്ചുകൊണ്ടേ ഇരുന്നു.

ബസ്സ് ഒരു വലിയ വളവു തിരിഞ്ഞ് ആ പാടത്തേയ്ക്കിറങ്ങുകയാണ്. നിരത്തിൻെറ വക്കിലുള്ള ഒരു ക്രൂററൻ മാവിൻെറ താണ ഒരു കൊമ്പിൽ നിന്നു് രണ്ടു കിളികൾ ചിലച്ചു കൊണ്ടു പറന്നു പോയി.

“ഇരുപത്തേഴാം നമ്പ്ര്— ഇതെന്തേ ലേലത്തിൽ കൊണ്ടില്ല ?” ബസ്സിൽ എൻെറ അഭിമുഖമായിരുന്നിരുന്ന ഒരു തടിയൻ മാപ്പിള അയാളുടെ ചങ്ങാതിയോടു ചോദിച്ചു.

“അത് ഉള്ള് മുയോൻ പൊള്ളാ. പിന്നെ നാട്ടിലെച്ചെക്കന്മാർക്ക് പയമാങ്ങ ഒന്നെങ്കിലും കടിച്ചു ബെലിയ്ക്കണ്ടേ ? ”

അവർ മാവിനെപ്പററിയാണു സംസാരിക്കുന്നതു്. എനിയ്ക്കോർമ്മ വന്നു. ഒരു വലിയ വളവു കഴിഞ്ഞു് ആ പാടത്തേയ്ക്കിറങ്ങുന്ന നിരത്തിൻെറ ഇരുവശങ്ങളിൽ നാലഞ്ചുകൊല്ലം മുമ്പ് അനവധി മാവുകളുണ്ടായിരുന്നു. ഇപ്പോൾ, ആ ക്രൂററൻ 27-ാം നമ്പ്ര് മാവ് മാത്രമെ ബാക്കിയുള്ളു. അവിടെയുണ്ടായിരുന്ന മററെല്ലാ മാവുകളെക്കാൾ പ്രായമേറിയ ആ മാവ് പൊള്ളയാണത്രെ!

ബസ്സ്, ഇരു പുറവും കണ്ണെത്താത്തത്ര നീണ്ടു കിടക്കുന്ന ആ പാടത്തിൻെറ നടുവിലൂടെ നീങ്ങുകയാണ്. അഞ്ചു കൊല്ലം മുമ്പ് ഞാൻ കണ്ട അതേ പാടം തന്നെ. ആ പാടത്തിൻെറ ഒരററത്തു നിന്നു് ഒരു ക്രൂററൻ മൂരി മുക്രയിടുന്നു.. ഒരു കുട്ടി ഒരു കിഴവൻപോത്തിൻെറ മുതുകത്തു സാഭിമാനം സവാരി ചെയ്യുകയാണ്. രണ്ടു കുട്ടികൾ ഒരൊഴിഞ്ഞ കണ്ടത്തിൽപ്പോയി ‘കാരേം മുള്ളും’ കളിക്കുവാൻ ഒരുങ്ങുന്നു. നിരത്തിൽ നിന്നു് കുറച്ചകലെ പടിഞ്ഞാട്ടു മാറി പാടത്തു് ഒരു വരമ്പിൻെറ വക്കിൽ നിൽക്കുന്ന ആ കരിമ്പനയുടെ നിഴൽ നീണ്ടു നീണ്ടു് നിരത്തിൻെറ കിഴക്കു വശത്തുള്ള ഒരു വലിയ കണ്ടത്തിൽ തല വിശ്രമിപ്പിക്കുകയാണ്....

അഞ്ചു നീണ്ട കൊല്ലങ്ങൾക്കു ശേഷം നാട്ടിലേയ്ക്കാദ്യം വരികയാണു

ഞാൻ. നാട്ടിനെക്കുറിച്ചുള്ള പഴയ സ്മരണകളോരോന്നും എൻെറ ഹൃദയത്തെ കിക്കിളിപ്പെടുത്തിക്കൊണ്ടിരുന്നു. അപ്പോഴെല്ലാം ഹൃദയം മന്ത്രിക്കുകയാണ്— "അയാളം പറഞ്ഞതെല്ലാം അതിശയോക്തിയാണ്. ആ പട്ടാളക്കാരൻ—അയാളം നുണ പറയുകയാണ്."

ബസ്സ് ആ പാടവും കടന്ന് ഒരു കയററം കയറുകയാണ്. ആ കയററം കഴിഞ്ഞ് അര നാഴിക കൂടിയേ പോകേണ്ടൂ, എന്നാലെനിയ്ക്കിറങ്ങാറായി. സന്ധ്യയാവുമ്പോഴേയ്ക്കു വീട്ടിലെത്താം.

"എനിയ്ക്കു നെടുങ്ങാടിയുടെ പീടികയുടെ മുമ്പിലിറങ്ങണം." കുറച്ചു മുമ്പു മാത്രം ബസ്സിൽ കയറി എൻെറ അടുത്തു ഇരുപ്പുറപ്പിച്ചിരുന്ന ഒരു ചെറുപ്പക്കാരനോടു സംസാരിച്ചുകൊണ്ടിരുന്ന കണ്ടക്ടരോടു ഞാൻ പറഞ്ഞു. അയാളൊന്നു തിരിഞ്ഞു നോക്കി. അയാളുടെ കുപ്പായത്തിൽ തൂക്കിയിട്ടിരുന്ന ഒരു തടിച്ച കടലാസ്സ് ബാഡ്ജ് ഞാൻ നല്ലവണ്ണമൊന്നു കണ്ടു. അതിന്മേൽ ചുവന്ന അക്ഷരങ്ങളിൽ അച്ചടിച്ചിരിക്കയാണ്— "വിശപ്പ്".

എന്ത്? ഞാനത്ഭുതപ്പെട്ടുപോയി- കൽക്കത്തയിലെ തെരുവുകളിൽക്കൂടി "ഹങ്ഗ്രി" (Hungry) എന്നെഴുതിയ ബാഡ്ജ് ധരിച്ചുകൊണ്ട്, താണ ഉദ്യോഗസ്ഥന്മാർ ഘോഷയാത്ര പോവുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഈ ഉറനാടൻബസ്സിലെ കണ്ടക്ടർ, ഈ ബാഡ്ജൊക്കെ ധരിച്ച എന്തു ചെയ്യാനാണ്?

കണ്ടക്ടരോടു വർത്തമാനം പറഞ്ഞുകൊണ്ടിരുന്ന ആ ചെറുപ്പക്കാരൻ എന്നെയൊന്നു സൂക്ഷിച്ചു നോക്കി. അയാളൊരു നീളൻ ജൂബ്ബയാണു ധരിച്ചിരുന്നത്. ഉണങ്ങിക്കരുവാളിച്ച മുഖം— ആ മടിയിലൊരു കെട്ടു കടലാസ്സും കിടന്നിരുന്നു. എനിയ്ക്കയാളെ എവിടെയോ വെച്ചു കണ്ട ഓർമ്മ........

"നമ്മളെയൊക്കെ മറന്നുപോയി— ഇല്ലേ?" അയാളം ചിരിച്ചുകൊണ്ടു ചോദിയ്ക്കുകയാണ്.

"ഞാൻ....ഞാൻ...." ഞാനെന്തോ പറയുവാൻ ഭാവിച്ചു. അയാളെ ഞാനറിയും. കണ്ടിട്ടുണ്ട്—തീർച്ച്. പക്ഷെ എവിടെ വെച്ച്?

"നിങ്ങളം ചെ— സ്ക്കൂളിൽ പത്താം ക്ലാസിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴം ഞാൻ ഫോർത്തിലായിരുന്നു— ബാലൻ." അയാളം വ്യക്തമാക്കാൻ ശ്രമിച്ചു.

"ബാലൻ." എനിയ്ക്കോർമ്മ വന്നു. അന്ന് സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് ഒരു വിദ്യാർത്ഥിസംഘടനയുണ്ടാക്കാൻ ഞങ്ങളം ശ്രമിച്ചിരുന്നു. ബാലൻ അന്നതിൻെറ സിക്രട്ടറിയും ഞാൻ പ്രസിഡണ്ടുമായിരുന്നു. ഓ! ബാലനെന്തു മാററം വന്നുപോയി. വെളുത്തു കൊഴുത്തിരുന്ന ആ ദേഹം ഉണങ്ങി ശോഷിച്ചിരിക്കുന്നു.

"ഇപ്പോഴം കല്ക്കത്തയിലാണല്ലേ? ഞാൻ കേട്ടു." ബാലൻ പറഞ്ഞു.

"അതെ."

"അവിടുത്തെ സ്ഥിതിയൊക്കെ യെങ്ങനെയുണ്ട്? ഞാൻ പത്രങ്ങളിൽ വായിക്കാറുണ്ട്."

അവിടുത്തെ സ്ഥിതിയോ? എന്തു സ്ഥിതി? എന്തിനെക്കുറിച്ചായിരിക്കും ബാലൻ ചോദിക്കുന്നത്? സ്ട്രൈക്കിനെക്കുറിച്ചോ? എനി

ക്കൊന്നും മനസ്സിലായില്ല. ഒരു പക്ഷേ ബാലനൊരു രാഷ്ട്രീയപ്രവർത്തകനായിരിക്കാം. സ്ട്രൈക്കിനെക്കുറിച്ചായിരിക്കാം അയാൾ ആ "വിശപ്പ്"കാരൻ കണ്ടക്ടരോട് സംസാരിക്കുന്നത്.

ബസ്സ് നെട്ടങ്ങാടിയുടെ പീടികയുടെ മുന്നിൽ നിന്നു.

"എന്നാൽ ഞാനിറങ്ങട്ടെ?"

"കുറച്ചു ദിവസമൊക്കെ ഉണ്ടാവുമല്ലോ, ഇവിടെ– പലതും സംസാരിക്കാനുണ്ട്. കാണില്ലേ?"

"ആ്." ബസ്സിൻെറ മുകളിൽ നിന്നു് പെട്ടിയും കിടക്കയുമെടുത്തിരുന്ന കണ്ടക്ടരെ സഹായിക്കുന്നതിനിടയിൽ ഞാൻ മൂളി.

"റൈറവ്." ആ പഴയ "റൈററി"ന്നു മാററമില്ല. അല്ലെങ്കിലെന്തു മാററമുണ്ടാവാനാണ്. അതു ലെഫ്ററാവുക വയ്യല്ലോ.

നെട്ടങ്ങാടിയുടെ പീടികയ്ക്കു പല മാററങ്ങളും വന്നിട്ടുണ്ട്. മുമ്പ് ഒരു പലചരക്കു പീടിക മാത്രമായിരുന്ന ആ ചെറിയ കെട്ടിടം ഇന്നൊരു റേഷൻ ഷാപ്പുകൂടിയാണ്. അതിന്നുള്ളിൽ നിന്നു മൂന്നു നാലു ജോടി കണ്ണുകളെന്നെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു.

നെട്ടങ്ങാടിയുടെ ഒച്ചയാണെന്നാണു തോന്നുന്നത്—അതിന്നു പണ്ടത്തേക്കാൾ പരുപരുപ്പു കൂടിയിട്ടുണ്ട്, തീർച്ച—അതിനു മുഴങ്ങി.

"ഞാമ്പറഞ്ഞില്ലെ– ഞ്ഞി, നാളെ വന്നാൽ മതി– ഇന്നു് പീടിക പൂട്ടാൻ പുവ്വാണ്. ഇ നി വിളക്കു വെച്ചു പണിട്ക്കും കൂട്യേ വേണ്ടു. അല്ലെങ്കിൽ തന്നെ നാട്ടിലെ ചെറപ്പക്കാരുടെ ചീത്ത കേട്ടു മതിയായി."

"മോന്ത്യാമ്പോളും ബെറകേററി മോന്ത്യാമ്പൊ ച്ച്ര കഞ്ഞി മോന്തിക്കാളാച്ചാല്, അയ്നും കൂടി ഈ നെട്ടങ്ങാടിച്ചൻ തമ്മതിക്കൂല്യ. ബീട്ടിച്ചെന്നു മൂക്കററം ഊണും കയിച്ച് കുത്തിരിയ്ക്കുണ ഞങ്ങക്കല്ലേ ആരാൻെറ കസ്ടം പെരുത്തു ബിബരണ്ടാവ്ാ." ഒരു ഉമ്മ ന്യായം പറയുകയാണ്. ഫലിക്കുമോ എന്തോ?....

"പെട്ടി ഞമ്മള് ട്ത്തോളാം." ഒരു മുഷിഞ്ഞ തോർത്തു മുണ്ടെടുത്തു കയ്യിൽ പിടിച്ചു തെരികയാക്കിക്കൊണ്ടു ഒരു മാപ്പിളക്കുട്ടി ചോദിക്കയാണ്. ഞാനൊന്നു തിരിഞ്ഞുനോക്കി. അതാ, അവിടെ ആ 'മന്തുകാലൻ' മമ്മതിൻെറ ചായപ്പീടികയുണ്ട്. ഇപ്പോളോടിട്ടിരിക്കുന്നു. ഒരു ദേശീയപതാകയും ഒരു പച്ചക്കൊടിയുമന്യോന്യമുരുമ്മിക്കൊണ്ടു പീടികയ്ക്കു മുകളിൽ പാറിക്കളിക്കുന്നു. ഗ്ലാസിൽ സ്പൂണിട്ടിളക്കുന്ന ആ പഴയ ശബ്ദം ഇപ്പോഴും കേൾക്കാനുണ്ട്.

മാപ്പിളക്കുട്ടി പെട്ടിയും കിടക്കയുമെടുത്തു മുന്നിൽ നടന്നു കഴിഞ്ഞു. ഞാനും നടക്കാൻ തുടങ്ങി. ഒരു ഊടുവഴിയിലൂടെ പാടത്തിറങ്ങി പാടത്തിൻെറ കരയിലൂടെ ഒരു രണ്ടു ഫർല്ലങ്ങ് നടക്കണം. എന്നിട്ടു വേണം വീട്ടിലെത്താൻ.

ആ പട്ടാളക്കാരൻ പറഞ്ഞതു അതിശയോക്തിയാണ്. അയാൾ വണ്ടിയിൽ വെച്ചു പറകയാണ്: "നാട്ടിൽ ക്ഷാമമാണ്, വിള നശിച്ചു, ആളുകൾ പട്ടിണിയിലാണ്ടിരിക്കുന്നു–" മററം. എൻെറ ഹൃദയം പിന്നെയും മന്ത്രിക്കുകയാണ്.

അതാ, ഒരു സ്ത്രീ എനിക്കഭിമുഖമായി നടന്നു വരുന്നു. അവരം കുളി കഴിഞ്ഞു വരികയാണ്. അവളിട്ടിരിക്കുന്ന ഈറൻ ബ്ളൗസിന്റെ കീറൽ എന്നിൽ നിന്നും മറച്ചു പിടിപ്പാൻ ഒരു വ്യഥാശ്രമം നടത്തുന്നു. ആ മുഖത്തു് എന്താണെന്നൊരു വിഷാദച്ഛായ? അവളുടെ ഏട്ടനോ ഭർത്താവോ പട്ടാളത്തിൽ ചേൎന്നു മരിച്ചിരിക്കാം. അല്ലെങ്കിൽ ആസ്സാമിൽ കൂലിവേലയ്ക്കു പോയി പനി പിടിച്ചു ചത്തിട്ടുണ്ടാവും. അതുമല്ലെങ്കിൽ എന്റെ മാതിരി കൽക്കത്തയിലോ മറേറാ പോയി സാമുദായികകലാപങ്ങളിൽ പെട്ടു മൃതിയടഞ്ഞിരിക്കാം, പാവം! പക്ഷെ, എന്റെ മുന്നിൽ നടന്നിരുന്ന മാപ്പിളക്കുട്ടി, ഞാൻ ചോദിക്കാതെ തന്നെ എന്നോടു പറഞ്ഞു, ആ സ്ത്രീയുടെ ഏട്ടൻ കോഴിക്കോട്ടു് ഒരു മില്ലിലെ തൊഴിലാളിയായിരുന്നെന്നും ഈയിടെയുണ്ടായ സ്ട്രൈക്കിൽ പോലീസുകാരുടെ വെടിയേററു് അയാൾ മരിച്ചുവെന്നും മററും മററും.

"ആ പട്ടാളക്കാരൻ പറഞ്ഞതു മുഴുവൻ നുണയാവില്ല ..." എന്റെ ഹൃദയം മന്ത്രിക്കുവാൻ തുടങ്ങി .. ... ...

അമ്മ, അനുജൻ, സഹോദരി— അങ്ങനെ മൂന്നു പേരെ ഉള്ള എന്റെ ഉററവരായിട്ടു്. അഞ്ചു കൊല്ലക്കാലം മാർവാറികളുടെയും യൂറോപ്യന്മാരുടെയും കീഴിൽ ഗുമസ്ഥവേല ചെയ്തു ഒരു മാസത്തെ അവധി കിട്ടിയപ്പോഴം നാട്ടിലേയ്ക്കു പുറപ്പെട്ടതാണു്. അനുജൻ അഞ്ചു കൊല്ലം കൊണ്ടു്, കണ്ടാലറിയാത്ത വിധം വളൎന്നിട്ടുണ്ടാവും. അമ്മയ്ക്കു വല്ല മാററവുമുണ്ടാവുമോ? സഹോദരിക്കോ?

ഊടുവഴി പാടത്തേയ്ക്കിറങ്ങുകയാണു്. സൂൎയ്യനസ്തമിച്ചു കഴിഞ്ഞു. രണ്ടു കിഴവൻ പോത്തുകളെ ആ ഊടുവഴിയിലേയ്ക്കു ആട്ടിയകററുകയാണു്, ഒരു വയസ്സൻ. പോത്തുകളുടെ കഴുത്തിൽ കയറിട്ടിരുന്നു. ആ വയസ്സനടുത്തെത്തി- ഓ, അതു കുട്ടികൃഷ്ണൻ നായരാണല്ലോ. അയാൾക്കിത്ര വയസ്സായോ; എന്താണിതു കഥ? ഞങ്ങളുടെ പാട്ടവസ്തുക്കളം അയാളാണല്ലോ നടത്തിയിരുന്നതു്! അയാളുടെ വിട്ടു പാടത്തിന്നക്കരെയാണല്ലോ— എന്താണീ സന്ധ്യയ്ക്കു പോത്തുകളെയും തെളിച്ചുകൊണ്ടു അയാളിങ്ങോട്ടു വരുന്നതു്?

"അ്. നമ്മടെ കു— എജമാനല്ലേ ദ്- ശിവ- ശിവ! പ്പ എവിടുന്നാണാവോ? ശ്ശി കാലായ്ലേ, എജമാനെ ഒന്നു കണ്ടിട്ടു്."

"എങ്ങ്ട്ടാ കുട്ടികൃഷ്ണൻ നായരെ, ഈ സന്ധ്യാമ്പൊ."

എന്നെ കണ്ട മാത്രയിൽ അയാളുടെ മുഖത്തുദിച്ചിരുന്ന പ്രസാദച്ഛായ മാഞ്ഞു മറയുന്നതു ഞാൻ കണ്ടു.

"ചന്തയ്ക്കാ— എജമാനെ. ഇനി, പ്പൊ, വഷം വരാറായി. കന്നിനെ ഒക്കെ വിറേറാടുക്ക്വാ പ്പററ്ല്ലെന്നു വിവരല്ല്യാഞ്ഞിട്ടല്ല. ദ് ന്റെ അവസാനത്തെ ജോട്യാണ്. ഈ ഓരരക്കന്നിനേക്കൂടി വിററാല് ന്റെ തൊഴുത്തു കാല്യാ ട്ടോ. പക്ഷേ എന്താചിയ്യാ. കുട്ട്യോളടെ വയറു കാല്യാവുണേക്കാളും ഭേദാണലോ തൊഴുത്തു കാല്യാവല്....."

കൃഷ്ണൻ നായരുടെ തൊണ്ടയിടറുന്നതു ഞാൻ മനസ്സിലാക്കി. ഈ വയസ്സു കാലത്തു പത്തു പന്ത്രണ്ടു നാഴിക അകലെയുള്ള ആ പ്രസിദ്ധ കാ

ലിച്ചുന്തയിലേയ്ക്കു പുറപ്പെട്ടിരിക്കയാണയാൾ—ഒററയ്ക്കു്.

“ കൊല്ലത്തെ മുണ്ടകം പറെറ ഒണക്കം പററി. അവിടെക്കൊട്ടക്കാനുള്ള പാട്ടം മുഴോൻ ചൊക്ക്യാണു്. നിവൃത്തില്ല്യാഞ്ഞിട്ടാണേ.”

എൻെറ വീട്ടിൽ കൊട്ടക്കാനുള്ള പാട്ടം മുഴുവൻ കൊട്ടക്കാൻ സാധിക്കാത്തതിനു് അയാളെന്നോടു് പരാതി പറകയാണു്– പാവം !

പെട്ടിയേററി നടന്നിരുന്ന മാപ്പിളക്കുട്ടി കുറെ ദൂരം ചെന്നു എന്നെ കാത്തു നിൽക്കുന്നതു ഞാൻ കണ്ടു.

“ എന്നാൽ ഞാൻ നടക്കട്ടെ—കാണാം.” ഊടുവഴിയിലൂടെ കയറിക്കൊണ്ടിരുന്ന ആ കിഴവൻ പോത്തുകളുടെ കുളമ്പടിശബ്ദം അകന്നകന്നു നേത്തു നേത്തു വന്നു. അവ, നാളെ അറുക്കപ്പെടും !

“ ആ പിരിച്ചുവിട്ട പട്ടാളക്കാരൻ നാടിനെക്കുറിച്ചു വണ്ടിയിൽ വെച്ചു് ആവേശപൂർവ്വം പറഞ്ഞതു മുഴുവൻ അതിശയോക്തിയല്ല.” എൻെറ ഹൃദയം മന്ത്രിച്ചു.

ഞാൻ വീട്ടിൻെറ മുററത്തെത്തി. “ ദീപം, ദീപം– ” എൻെറ അമ്മ സന്ധ്യാദീപവുമായി ഉമ്മറത്തേയ്ക്കു വരികയാണു്. അമ്മയുടെ തലയിലെ നരച്ച ചില രോമങ്ങൾ ആ ദീപപ്രഭയിൽ മിന്നി.......മാപ്പിളക്കുട്ടിയുടെ തലയിൽ നിന്നു പെട്ടി താഴെയിറക്കാൻ സഹായിക്കുകയാണു്, ആ പഴയ വാലിയക്കാരൻ നാരായണൻ.

* * *

വീട്ടിൽനിന്നു് എനിക്കു് ആദ്യം കിട്ടിയ വത്തമാനം എൻെറ അനുജൻ ജയിലിലാണെന്നുള്ളതാണു്. കോഴിക്കോട്ടു്, ജൂനിയർ ഇൻറർമീഡിയററിന്നു പഠിച്ചിരുന്ന കൊച്ചുവാസു കോളേജിൽ സ്ട്രൈക്കുണ്ടാക്കിയത്രെ.

പിരിച്ചു വിട്ട ആ പട്ടാളക്കാരൻ ആവേശപൂർവ്വം പറഞ്ഞ ആ വാക്കുകൾ എൻെറ ചെവിയിൽ മുഴങ്ങി—

“ നമ്മളെപ്പോലുള്ള ചെറുപ്പക്കാർ കൽക്കത്തയിലും ബോംബെയിലും പോയി ഉദ്യോഗസ്ഥന്മാരായി കഴിഞ്ഞുകൂടുന്നു. അല്ലെങ്കിൽ പട്ടാളത്തിൽ ചേരുന്നു. നാട്ടിൽ നടക്കുന്നതെന്തെന്നു് ആരുമറിയുന്നില്ല. എന്നെപ്പോലെ പിരിച്ചയയ്ക്കപ്പെട്ട പട്ടാളക്കാർ നാട്ടിലെത്രയുണ്ടെന്നറിയുമോ ? എത്ര പേർ യുദ്ധത്തിൽ മരിച്ചു ? നാട്ടിലെത്ര അമ്മമാക്കു മക്കൾ നഷ്ടപ്പെട്ടു ? എത്ര സ്ത്രീകൾ വിധവകളായി? തൊഴിലില്ലാതെ എത്ര പേർ തൂങ്ങി മരിക്കുന്നു ?........”

ഇതതിശയോക്തിയാണോ ?

അയാൾ പറഞ്ഞ ഒടുക്കത്തെ വാക്കുകൾ എൻെറ ചെവിയിൽ മുഴങ്ങി.

“ എൻെറ നാട്ടുകാരുടെ നന്മയ്ക്കു വേണ്ടി ആർ സമരം ചെയ്താലും ശരി ഞങ്ങൾ അവരുടെ ഭാഗത്താണു്. ഞങ്ങൾ പട്ടാളക്കാരാണു്. ഞങ്ങൾക്കു ചോര കാണുമ്പോൾ തല തിരിയില്ല– തോക്കിൻെറ കാഞ്ചി വലിക്കുമ്പോൾ കൈ വിറയ്ക്കില്ല...”

റേഷൻ ഷാപ്പിൽ നെടുങ്ങാടിയോടു് ന്യായവാദം ചെയ്തിരുന്ന ആ ഉമ്മയുടെ രൂപം എൻെറ മനസ്സിൽ തെളിഞ്ഞു വന്നു. അതാ, ആ സ്ത്രീ– അവളുടെ ഏട്ടൻ വെടിയേററു മരിച്ചു പോയി– അവിടെയുണ്ടു് കുട്ടികൃഷ്ണൻ നായർ- അയാൾ കൃഷിക്കാരനാണു്.

—o—

# താടിക്കരം

അഥവാ

# ആദാമിൻെറ ശാപം

(ശങ്കരവാ കുഞ്ചുവോ)

യൂറോപ്പിൻെറ എന്നു മാത്രമല്ല ലോകത്തിൻെറ തന്നേ ഭാവി കയ്യാലപ്പുറത്തേ തേങ്ങാപോലെ ഇരിക്കുന്ന ആ സന്ദർഭം — നെപ്പോളിയൻെറ സമരാഹ്വാനങ്ങൾ അന്തരീക്ഷത്തെ കിടുകിട വിറപ്പിച്ചുകൊണ്ടിരുന്ന ഒരു ഭയങ്കരഘട്ടം— വെല്ലിങ്ങ്ടൻ പ്രഭുവിൻെറ ചരിത്രപ്രസിദ്ധിക്കു ഹേതുഭൂതമായ ആ സമരഘട്ടം. അതേ, അന്നു രാവിലെ എന്തു സംഭവിച്ചു? വെല്ലിങ്ങ്ടൻ പ്രഭു സുഖമായി ഷേവു ചെയ്തു. മുഖക്ഷൌരം നടത്തിയെന്നു നാടൻ ഭാഷയിൽ പറഞ്ഞാൽ അതിൻെറ സുഖം ആകെപ്പാടെ പോയി — അദ്ദേഹം ഷേവ് ചെയ്തു. ഉരുക്കിനേപ്പോലും ഉരുക്കിക്കളയുന്ന സ്ഥൈര്യവും ധൈര്യവുമാണ് ആ ഷേവിങ്ങിൽ നാം കാണുന്നതു്. ഒരു സിഗററ്റും വലിച്ചുകൊണ്ടു തൂക്കുമരത്തിലേക്കു ശാന്തമായി പോകുന്ന റാലിയെക്കുറിച്ചു നിങ്ങൾക്ക് എന്തു തോന്നുന്നു? ബ്രിട്ടീഷു സാമ്രാജ്യത്തിൽ സൂര്യൻ അസ്തമിച്ചു തുടങ്ങി, എങ്കിലും ഇത്തരം വീരന്മാരുടെ മുഖത്തു ഇപ്പോഴും ജ്വലിച്ചു പ്രകാശിക്കുന്നതു കാണാം.

ഷേവിംഗിനു പ്രസിദ്ധി സമ്പാദിച്ച നാട്ടുകാർ ആരെങ്കിലുമായിക്കൊള്ളട്ടെ. അതിൻെറ പിമ്പിലുള്ള തത്വജ്ഞാനത്തേക്കുറിച്ചാണു ഞാൻ ചില ഗവേഷണങ്ങൾ നടത്തിയിട്ടുള്ളതു്. വിലക്കപ്പെട്ട ഫലം ഭക്ഷിച്ചതിനാൽ യഹോവയായ ദൈവം ആദാമിനേയും ഹവ്വയേയും ശിക്ഷിച്ചുവെങ്കിലും, ഹവ്വയുടെ ശിക്ഷയാണു വളരെ കഠിനമായിപ്പോയതു്. 'നീ വേദനയോടെ മക്കളെ പ്രസവിക്കും' എന്നു കല്പിച്ചു സ്ത്രീജാതിയെ ഒന്നാകെ ഒരു വല്ലാത്ത വേദനയ്ക്കു വിധേയരാക്കിയപ്പോൾ, പുരുഷൻ ഒരു ലഘുശാപം കൊണ്ടു രക്ഷപ്പെട്ടുകളഞ്ഞു. "വിയർപ്പോടെ നീ ഉപജീവനം കഴിക്കും" എന്നതു മാത്രമേ അയാൾക്കു കിട്ടിയുള്ളു. ആലോചിച്ചു നോക്കിയാൽ ഇതൊരു ശാപമല്ല അനുഗ്രഹം തന്നെയാണ്. ഹവ്വാ കൊടുക്കുന്ന വിശിഷ്ടവസ്തുക്കളും ഭക്ഷിച്ചു യാതൊരു ജോലിയും ചെയ്യാതെ ഏദൻ തോട്ടത്തിൽ ഒരു ചാരുകസാലയിൽ ആദാം കിടന്നു സമയം പോക്കിയെന്നു വിചാരിക്കുക. എന്തൊരു മുഷിപ്പൻ ജീവിതമായിരിക്കും അതു്! കുഴിമടിയനായി കുംഭോദരനായി കുത്സിതമതിയായി കഴിഞ്ഞുകൂടണമെന്നു വന്നാൽ എന്തു ബോറാണ്. ഉത്സാഹിച്ചു വേല ചെയ്യണമെന്നു വിധിച്ചതു ദോഷത്തിനു പകരം ഗുണകാരണമാണെന്നു വന്നപ്പോൾ, ഒരു ചെറിയ ശാപംകൂടെ സ്വീകരിച്ചേ നിവൃത്തിയുള്ളു എന്ന പതനത്തിൽ ആദാം എത്തിച്ചേർന്നു. ആ ശാപമാണ്: "നീ ദിവസവും

രാവിലെ ഷേവ് ചെയ്യു" എന്നതു്. ഹവ്വാമാരുടെ വേദന, കൂടിയ പക്ഷം വർഷത്തിലൊരിക്കൽ സഹിച്ചാൽ മതിയാകും. എന്നാൽ ആദാമിൻെറ അവകാശികൾ ഓരോ ദിവസവും ആ വേദന അല്ലാല്ലമായി അനുഭവിക്കേണ്ടിയിരിക്കുന്നു.

പക്ഷേ ചില രസികന്മാർ വിധി മതത്തേ വകവെയ്ക്കാതെ — ആ ശിക്ഷ അനുഭവിക്കാതെ — രക്ഷപ്പെട്ടുന്നുണ്ടു്. അവരാണു താടിക്കാർ. അവരുടെ കൂട്ടത്തിൽ വളരെ മൂപ്പുള്ള ഒരു താടിക്കാരനാണു ഷേക്സ്പീയർ. സർദാർ പണിക്കരുടെ താടി ഷേക്സ്പീയറുടെ താടിയേക്കാൾ ഒരു വിധത്തിലും മോശമല്ല എങ്കിലും അസ്ഥിരത എന്നൊരു ദോഷമാണു് അതിനെ ബാധിച്ചിരിക്കുന്നതു്. എപ്പോഴാണു് അതു് ആവിർഭവിക്കുന്നതെന്നും എപ്പോഴാണു നിഷ്ക്രമിക്കുന്നതെന്നും സർദാറിനു പോലും അറിഞ്ഞുകൂടാ. കത്തിരിപ്രയോഗം നടത്തി ആകൃതി ക്രമപ്പെടുത്തുന്ന ഇത്തരം താടികളുടെ ധാടിയും മോടിയും അവർണ്ണനീയമെന്നേ പറയേണ്ടു. മുഖത്തെ പല വൈകല്യങ്ങളും മറച്ചുവെയ്ക്കുന്നതിനു താടി ഉപകരിക്കുന്നുണ്ടു്. അപ്പോഴാണു താടി ഒരു മൂടി ആയിത്തീരുന്നതു്. മനസ്സിൻെറ ഗതി വൈചിത്ര്യങ്ങളും ഭാവഭേദങ്ങളും മുഖത്തു സ്ഫുരിക്കാതിരിക്കയില്ല. അവയേ സമർത്ഥമായി മറച്ചുവെയ്ക്കുന്നതിനു പലപ്പോഴും താടി ഉപകരിക്കുന്നുണ്ടു്. വാസ്തവത്തിൽ താടി പടച്ചട്ടയേക്കാൾ മേന്മ ഏറിയ ഒരു രക്ഷാകവചമാണു്. വിദേശങ്ങളിൽ അമ്പാസഡർ ഉദ്യോഗം നോക്കുന്ന ഡകലരും ഈ കവചം ധരിക്കുന്നതു് ഉചിതമായിരിക്കും. മറവുള്ളവരുടെ നോട്ടങ്ങൾ മനസ്സിലാക്കുമ്പോൾ തൻെറ നോട്ടം മറച്ചുവെയ്ക്കുന്നതിനു സഹായിക്കുന്ന ഒരു തരം കണ്ണടയാണു രാജാജി ഉപയോഗിക്കുന്നതു്. കണ്ണട കൃത്രിമമായി ആ കാര്യം വഹിച്ചു കൊടുക്കുമ്പോൾ താടി സ്വാഭാവികമായി അതു സാധിക്കുന്നു. കറപ്പു കണ്ണടയും നിബിഡമായ താടിയും ഒരാൾക്കുണ്ടെങ്കിൽ പിന്നെ ഒന്നും പറയാനില്ല. മൗലാനാ മാത്രമേ ഇതിൽ ഒരു മാതൃകയായിക്കാണുന്നുള്ളു.

ഈ താടിയേക്കുറിച്ചു് ഇത്ര വളരെ കീർത്തിക്കാനെന്താണുള്ളതു്? പത്തു പ്രാവശ്യം ഷേവു ചെയ്യാതിരുന്നാൽ ഏതു പുരുഷനും ലഭിക്കുന്ന ഒരു വസ്തുവല്ലേ ഇതു്? എന്നു നിങ്ങൾ ചോദിച്ചേക്കാം. ശരിയാണു്. പക്ഷേ മോഹവില പലപ്പോഴും ഒരു വസ്തുവിൻെറ അപൂർവ്വലബ്ധിയെ ആശ്രയിച്ചല്ലേ ഇരിക്കുന്നതു്. താടി നീട്ടിയാൽ ഉടൻ ഒരു മഹാഭക്തനും, യോഗീശ്വരനുമായിത്തീരാമെന്നാണു ചിലരുടെ വിചാരം. അപ്പോൾ ആരേയും ഗുണദോഷിക്കാം, ശാസിക്കാം, തത്വപ്രതിപാദനം നടത്താം. നോക്കണേ ഒരു കത്തി വാങ്ങിക്കാൻ കാശില്ലാതെ വരുന്നതുകൊണ്ടുള്ള ആപത്തു്. ഇയ്യിടെ കീറിപ്പറിഞ്ഞ കാഷായവസ്ത്രം ധരിച്ച ഒരു താടിക്കാരൻ, സിനിമാശാലയിൽ നിന്നും ഇറങ്ങി വന്ന എന്നെ തടഞ്ഞുനിർത്തി പ്പറകയാണു്: "ഹേ! യുവാവേ! ഇതൊന്നുമല്ല ആനന്ദം. യഥാർത്ഥത്തിൽ ആനന്ദം എന്നു പറയുന്നതു് എന്താണെന്നു ഞാൻ കാണിച്ചുതരാം. എനിക്കു രണ്ടോ നാലോ അണ തന്നാൽ മതി. അനന്തമായ ആനന്ദം!" ഈ രണ്ടണയ്ക്കു കിട്ടുന്ന അനന്തമായ ആനന്ദത്തിൻെറ ഒരു കഴഞ്ചുപോ

ലും അയാ൦ അനുഭവിക്കുന്ന ലക്ഷണ വുമില്ല. ഗൌരവത്തിൽ പോകുന്ന എന്നെ തടഞ്ഞു നിത്തി ഇങ്ങനെ ജൽപിക്കാൻ അയാ൦ക്കു ധൈയ്യം കൊടുത്തതെന്താണ്? ആ താടി മാത്രം. ആയാ൦ക്കു ആ താടി ഇല്ലായിരുന്നെങ്കിൽ തീച്ച്യയായും "പോടാ നിൻെറ പോക്കിനു്, മുതു കിറുക്കാ" എന്നു ഞാൻ പറഞ്ഞേനേ. എന്നാൽ ആ താടിയുടെ സ്വാധീന ശക്തിക്കു അറിയാതെ തന്നേ വിധേയനായ ഞാൻ, "ഇപ്പോ൦ സൗകയ്യമില്ല" എന്നു മാത്രം മയ്യാദയ്ക്കു പറഞ്ഞു ഒഴിഞ്ഞു കളഞ്ഞു.

എല്ലാത്തിനും കൺട്രോ൦ ഉള്ള കാലമാണ്. താടി വളത്തുന്ന കായ്യത്തിലും ഒരു നിയന്ത്രണം ആവശ്യമാണ്. വിദേശപയ്യടനം നടത്തുന്ന വമ്പിച്ച ഉദ്യോഗസ്ഥന്മാർ മാത്രം താടി വളത്തിക്കൊള്ളട്ടെ. അല്ലാത്തവർ എല്ലാവരും കാലത്തു ഏഴു മണിക്കകം ഷേവു ചെയ്യേണ്ടതാണ് എന്ന ഒരു പുതിയ രാജ്യരക്ഷാനിയമം നടപ്പിലാക്കണം. അല്ലെങ്കിൽ വേണ്ട, ഒരു പ്രത്യേക കരം—താടിക്കരം—ഏർപ്പെടുത്തിയാൽ മതിയാകുന്നതാണ്. ഒരു വഷം ഷേവിങ്ങു സംബന്ധിച്ചു ഒരു പത്തു രൂപാ ചെലവു വരും. അതിനാൽ കരം പത്തു രൂപായിൽ കുറയാത്ത ഒരു സംഖ്യ ആയിരിക്കണം. മുറിമീശക്കാക്കു വല്ലതും എട്ടണയോ ഒരു രൂപയോ വെച്ചാൽ മതി. മദ്യനിരോധനം മൂലം ഗവമ്മെൺറിനു വന്നിട്ടുള്ള വമ്പിച്ച നഷ്ടം പരിഹരിക്കാൻ ഒരു പററിയ മാഗ്ഗവുമാണ് ഇതു്.

ഈ വിഷയത്തിൽ എനിക്കെന്താ ഇത്ര വാശിയെന്നല്ലേ നിങ്ങ൦ മനസ്സിൽ ചോദിക്കുന്നതു്. കാലത്തു ഏഴു മണിക്കു കണ്ണാടിയുടെ മുമ്പിൽ നിന്നു ഗോഷ്ടി കാണിക്കുന്ന എന്നെ നിങ്ങ൦ കണ്ടിട്ടില്ല. അതുകൊണ്ടു തന്നെയാണു ഈ സംശയം. മുഖം ഒരിടത്തു ഉറപ്പിച്ചു നിത്തി കത്തി ഓടിക്കുന്ന സമ്പ്രദായമല്ല ഞാൻ സ്വീകരിച്ചിരിക്കുന്നതു്. എൻെറ കത്തി സ്ഥാവരസ്വത്തും മുഖം ജംഗമസ്വത്തും ആണ്. കത്തി ഒരു രീതിയിൽ ഉറപ്പിച്ചു പിടിച്ചുകൊണ്ടു മുഖത്തെ മാംസപേശിക൦ ഓരോ ആകൃതിയിൽ ചുരുക്കുകയും, വളയ്ക്കുകയും ചെയ്യുമ്പോ൦ ആണു എൻെറ ഷേവിങ്ങ് നടക്കുന്നതു്. ചിലപ്പോ൦ നെററിത്തടം, ഉഴുതിട്ട നിലം പോലെ ആയിത്തീരും. ചിലപ്പോ൦ വായുടെ ഒരു കോൺ ചെവിയെ ആലിംഗനം ചെയ്തു തുടങ്ങും. മററു ചിലപ്പോ൦ വപ്പു കടിച്ചു കണ്ണും തള്ളിച്ചു നിൽക്കുന്നതു കണ്ടാൽ കുട്ടിക൦ പേടിച്ചോടും. ഇങ്ങനെയൊക്കെ കുറഞ്ഞതു പത്തു മിനിട്ടു ഗോഷ്ടി കാണിക്കുമ്പോ൦ മാത്രമാണ് എൻെറ മുഖത്തു ബ്രിട്ടീഷു സാമ്രാജ്യത്തിൽ അസ്തമിച്ച സൂയ്യൻ വന്നുദിക്കുന്നതു്. ഇത്രയുമൊക്കെ ബുദ്ധിമുട്ടു കഴിച്ചുശേഷം, ഒന്നുമറിയാതെ കത്തി കാണാതെ നടക്കുന്ന ഒരു താടിക്കാരൻെറ ഉപദേശങ്ങ൦ കേ൦ക്കണമെന്നു വന്നാൽ പിന്നെ വാശി തോന്നാതിരിക്കുമോ? അതുകൊണ്ടു തീച്ച്യയായി താടിക്കരം ഉടനേ നടപ്പിൽ വരുത്തി യോഗ്യന്മാരും ശുദ്ധമതികളുമായ പൌരന്മാരെയും, രാജ്യത്തെയും രക്ഷിക്കേണ്ടതാണെന്നു ഞാൻ വീണ്ടും എടുത്തു പറയുന്നു. കേ൦പ്പാൻ ചെവിയുള്ളവൻ കേ൦ക്കട്ടെ.

[ഈ പംക്തിയിൽ അടുത്ത ലേഖനം: വെളുത്തേടനും വിധികത്താവും]

—o—

# എന്നേ ഏററവും സ്പശിച്ച ഗ്രന്ഥം

കെ. ആർ. ചന്ദ്രശേഖരൻ എം. എ. എം. ലിററ്.

പരിത:സ്ഥിതികളുടെ പ്രേരണ കൊണ്ടോ, നിയതിയുടെ നിയന്ത്രണം കൊണ്ടോ എന്തോ ഞാൻ ഇംഗ്ലീഷു സാഹിത്യത്തിൻെറ ഒരു വിദ്യാത്ഥിയും അദ്ധ്യാപകനും ആയി ഭവിച്ചു. തൻമൂലം മേന്മയേറിയ ആ പാശ്ചാത്യസാഹിത്യത്തിലെ പല അനർഘരത്നങ്ങളുമായി ഒരു എളിയ തോതിലെങ്കിലും പരിചയപ്പെടുന്നതിനു എനിക്കു സാധിച്ചിട്ടുണ്ടു്. 'എന്നെ ഏററവും സ്പശിച്ച ഗ്രന്ഥം' എന്ന പംക്തിയിൽ ഒരു ലേഖനം എഴുതണമെന്നു, എൻെറ മാന്യമിത്രമായ 'ലോകവാണി' പത്രാധിപർ ആവശ്യപ്പെട്ടപ്പോഠം, ഇംഗ്ലീഷുസാഹിത്യത്തിലെ ഏതെങ്കിലും ഒ[illegible] വിശിഷ്ട ഗ്രന്ഥത്തെക്കുറിച്ചു എഴുതാമെന്നു നിശ്ചയിച്ചുകൊണ്ടു ഞാൻ സസന്തോഷം സമ്മതിച്ചു. പക്ഷേ വീണ്ടും ആലോചിച്ചപ്പോഴാണു എൻെറ പൂവ്വനിശ്ചയം, എന്നേക്കുറിച്ചു എനിക്കുള്ള അജ്ഞതയുടെ ഫലമാണെന്നു വ്യക്തമായതു്. ഇംഗ്ലീഷു സാഹിത്യത്തിലെ മികച്ച ഗ്രന്ഥങ്ങളിൽ ഓരോന്നും മുമ്പിൽ വെച്ചുകൊണ്ടു് "ഈ പുസ്തകം എന്നേ നല്ലവണ്ണം സ്പർശിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു മററുള്ള പുസ്തകങ്ങളേക്കാഠം അധികം എൻെറ ജീവിതത്തെ നിയന്ത്രിച്ചിട്ടുണ്ടോ?" എന്നിങ്ങനെ ചോദിച്ചു തുടങ്ങിയപ്പോഴാണു ഈ സത്യം ഞാൻ വേണ്ടവണ്ണം മനസ്സിലാക്കിയതു്. ഈ ആത്മപരിശോധനയുടെ ഫലമായി ഞാൻ കണ്ടുപിടിച്ചതു്, ഇംഗ്ലീഷു സാഹിത്യത്തിലെ അനർഘഗ്രന്ഥങ്ങളിൽ പലതും എന്നെ നല്ലവണ്ണം ആകഷിക്കയും, എൻെറ ജീവിതഗതികളെ ഏറെക്കുറെ സ്പർശിക്കയും ചെയ്തിട്ടുണ്ടെങ്കിലും, അവയിൽ ഒന്നും എൻെറ ജീവിതത്തെ ഏററവും സ്പർശിച്ചു എന്ന നിലയിൽ ഉയൎന്നു നിൽക്കുന്നില്ല എന്ന പരമാത്ഥമത്രേ.

ഈ ലേഖനപരമ്പരയ്ക്കു യോജിച്ച ഒരു പുസ്തകം തെരഞ്ഞെടുക്കുന്നതിനുള്ള ഉപക്രമമായി ഒരു ഉത്തമഗ്രന്ഥം എങ്ങിനെയുള്ളതാണു എന്ന ചോദ്യം സ്വാഭാവികമായുണ്ടായി. പാശ്ചാത്യസാഹിത്യത്തിൽ അസാമാന്യപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള റസ്കിൻെറ ചിന്തോദ്ദീപകമായ ആ നിവ്ചനം എൻെറ സ്മൃതിമണ്ഡലത്തിൽ പൊന്തിവന്നു. ഒരു ഉത്തമഗ്രന്ഥത്തിൻെറ കത്താവിനേക്കുറിച്ചു അദ്ദേഹം പറയുന്നു: "സത്യമെന്നും പ്രയോജനകരമെന്നും ഗ്രന്ഥകാരനു ബോദ്ധ്യമുള്ളതോ, ഉപയോഗപ്രദമാകത്തക്കവണ്ണം സുന്ദരമോ ആയ എന്തെങ്കിലും ഒരു കഴമ്പു അതിനുണ്ടായിരിക്കണം. ഗ്രന്ഥകത്താവു അ

റിയുന്നിടത്തോളം മറെറാരാറം പറ ഞ്ഞിട്ടില്ലാത്തതും, മറെറാരാറംക്ക പറയാൻ തന്നേ സാധിക്കാത്തതുമാ യുള്ള ഒരു സത്യം — സ്പഷ്ടമായും മനോരഞ്ജകമായും ആവിഷ്ക്കരിക്കാവു ന്നതും, ജീവിതത്തിൻെറ ആകെത്തു കയിൽ ഏററവും ഹൃദയസ്പർശകവു മായുള്ള സത്യം — ജീവിതത്തിൽ ദുർല്ലഭമായി മാത്രം ലഭിക്കുന്ന വേള കളിൽ ആവേശത്തോടുകൂടി കടന്നു പിടിച്ച് ആലിംഗനം ചെയ്തിട്ടുള്ള ആ വിശിഷ്ടസത്യം— ഒരിക്കലും താ ഴത്തു വെയ്ക്കാതെ ഉറച്ച പാറമേൽ ലേഖനം ചെയ്തു കാണിക്കാൻ വെ മ്പലുണ്ടാക്കുന്നതും, 'ഹാ! എൻെറ ജീവിതത്തിൽ സാരമായിട്ടുള്ളതു ഇതു മാത്രമാണ്. മററതൊക്കെ നിസ്സാ രം. അവിടെ ഞാൻ മററുള്ളവരേ പ്പോലെ തിന്നു, കുടിച്ചു, ഉറങ്ങി, സ്നേഹിച്ചു, വിരോധിച്ചു— അങ്ങനെ യുള്ള ജീവിതം ഒരു പുകപോലെ മാത്രം. പക്ഷേ, ഇതു ഞാൻ കണ്ടു. അറിഞ്ഞു. ഇതാണെൻെറ ജീവൻെറ സത്ത്—ഇതു മാത്രമാണു സ്മരണ യിൽ നിർത്തേണ്ടതു്.' എന്നിങ്ങനെ പറയിക്കുന്നതുമായ ആ അപൂർവ്വ സത്യം— അതാണ് അയാളുടെ ശ്രു തി, അതാണ് അയാളുടെ സ്മൃതി, അ താണ് അയാളുടെ വേദം – അതാ ണ് വാസ്തവത്തിൽ ഒരു ഗ്രന്ഥം."

യഥാർത്ഥ ജ്ഞാനികളേക്കുറിച്ച് കാർലൈൽ എന്ന പണ്ഡിതൻ കൊ ടുത്തിട്ടുള്ള നിർവ്വചനവും ഞാൻ പരി ശോധിച്ചു നോക്കി. "ഓരോ മനു ഷ്യൻെറയും ജീവിതത്തിൽ ഈശ്വ രൻ ഉണ്ട് എന്നു ഓരോ കാലഘട്ട ത്തിലും പ്രത്യക്ഷപ്പെടുത്തുന്ന പുരോ ഹിതന്മാരാണു യഥാർത്ഥ ജ്ഞാനികറം .......അങ്ങനെ ഒരു നല്ല സാഹിത്യ കാരനിൽ, ലോകം വകവെച്ചുകൊടു ത്താലും ഇല്ലെങ്കിലും ഒരു പരിശുദ്ധി യും ദിവ്യത്വവും ഉണ്ടായിരിക്കും. അ യാറം ലോകത്തിൻെറ വെളിച്ചം ആ കുന്നു, മരുഭൂമിയിൽ അന്ധകാര ത്തിൽ ലോകം പ്രയാണം ചെയ്തു കൊണ്ടിരിക്കുമ്പോറം, മാർഗ്ഗദർശക മായി ഭവിക്കുന്ന അഗ്നിത്തൂൺ ആണ് ഈ പുരോഹിതൻ എന്നത്രേ അദ്ദേ ഹം പറയുന്നതു്." ഈ നിർവ്വചന ങ്ങറം വെച്ചു നോക്കുമ്പോറം ഉത്തമ ങ്ങറം എന്നു കണക്കാക്കാവുന്ന പല ഗ്രന്ഥങ്ങളും ഇംഗ്ലീഷു സാഹിത്യ ത്തിൽ ഉണ്ടെന്നുള്ളതിനു തർക്കമില്ല. സ്വഭാവ വൈചിത്ര്യങ്ങളെ അതിസൂ ക്ഷ്മം അവിഷ്ക്കരിക്കുന്ന നല്ല കഥകറം, ജീവിതത്തിൻെറ ധാർമ്മികവശങ്ങളെ സത്യമായി, നഗ്നമായി, ശക്തമായി പ്രതിഫലിപ്പിക്കുന്ന കൃതികറം മാന സ ദൃഷ്ടിയിൽ വീണ്ടും വീണ്ടും വന്നു മോഹനനൃത്തം ചെയ്യുന്ന അതി വി ശിഷ്ടങ്ങളായ വർണ്ണനങ്ങറം എന്നിങ്ങ നെ പലതും എന്നേ ആകർഷിച്ചിട്ടു ണ്ടു്. എങ്കിലും എൻെറ സ്വഭാവ ത്തെ ക്രമപ്പെടുത്തുകയോ, മനോഗ തിയെ നിയന്ത്രിക്കുകയോ, എൻെറ ജീവിതത്തിൽ ഒരു ദൈവം ഉള്ളതാ യി അനുഭവപ്പെടുത്തുകയോചെയ്യുന്ന കാര്യത്തിൽ അതിപ്രധാനമായ പങ്കു വഹിച്ച ഒരു പാശ്ചാത്യഗ്രന്ഥം ഇ ല്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഈ ലേഖനം എഴുതണമെന്നു പ ത്രാധിപർ എന്നോട് ആവശ്യപ്പെട്ട തിനു കുറേ ദിവസങ്ങറം മുമ്പേ, ബിർ ളാ ഭവനത്തിൻെറ പരിസരങ്ങളിൽ വെച്ചു ശാപഗ്രസ്തമായ ആ കൈ ത്തോക്കിൽ നിന്നു മൂന്നു് ഉണ്ടകറം പുറപ്പെട്ടു. യമുനയുടെ മണൽപ്പുര പ്പിൽ കൂട്ടിയ അഗ്നികുണ്ഡത്തിൽ,

ഈ തലമുറയുടെ ഭാഗ്യകേന്ദ്രമായിരുന്ന ആ വിശിഷ്ടാത്മാവു് അധിവസിച്ചിരുന്ന ആ മെലിഞ്ഞ ശരീരം ഭസ്മീഭവിച്ചു. ലോകമൊട്ടുക്കു കോടി കോടി ജനങ്ങളെ സ്പർശിച്ചിരുന്ന ഈ ആത്മാവു് എന്നേയും അത്യഗാധമായി സ്പർശിച്ചിരുന്നു. 'എന്റെ സത്യാന്വേഷണപരീക്ഷകൾ' എന്ന ആത്മകഥയിൽക്കൂടെ ആവിഷ്കൃതനായിരിക്കുന്ന ആ മഹാ വ്യക്തിയെക്കുറിച്ചു എഴുതുകയാണു വേണ്ടതെന്നു് ഞാൻ വിചാരിച്ചു. പക്ഷെ പുനരാലോചനയിൽ എന്റെ മനസ്സു മാറി. മററു ചില വിശിഷ്ടഗ്രന്ഥങ്ങളേക്കാൾ കൂടുതലായി ആ 'ആത്മകഥ'യും എന്നെ സ്പർശിച്ചിട്ടില്ല എന്നും, അതിനെക്കുറിച്ചു എഴുതുന്നതു സത്യവിരുദ്ധമായിരിക്കുമെന്നും എനിക്കു തന്നെ ആശ്ചര്യം തോന്നത്തക്കവണ്ണം ബോധപ്പെട്ടു. എന്റെ അനുഭവങ്ങളെ സൂക്ഷ്മം അപഗ്രഥിച്ചു നോക്കിയപ്പോൾ, എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം, ഗാന്ധിജിയുടെ ജീവിതത്തെ തന്നെ അടിമുടി സ്പർശിച്ചതും അദ്ദേഹം മാതാവു് എന്നു സംബോധന ചെയ്തതും ആയ ഭഗവദ് ഗീത ആണെന്നു സ്പഷ്ടമായി. ആ വന്ദ്യഗുരു ഗീതാസന്ദേശം പ്രവൃത്തിയിൽ കാണിക്കയും, അതിലെ ആദർശത്തിനു വേണ്ടി ജീവിതം ബലി കഴിക്കയും ചെയ്തു. 'അഹിംസ', 'സത്യം' എന്നീ ദിവ്യമന്ത്രങ്ങൾ — ദേശീയ പുനരുദ്ധാരണത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി യുദ്ധം ചെയ്ത പടയാളികളേ ആഹ്വാനം ചെയ്ത സൂക്തങ്ങൾ, ഗീതയിലെ 16-ാം അദ്ധ്യായത്തിൽ നിന്നു സ്വീകരിച്ചിട്ടുള്ളവയാണു്.

" അഹിംസാ സത്യ മക്രോധ-
സ്ത്യാഗഃ ശാന്തിരപൈശുനം
ദയാ, ഭൂതേഷ്വലോലുപ്ത്വം-
മാർദ്ദവം ഹ്രീരചാപലം."

ഗീതയിലെ ഉപദേശങ്ങൾ എന്നും അകലെക്കാണുന്നതും ഒരിക്കലും സാക്ഷാൽകരിക്കാൻ പാടില്ലാത്തതുമായ കേവലാദർശങ്ങൾ മാത്രമല്ല എന്നും, യോഗ്യവും ഉത്തമവുമായ ജീവിതത്തിനു വഴി കാണിക്കുന്ന പ്രായോഗികപ്രമാണങ്ങൾ ആണെന്നും ഗാന്ധിജിയുടെ ജീവിതം തെളിയിച്ചു കാണിച്ചു.

* * *

ഞാൻ ജനിച്ചതും, ചെറുപ്പകാലം മുഴുവൻ കഴിച്ചുകൂട്ടിയതും വടക്കൻ തിരുവിതാംകൂറിലുള്ള പറവൂർ ആണു്. എന്റെ പിതാവു് ഒരു നല്ല സംസ്കൃതപണ്ഡിതനാണു്; എന്നു മാത്രമല്ല ഞങ്ങളുടെ പൂർവ്വന്മാർ അറിയുന്നിടത്തോളം സംസ്കൃതപണ്ഡിതന്മാരും വേദോപദേശങ്ങൾ വ്യാഖ്യാനിക്കുന്നതിൽ നിഷ്ണാതന്മാരും ആയിരുന്നു. മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും കേൾക്കുന്നതിനായി ഒരു ഗ്രാമത്തിലെയോ ചെറിയ പട്ടണത്തിലെയോ ആളുകൾ ഒന്നിച്ചു കൂടുന്ന സമ്പ്രദായം തിരുവിതാംകൂറിൽ മാത്രമല്ല ഇന്ത്യയുടെ പല ഭാഗങ്ങളിലും സാധാരണമായിരുന്നു. ഒരിക്കൽ അയൽവാസികളിൽ പലരും ഗീതാവ്യാഖ്യാനം നൽകണമെന്നു എന്റെ പിതാവിനൊ നിർബ്ബന്ധിച്ചു. ദിവസന്തോറും വൈകുന്നേരം ഞങ്ങളുടെ ഭവനത്തിന്നടുത്തുള്ള പ്രാർത്ഥനാമന്ദിരത്തിൽ എല്ലാവരും കൂടണമെന്നും, ഓരോ ദിവസം ഗീതയിലെ ഓരോ അദ്ധ്യായം വിശദീകരിക്കണമെന്നും തീരുമാനിച്ചു. അങ്ങനെ പതിനെട്ടു ദിവസം കൊണ്ടു ആ പരമ്പര പൂർത്തി

യാക്കി. എട്ടോ ഒൻപതോ വയസ്സു മാത്രമുണ്ടായിരുന്ന ഞാൻ, അച്ഛന്റെ സമീപത്തിരുന്നു് ഈ സംരംഭങ്ങളിൽ ശ്രദ്ധ പ്രദർശിപ്പിച്ചു. എനിക്കു ഗീതയിലെ തത്വജ്ഞാനങ്ങളൊന്നും മനസ്സിലായില്ല; എങ്കിലും അന്നത്തെ ആ ചിത്രം ഇന്നും എന്റെ മനസ്സിൽ സജീവമായി നിലക്കൊള്ളുന്നുണ്ടു്. അലങ്കരണങ്ങളൊന്നുമില്ലാത്ത ഒരു ഹാറം, നൂറു കണക്കിനു സ്ത്രീകളും പുരുഷന്മാരും ഭക്തിപൂർവ്വം, ഉത്സാഹപൂർവ്വം ഓരോ വാക്കും ശ്രദ്ധിച്ചു കേൾക്കുന്നതു്, മന്ദമാരുതന്റെ ഇച്ഛാനുസരണം നൃത്തം വെയ്ക്കുന്ന താളത്തോടുക്കൂടിയ ആ എണ്ണ വിളക്കിന്റെ മുമ്പിൽ തെളിഞ്ഞ മുഖത്തോടുകൂടെ അച്ഛൻ ഓരോ ശ്ലോകവും വായിക്കുന്നതു്, വ്യാഖ്യാനിക്കുന്നതു്—ഇതെല്ലാം ഇന്നും എനിക്കു കാണാൻ കഴിയും. ആ മഹാ സദസ്സിന്മേൽ ഗീതയ്ക്കുണ്ടായിരുന്ന സ്വാധീനശക്തിയെക്കുറിച്ചു് ഏതാണ്ടു് അന്നേ ഞാൻ അറിഞ്ഞിരുന്നു. അതിൽ ഒരു രംഗം ഏററം സ്പഷ്ടമായി, ഏററം ഹൃദയസ്പൃക്കമായി എനിക്കു് അനുഭവപ്പെട്ടു. അച്ഛൻ 11-ാം അദ്ധ്യായം വ്യാഖ്യാനിക്കുകയും, അതിൽ ശ്രീകൃഷ്ണൻ അർജ്ജുനനു ദിവ്യദർശനം നൽകിയ ഭാഗം വിശദീകരിക്കയും ചെയ്യുന്നു. അഖിലലോകനായകൻ, സകല നന്മയുടെയും കേന്ദ്രമായ ആ ദിവ്യൻ,—ആനന്ദവും കരുണയും അളവില്ലാതെ സ്ഫുരിക്കുന്ന മുഖത്തോടും, വിശിഷ്ടാഭരണങ്ങൾ കൊണ്ടു തിളങ്ങി വിളങ്ങുന്ന കളേബരത്തോടും പരിലസിക്കുന്ന ആ രംഗം അച്ഛൻ ത്രസിക്കുന്ന ഹൃദയത്തോടെ വർണ്ണിക്കുന്നു. ഹാ! അപ്പോൾ അവിടെ കൂടിയ ആളുകളുടെ മുഖത്തു തിളങ്ങിക്കണ്ട ഉത്സാഹവും ആനന്ദാതിരേകവും വർണ്ണിക്കാൻ എന്റെ പേന തീർച്ചയായും പോരുന്നതല്ല. നിവർന്നു നില്ക്കുന്ന കതിർക്കുടലിൽ കാററടിക്കുമ്പോൾ എല്ലാം ഒന്നിച്ചു തല ചായ്ക്കുന്നതുപോലെ, ആ വാക്കുകളുടെ ശക്തിയിൽ സഭാവാസികൾ അമർന്നുപോയി. അതിനു ശേഷം ഞാൻ വളരെ വളർന്നു. ഗീത ഞാൻ പല പ്രാവശ്യം വായിക്കുകയും അതിലെ തത്വചിന്തകൾ കുറെയെല്ലാം മനസ്സിലാക്കുകയും ചെയ്തു. അതിൽ ഏററം ഹൃദയസ്പർശകമായ അദ്ധ്യായം 11-ാമത്തേതല്ല എന്നും ഞാൻ സമ്മതിക്കുന്നു. എങ്കിലും അന്നത്തെ ആ രംഗത്തോടുകൂടെയാണു് ഈ വിശിഷ്ടഗ്രന്ഥം എന്നെ കടന്നു പിടിക്കുകയും, അറിഞ്ഞുകൊണ്ടും പലപ്പോഴും അറിയാതെയും എന്നിൽ സ്വാധീനശക്തി ചെലുത്തുകയും ചെയ്തിട്ടുള്ളതു്.

ഗീതയിലെ ആദർശങ്ങൾ ജീവിതത്തിൽ സാക്ഷാൽകരിച്ചു പൂർണ്ണത ലഭിച്ച ഒരു വ്യക്തിയാണു ഞാൻ എന്നു ഒരിക്കലും ഭാവിക്കുന്നില്ല. അതിലേ വിശിഷ്ട തത്വങ്ങൾ പൂർണ്ണമായി ഗ്രഹിച്ചുകളയാമെന്നുപോലും ഞാൻ അഭിമാനിക്കുന്നില്ല. അതേ സമയം തന്നെ 'രഘുവംശം' എഴുതിയ കാളിദാസന്റെ വ്യാജവിനയം എന്നേ വ്യാമോഹിപ്പിക്കുന്നു എന്നും തോന്നുന്നില്ല.

" ക്വ സൂര്യപ്രഭവോ വംശഃ—
ക്വ ചാല്പ വിഷയാമതി:
തിതീർഷുർദ്ദുസ്തരം മോഹാ—
ദുഡുപേനാസ്മി സാഗരം"

കാളിദാസൻ രഘുവംശം എഴുതുന്നതു് ഒരു പൊങ്ങു തടി അവലംബിച്ചു സമുദ്രം കടക്കാൻ ശ്രമിക്കുന്നതു

# മായാത്ത ചിത്രം

കെ. ആർ. രാമകൃഷ്ണൻ.

പുഷ്‌കാല വാസന്ത രശ്മിയിലാ വന-
മപ്സര: കന്യയെ പ്പോലെ,
മാദകമഞ്ജുവികാരലഹരിയിൽ
മൂകസംഗീതങ്ങൾ പാടീ.
ഉൾക്കളിർച്ചാർത്തി ലലിഞ്ഞുചേർന്നുള്ള ത-
ന്നൃത്തവിശേഷങ്ങളാടി,
സൗമനസ്യത്തിൻെറ സൗന്ദര്യധോരണീ-
സൗഭഗ മൊട്ടിട കൂടി,
നിൽക്കയൊണാർജ്ജവ ശുദ്ധിവിലാസങ്ങൾ
മിക്കതു മൊത്തു ചാഞ്ചാടി.......

*   *   *

അക്കൺമുനായിലൊരത്ഭുതവീചിക
തത്തിക്കളിപ്പതു കാൺകെ,
അക്കലൊകാരൻെറ യുൾക്കളം തന്നിലൊ-
രുൽക്കടൊവേശമുണൎന്നു.

*   *   *


വിണ്ണിലെത്താരകൾ സാക്രൂതമന്യോന്യം
കണ്ണിറക്കീടുകയായി ;
ചൂതമാം കാമുകൻ ചേണെഴും മുല്ലയെ-
ച്ചുംബിച്ചു മത്താൻ നിന്നു ;
മായാമനോഹര സ്വപ്നമായ് മാറിയാ
മായാത്ത ചിത്രവും—ഞാനും !

---

പോലെയാണെങ്കിൽ എൻെറ ശ്രമം പുല്ലിൻതുമ്പിൽ കൂടി ചന്ദ്രനിലേക്ക പറക്കുന്നതിനു തുല്യമായിരിക്കും. ഗീത എന്നേ എത്രമാത്രം സ്പർശിച്ചു എന്നും, എന്തെല്ലാം ഞാൻ അതിൽ നിന്നു പാഠിച്ചുവെന്നും, നൈരാശ്യവും സംശയവും വന്നു തിരയടിക്കുമ്പോൾ അതു് ഏതെല്ലാം വിധത്തിൽ ശക്തിയും സമാധാനവും പ്രദാനം ചെയ്തുവെന്നും പറയാനാണ ഞാൻ ശ്രമിക്കുന്നതു്.

(തുടരും)

# കഷായം




"വാശടന്നു തുലികാചിത്രരചനയിൽ സാമൎത്ഥ്യമില്ലേ ? " മത്തായിച്ചേട്ടൻ ചോദിക്കുകയാണ്.

[വായനക്കാരോട് ഒരു സ്വകാൎയ്യവൎത്തമാനം. പപ്പുപിള്ള അവധിയിൽപ്പോയതിനാൽ മേലിൽ അദ്ദേഹത്തിൻെറ ഭാഗം 'ആക്ട്' ചെയ്യുന്നതു മത്തായിച്ചേട്ടനായിരിക്കും.]

ഒരു സാമ്പിറം തുലികാചിത്രം വേണമെന്നാണ ചേട്ടൻെറ ആവശ്യം. ഇതാ തുലികാചിത്രം.

"സുക നല്ലൊരു പട്ടിയാണ്. നല്ലവളെന്നു വെച്ചാലോ ബഹുനല്ലവൾ! നാലു കാലും ഒരു വാലുമുണ്ടവൾക്ക്. വളഞ്ഞു പുളഞ്ഞു തെരികപോലെയുള്ള വാൽ. രണ്ടു കാലും മടക്കി മുൻകാൽ മുന്നോട്ടുനീട്ടി സുക ഇരിക്കുന്നതു കാണാനെന്തൊരു ചന്തമാണെന്നോ ? തറവാട്ടമ്മ തേങ്ങ ചിരവാനിരിക്കുന്ന മട്ടിൽ. ഹ ഹ, എന്തൊരന്തസ്സാണ് !

സുകവിൻെറ ആ ഇരുപ്പു കാണുമ്പോൾ നിങ്ങൾ വിചാരിക്കും– ഓ! ഇതൊരു നാടൻ പട്ടിയാണ്, സാധാരണ പട്ടിയാണ് എന്നു്. അല്ല ; അതല്ല വാസ്തവം. അവൾ രണ്ടു പ്രാവശ്യം അറബിക്കടൽ നീന്തിക്കടന്നു. മറ്റൊരിക്കൽ പ്ലാവിന്മേൽക്കയറി മാങ്ങ പറിച്ചു. (പ്ലാവിന്നടുത്താണ മാവ്.)

അവളുടെ സ്വകാൎയ്യജീവിതത്തിലുമുണ്ട് ചില സൌകുമാൎയ്യം നിറഞ്ഞ വശങ്ങൾ. ടൈഗറുമായി അവൾ പ്രണയത്തിലാണെന്നു കേൾക്കുന്നു. ആരു കണ്ടു എന്തെല്ലാം സ്വൎഗ്ഗീയവികാരങ്ങളാണ് ആ ആത്മാവിൽ അല തല്ലുന്നതെന്നു് ?

സുകവിൻെറ ഭാവിശ്രേയസ്സിന്നു നമുക്കു പ്രാർത്ഥിക്കുക. എന്നുകൊണ്ടും ഭാവിഭാരതത്തിന്നു് അവൾ ഒരു വമ്പിച്ച നേട്ടവും നിധിയുമായിരിക്കും.

*　　　*　　　*

"നേരും നുണയും " വൈക്കം മുഹമ്മദ് ബഷീർ ജയകേരളത്തിൽ എഴുതുന്ന ഒരു പംക്തിയുടെ പേര്.

അല്ല സാറേ, വാഗ്ഭടനൊരു ശങ്ക. ഏതാണ് നേര്? ഏതാണ് നുണ? വായനക്കാരുടെ ചോദ്യമാണോ നേര്? അപ്പോഠം ബഷീറിന്റെ ഉത്തരം നുണയാവും. അല്ല, മറിച്ചോ?

*  *  *

ഇപ്പോഴത്തെ പേരുകഠം കേഠംക്കുമ്പോഠം ഒരു പേടി! ചന്ദ്രനെപ്പോലെ അതിടയ്ക്കു ചുരുങ്ങിച്ചുരുങ്ങി വരും. പിന്നെയങ്ങു വലുതാവും. എ. കെ. ജി., ഇ. എം. എസ്., ബാബു, ഇങ്ങനെ കുറെ കമ്മ്യൂണിസ്റ്റ് പേരുകഠം. ഇപ്പോഴിതാ ജെ. പി, എ. പി., പി. എ. ഇങ്ങനെ കുറെ സോഷ്യലിസ്റ്റ് പേരുകഠം. കോൺഗ്രസ്സ് പേരുകളിൽ അക്ഷരം കുറവാകുകയില്ല, ഒരക്ഷരം കൂട്ടുകയേ ഉള്ളൂ. രാംജി, കോരപ്പജി, ദേശരക്ഷകവീരധീരശിരോമണി കോന്തക്കുറുപ്പ്ജി ഇങ്ങനെ പോകുന്നു ദേശീയപ്പേരുകഠം. വാഗ്ഭടൻ ഇടയ്ക്കാലോചിക്കും 'വി. ബി' എന്നു മാത്രം പറഞ്ഞാലെന്താണ് എന്ന്? ഷേക്സ്പീയർ ചോദിച്ച മാതിരി ഒരു പേരിലെന്താണ് ഉള്ളത്?

ഇതിലും ഭയങ്കരമാണേ നാടിന്റെ പേര് തന്നേ ധരിക്കുന്നത്. അന്നാട്ടുകാരെയൊക്കെ അടക്കി ചൂഷണം ചെയ്യുന്ന വിദ്യ. നെല്ലൂർ, തലശ്ശേരി, തിരുവനന്തപുരം, എറണാകുളം, ആലുവാ,— എന്നീ സ്ഥലങ്ങളിലുള്ള ആയിരമായിരം ജനങ്ങളെ മറന്ന് അവരുടെ നാടിനെ ഒരു വിദ്വാൻ തന്റെ പേരിനോടങ്ങു ഘടിപ്പിക്കുക. ഇതൊരു ധിക്കാരമല്ലേ? ഇത്ര മാത്രം പ്രസിദ്ധിയും പ്രമാണിത്തവും അവകാശപ്പെടുവാൻ പുള്ളിക്കാരനെന്തൊരു സേവനം ചെയ്തു? അയലത്തെ മാതുവിന്ന് ഒരു പ്രേമലേഖനമെഴുതി കവിതയിൽ; അല്ലെങ്കിൽ വായനശാല യോഗത്തിൽ ഒരുപന്യാസം എഴുതി വായിച്ചു. അത്ര മാത്രം! നാട്ടുകാർ പ്രതിഷേധിക്കണം. നാളെ ഒരാഠം നാലു കവിതയെഴുതി എന്നു വെച്ചിട്ട് ഏഷ്യാവൻകര ശങ്കരപ്പിള്ള എന്നു പേർ സ്വീകരിച്ചാലോ? പാവപ്പെട്ട ചൈനക്കാരുടെയും, മലയക്കാരുടേയും, ബർമ്മക്കാരുടെയും, ആസ്സാംകാരുടെയും മററും നിലയെന്താവും? അവക്ക് മലയാളമറിയില്ലെന്നു വെച്ചിട്ട് ഭ്രാന്തു കാണിച്ചാലോ? മലയേഷ്യ, രാമകൃഷ്ണപ്പിള്ള നമുക്കിപ്പോഠംതന്നെയുണ്ട്. പണ്ടു പണ്ടേ ചങ്ങരംകോത കൃഷ്ണൻകർത്താവും!

*  *  *

"സാറേ"

"എന്താ ചേട്ടാ?"

"ഒരു കാര്യം പറവാനുണ്ട്."

"പറഞ്ഞോളൂ"

"സാറ് ഒരു 'ഫേവർ' ചെയ്യണം"

"എന്താണത്?"

"എനിക്കുവേണ്ടിയല്ല; എന്റെ ഒരു സ്വന്തക്കാരനുവേണ്ടി"

"എന്താണ് ചെയ്യേണ്ട ഫേവർ"

"പറവാൻ നാണമാവുന്നു"

"എന്നാലും കേഠംക്കട്ടെ"

"ഒരു തൂ–ലി–കാ–ചി– -"

"– ത്രം എഴുതണം അല്ലേ?"

"ആ – ആ – അതു തന്നെ"

"സാമ്പിഠം തൂലികാചിത്രമൊന്നു എഴുതിയിട്ടില്ലേ? അതിൽ സുകുവെന്ന പേർ മാററി താങ്കളുടെ സുഹൃത്തിന്റെ പേരിടുക. നാലു കാൽ രണ്ടു കാലാക്കിക്കുറയ്ക്കുക. പിന്നെ

യെല്ലാം ശരിപ്പെട്ടും. വേണമെങ്കിൽ അറബിക്കടൽ നീന്തിയതു് ആനമല കയറി എന്നു മാററാം. പിന്നെ എല്ലാം ശരിപ്പെട്ടും. സാമ്പിറം തൂലികാചിത്രത്തിൽ നിന്നു സാക്ഷാൽ തൂലികാചിത്രത്തിലേയ്ക്കുള്ള പുരോയാനം!"

"സാററ് എഴുതിയതു പട്ടിയുടെ തൂലികാചിത്രമല്ലേ?"

"പട്ടിയെ മനുഷ്യനാക്കണം, അതാണു തൂലികാചിത്രത്തിൻെറ ലക്ഷ്യം. അതല്ലേ പറഞ്ഞതു് കാലു രണ്ടാക്കിക്കുറച്ചുകൊള്ളാൻ."

"പക്ഷേ- പക്ഷേ- ഹി- നി-"

"നമുക്കു സംഭാഷണവിഷയം മാററുക."

* * *

"മത്തായ്ച്ചേട്ടൻ ടൌണിൽ പോകുന്നുണ്ടോ? ഉണ്ടെങ്കിൽ കുറച്ചു നീലമഷി- അല്ല വെയിലററ്മഷി- വാങ്ങിക്കണേ"

"എന്തിനാണ്?"

"ഒരു സാഹിത്യകാരനാകാൻ തന്നെ. വയിലററു മഷിയിലെഴുതിയാലേ സാഹിത്യകാരനാകൂ. അതാണിന്നത്തെ ഫാഷൻ."

# മേമ്പൊടി

കൊച്ചുവൈദ്യൻ.

കുഞ്ചുപിള്ള :- ആചാര്യരേ! വിധി എന്നു് ഒന്നുണ്ടോ? ഉണ്ടെങ്കിൽ നാം കിടന്നുപിടയ്ക്കുന്നതെന്തിനു്?

കൊച്ചുവൈദ്യൻ :- എന്താ പിള്ളേ ഇപ്പോഠം തത്വചിന്തയിലേക്കു പ്രവേശിച്ചുവോ? എന്താണു് ഇത്തരം ചോദ്യങ്ങഠം ചോദിക്കാനുള്ള ബന്ധം.

കുഞ്ചു : ലോകത്തിൻെറ ഏതു കോണിലെങ്കിലും ചെന്നു് അവിടെയുള്ള ഭാര്യാഭർത്താക്കന്മാരെ ഒന്നു നോക്കി പഠിക്കുക. 'ഹാ! അവർ തമ്മിൽ നല്ലവണ്ണം ചേരും' എന്നു പറയത്തക്കവണ്ണം ആയിരത്തിൽ ഒന്നെങ്കിലും എടുക്കാനുണ്ടോ? സുമുഖസുന്ദരനായ ഒരു യുവാവിനു കിട്ടിയതു കറുത്തു തടിച്ച ഒരു വീപ്പക്കുററിയും പതിനായിരം രൂപയും ആയിരിക്കും. പനങ്കല പോലെ തിമിത്തു വളരുന്ന സുകേശിനിയുടെ ഭർത്താവ് ഒന്നാം തരം കഷണ്ടി. കലാശാലാബിരുദങ്ങഠം ധാരാളം നേടിയിട്ടുള്ള ഒരു മാന്യൻെറ ഭാര്യ ഏതോ കുഗ്രാമത്തിൽ നിന്നും വന്നു കേറിയ ഒരു നിരക്ഷരകുക്ഷി. യുവസഹജമായ ആരോഗ്യവും ഉത്സാഹവും ഓളം വെട്ടുന്ന ഒരു തരുണീമണിയുടെ വരൻ കുരച്ചു കുരച്ചു കിടക്കുന്ന ഒരു ക്ഷയരോഗി- ഇങ്ങനെയല്ലാതെ എവിടെയെങ്കിലും കാണാനുണ്ടോ. മുപ്പതാം വയസ്സിൽ വിവാഹം കഴിഞ്ഞ ആ പുരുഷനു്, പതിനെട്ടായപ്പോഠം മുതൽ വീട്ടുകാരും നാട്ടുകാരും ഒക്കെക്കൂടെ ആലോചിച്ചിട്ടാണു് തെക്കും കിഴക്കും ഒരേ സമയത്തു നോക്കുന്ന ഒരു സത്വത്തെ ലഭിക്കുന്നതു്. ഇതൊക്കെ ആലോചിക്കുമ്പോഠം 'കടലൊക്കെ വല

# കർഷകന്റെ കൈകൾ

കെ പി. ബി. പാട്യം.

I

പകലിൻ ശകലങ്ങൾ മിന്നലായിടയ്ക്കിടെ
സ്വകരങ്ങളാലിരുൾച്ചങ്ങല പൊട്ടിക്കുന്നു.
ഭീകരസ്തനിതത്തിൻ മാറ്റൊലി മുഴങ്ങുന്നു
ലോകത്തെ വിഴുങ്ങുമാറമ്പി തന്നലച്ചാർത്തിൽ
എന്തിനിശ്ശരവർഷം, വറുതിത്തിയിൽ നിത്യം
വെന്തു വെന്തൊടുങ്ങുന്ന പാവങ്ങൾതൻ ചാമ്പലിൽ ?
നീതിയും നിയമവും സ്വർഗ്ഗസാമ്രാജ്യത്തിന്റെ
നീലമാം കവാടവും സ്വാർത്ഥബദ്ധമാണെന്നോ !

II

ഇക്കൊടുങ്കാറ്റിൽത്തന്റെ കൊച്ചു പുൽക്കുടിൽ താങ്ങി
നിൽക്കുമക്കൃഷകന്റെ കയ്യുറപ്പറിയാമോ ?
വിണ്ണിനെ മുത്തും മണിമേടയിൽനിന്നും താഴെ
മണ്ണിൽ വീണടിവോരെ ക്കാണാത്ത മനുഷ്യരേ !
നാളെയും സമുദായജീവിതം പുലർത്തുവാൻ
നീളുമക്കരങ്ങളേ നിങ്ങൾക്കു മമ്യൂളുട്ടു.
കരയൂ, പശ്ചാത്താപബാഷ്പത്താൽ ലോകത്തിന്റെ
വിരിമാർത്തിൽ സ്നേഹപീയൂഷം വർഷിക്കുവാൻ !

—o—

വെച്ചാലും കല്ലിച്ചതേ അടങ്ങൂ" എന്ന ചൊല്ലാണു ഞാൻ ഓർക്കുന്നതു്. വിധിയുടെ കൈയ്യിൽ നാമൊക്കെ വെറും പാവകൾ. പിന്നെന്തിനു വെറുതേ കിടന്നു പാടു പെടുന്നു! തല പുകഞ്ഞു ചിന്തിക്കുന്നു!

കൊ : ഇപ്രകാരമുള്ള വൈചിത്ര്യങ്ങളാണു ലോകജീവിതം രസകരമാക്കുന്നതു്. വിധിമതം അറിയാതെ ആളുകൾ ഇളകി മറിഞ്ഞുകൊണ്ടിരിക്കുന്നതു കൊണ്ടു മാത്രമാണു് ജീവിതം ചലനപൂർണ്ണമായിരിക്കുന്നതു്. കഷണ്ടിത്തലയുടെ അവകാശിനി, ക്ഷയരോഗിയുടെ ഭാര്യയുടെ സ്ഥിതി കണ്ടു് ആശ്വസിച്ചു കൊള്ളുമെന്നുള്ളതാണു പരമാർത്ഥം.

—o—

# വായനക്കാർ ലോകവാണിയിൽ

[ വായനക്കാർക്ക് ഇഷ്ടമുള്ള വിഷയങ്ങളെക്കുറിച്ച് വിമർശിക്കുന്നതിനുള്ള ഒരു പംക്തിയാണ് ഇതു്. ചുരുങ്ങിയ കത്തുകൾ ക്ഷണിച്ചുകൊള്ളുന്നു.]

അനുദിനമെന്നപോലെ ഭാഷാസാഹിത്യക്ഷേത്രത്തിൽ മുളച്ചു വളർന്നുകൊണ്ടിരിക്കുന്ന മാസികകളുടെയും വാരികകളുടെയും സംഖ്യ നോക്കിയാൽ അഭൂതപൂർവ്വമായ എന്തോ ഒരുണർച്ച സാഹിത്യലോകത്തിലുണ്ടായിട്ടുണ്ടെന്നു നിസ്സംശയം അനുമാനിക്കാം. പുതുമഴയ്ക്കു പാററകളെപ്പോലെയാണിവയുടെ ആവിർഭാവമെന്നു പറഞ്ഞുപഹസിക്കുകയെക്കാൾ, നിഷ്പ്രയോജനമായി ഈ പ്രപഞ്ചത്തിൽ യാതൊന്നും ഉണ്ടാവുന്നില്ലെന്നുള്ള തത്വമനുസരിച്ച് എവിടെയെങ്കിലും ഏതെങ്കിലും വിധത്തിൽ ഇവയിൽ ഓരോന്നുകൊണ്ടും ചില പ്രയോജനങ്ങൾ ഉണ്ടാവാതിരിക്കയില്ലെന്നുള്ള ശുഭപ്രതീക്ഷ കൈക്കൊള്ളുകയാണു നല്ലതു്. ഇയ്യിടെ ആവിർഭവിച്ചിട്ടുള്ള പത്രങ്ങളുടെ കൂട്ടത്തിൽ എല്ലാംകൊണ്ടും ആകർഷകമായ ഒന്നാണ് 'ലോകവാണി'യെന്ന് ഇക്കഴിഞ്ഞ ലക്കങ്ങളുടെ ഉള്ളടക്കവും ബാഹ്യരൂപവും പരിശോധിക്കുന്നവർക്കു ബോദ്ധ്യമാവും. ഒന്നാം ലക്കത്തിലെ, വെണ്ണിക്കുളത്തിന്റെ "വിശാലദർശന"വും രണ്ടാം ലക്കത്തിലെ ജി. ശങ്കരക്കുറുപ്പിന്റെ 'മംഗളനാള"വും അത്യന്തം ഹൃദ്യങ്ങളായ പദ്യങ്ങളാണ്. ശ്രീ. കുട്ടികൃഷ്ണമാരാർ, ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ, ഡാക്ടർ പി. സി. അലക്സാണ്ടർ മുതലായവരുടെ സരസങ്ങളും സമുജ്ജ്വലങ്ങളുമായ വാങ്മയങ്ങൾ ലോകവാണിയുടെ വിഭവങ്ങളിൽ മേത്തരങ്ങൾ തന്നെ. കാരൂർകഥകളുടെ ഹൃദയഹാരിതയെക്കുറിച്ചു രണ്ടഭിപ്രായം ഉണ്ടാവാൻ തരമില്ല. വാഗ്ഭടന്റെ കഷായം കാലസ്ഥിതിക്ക് അത്യാവശ്യമാണ്. ഉല്പതിഷ്ണുക്കളായ പുരോഗമനക്കാരെ ഭയന്ന് യാഥാസ്ഥിതികത്വത്തിന്റെ കശപ്പ് ആ കഷായത്തിൽ കുറച്ചതായിരിക്കണം. ഹൃദ്യമാണെങ്കിലും രോഗിക്കു പഥ്യമാവണമെങ്കിൽ മരുന്നു മധുരമുള്ളതാവണമല്ലോ. ജീവചരിത്രങ്ങൾ രണ്ടും—ബർണാർഡ് ഷായുടെയും ഷെല്ലിയുടെയും— എനിക്കു ബഹുരസകരങ്ങളായിത്തോന്നി. പാശ്ചാത്യദേശങ്ങളിലെ കവികളുടെയും ചിന്തകന്മാരുടെയും ജീവിതത്തിലെ വിവിധരംഗങ്ങൾ വിജ്ഞാനത്തിനു മാത്രമല്ല താരതമ്യപഠനത്തിനുകൂടി ഉപകരിക്കുന്നു. ഭാഷാരീതി അകൃത്രിമവും ലളിതവുമായിരിക്കുന്നുവെന്നതും പ്രസ്താവ്യമാണ്. ഇങ്ങനെ വായനക്കാർക്കു വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്നതിൽ അദ്വിതീയമായ ഈ പ്രതിപക്ഷപത്രിക സുപ്ര

സിദ്ധ സാഹിത്യകാരന്മാരുടെ പരിലാളനമേററ് വളൎന്നുവന്നു് സാഹിതിക്കു് അമൂല്യങ്ങളായ പല നേട്ടങ്ങളും കൈവരുത്തുമെന്നാശിക്കാൻ ധാരാളം വഴി കാണുന്നു.

പി. എൻ. മൂസ്സതു് ബി.എ. എൽ.ടി.

★

## ജീവചരിത്രസരണി

ലോകവാണിയുടെ ആദ്യത്തെ അഞ്ചു ലക്കങ്ങളും ക്രമേണ വളൎന്നുവന്ന ആനന്ദത്തോടുകൂടിയാണു ഞാൻ വായിച്ചതു്. ഉള്ളടക്കത്തിന്റെ വൈവിധ്യവും നൂതനത്വവും മുഖപ്രസംഗങ്ങളിൽ തെളിഞ്ഞു കാണുന്ന യുക്തിയുക്തമായ ചിന്തയും സംസ്കാരവും എന്നെ അത്യധികം ആകൎഷിച്ചു.

'ജീവചരിത്രസരണി' എന്ന പംക്തി ആരംഭിച്ചതു് ഉചിതമായിട്ടുണ്ടു്. ജീവചരിത്രത്തിൽ ഭാഷാസാഹിത്യം വളരെ പിന്നിലാണല്ലോ. ഷെല്ലിയുടെ ജീവചരിത്രം ഒരു ചെറുകഥയെന്നപോലെ അത്യന്തം രസപ്രദമായിരുന്നു. ആദ്യന്തം പ്രതിപാദനത്തിൽ ഒരു നാടകീയത അനുഭവപ്പെടുന്നുണ്ടു്. "സാധു കൊച്ചുകുഞ്ഞി"ന്റെ കൎത്താവിൽ നിന്നും ജീവചരിത്രപ്രസ്ഥാനത്തെ സംബന്ധിച്ചു് കൈരളി വളരെയധികം പ്രതീക്ഷിക്കുന്നുണ്ടു്.

എരുമപ്പെട്ടി. ആർ. രാമചന്ദ്രൻ.

★

## ഇതുവരെ എങ്ങിനെ ?

ലോകവാണിയുടെ ഇതേവരെയുള്ള ലക്കങ്ങൾ ശ്രദ്ധയോടെ വായിച്ചു പഠിച്ചു—വാസ്തവമല്ലേ പറയേണ്ടൂ; 'ജീവചരിത്രസരണിയും,' 'കഷായവും' എന്നേ നന്നേ രസിപ്പിച്ചു. ലോകവാണിയിൽ പ്രസിദ്ധപ്പെടുത്തുന്ന ചെറുകഥകളൊക്കെ വളരെ നന്നാവുന്നുണ്ടു്. കഴിഞ്ഞ ലക്കത്തിലേ ശ്രീ. എം. ഗോവിന്ദന്റെ 'തലമുറകൾ' എനിക്കേററവും ഹൃദ്യമായിത്തോന്നി. മലയാളസാഹിത്യത്തിലേ ഉത്തമ ചെറുകഥകളിലൊന്നാണതു്. 'അതിഥിസൽക്കാരം' ബഹുരസമായിട്ടുണ്ടു്. ആകെപ്പാടെ ലോകവാണിയിൽ ചിരിക്കുവാനും, ചിന്തിക്കുവാനുമുള്ള വക ധാരാളമുണ്ടു്.

പത്തായക്കുന്നു്.

കെ. പി. ബി. പാട്യം.

---

Printed by V. Balasubramanian at the Jaya Kerala Press,
1/16 Royapettah High Road, Madras.
Edited and published by K. M. GEORGE M. A.,
1/16 Royapettah High Road, Madras.

# റേഡിയോ നാടകങ്ങൾ

(കെ. എം. ജോർജ്ജ്)

മദിരാശി കേന്ദ്രത്തിൽ നിന്നും പ്രക്ഷേപണം ചെയ്ത അഞ്ചു നാടകങ്ങൾ.

കവിയുടെ കാമുകി

മരുമകാ

സംഗീതരാഗം

ശ്രീമതി ഇത്തിക്കണ്ണി

മാത്തുവിൻെറ മാററം

കൂടാതെ റേഡിയോ നാടകരചനയിലും, പ്രകടനത്തിലും ആദരിക്കേണ്ട സാങ്കേതിക നിയമങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്ന ഒരു ലേഖനവും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു.

വില ഒരു രൂപാ.

താഴെ ചേർക്കുന്ന വിലാസത്തിൽ ഉടനെ എഴുതുക:

The Geo Book Depot,
Kottayam,
TRAVANCORE.

Regd. No. M. 5100.

*Approach*

# The Navajeevan Type Foundry

★

for quality types in English, Tamil,

Telugu and Malayalam.

New type-casting machines also for sale.

★

For further particulars

*Contact*:

The Proprietor,

**The Navajeevan Type Foundry,**

73, Sala Vinayagar Koil Street,

MADRAS 1.

Cover printed at Lodhra Press, Madras.